
ഭാരത

# മലയാളപാഠാവലി

## നാലാം പാഠപുസ്തകം.



(കൊച്ചിൻസർക്കാർ പാഠപുസ്തകക്കമ്മററിക്കാരാൽ
അംഗീകരിക്കപ്പെട്ടതു്.)

K Sebastian

C. L. ANTONY, B. A. (HONS.)

Prep: B.

BHARATHA

# MALAYALAM READERS.

ഭാരത

# മലയാള പാഠാവലി

## FOURTH BOOK.

നാലാം പാഠപുസ്തകം.

*By*

**C. L. ANTONY, B. A. (Hons.)**

*Malayalam Lecturer, St. Thomas' College, Trichur.*

Printed & Published by

**Bharatha Vilasam Press & Book-Depot,**

TRICHUR, (Cochin State.)

1943.

(Copy-Right Reserved.)

# വിഷയാനുക്രമണിക.


| | | |
|---|---|---|
| 1. | വരരുചി. | 1 |
| 2. | ഒട്ടകപ്പക്ഷി. | 5 |
| 3. | അസൂയയ്ക്കുള്ള സമ്മാനം. | 8 |
| 4. | മത്ത്യജന്മം. | 12 |
| 5. | നൂൽച്ചെടികൾ. | 13 |
| 6. | ദുർഗ്ഗാവതി. | 15 |
| 7. | പാൽ. | 19 |
| 8. | പണ്ടത്തെ കഥ. | 21 |
| 9. | ആരോമൽച്ചേകവർ. | 22 |
| 10. | വസ്ത്രധാരണം. | 25 |
| 11. | ഹിരണ്യാസുരൻ. | 28 |
| 12. | നീതിവാക്യങ്ങൾ. | 32 |
| 13. | പാമ്പുകൾ. | 33 |
| 14. | മഹമ്മദു നബി. | 36 |
| 15. | കൽക്കരി. | 39 |
| 16. | വത്സവധം. | 42 |
| 17. | തേയില. | 43 |
| 18. | ക്ഷമാശീലനായ ജോബ്. | 45 |
| 19. | ജലം | 50 |
| 20. | കണ്ണന്റെ വായിൽ. | 54 |
| 21. | നളനും ദമയന്തിയും. | 56 |
| 22. | കച്ചവടം. | 62 |
| 23. | ബാലിയുടെ പരിഭവം. | 64 |
| 24. | പക്ഷികൾ. | 65 |
| 25. | കുഞ്ചൻനമ്പ്യാർ. | 69 |
| 26. | സീതാദുഃഖം. | 73 |
| 27. | രഞ്ജിതസിംഹൻ. | 74 |
| 28. | ഭീമന്റെ പൗരുഷം. | 76 |
| 29. | പരോപകാരം. | 77 |
| 30. | ഗ്രന്ഥാലയങ്ങൾ. | 80 |

Class Book Pamp B.

ഭാരത

# മലയാള പാഠാവലി

## നാലാം പാഠപുസ്തകം.

### ൧. വരരുചി.

മഹാപണ്ഡിതനും അതിവിഖ്യാതനുമായിരുന്ന വിക്രമാദിത്യമഹാരാജാവിന്റെ ഒരു പ്രധാന സേവകനായിരുന്നു വരരുചി. ആ മഹാരാജാവു കവികളേയും വിദ്വാന്മാരേയും പ്രോത്സാഹിപ്പിക്കുന്നതിൽ അദ്വിതീയനായിരുന്നു. നല്ലനല്ല സമ്മാനങ്ങൾ നല്കി അദ്ദേഹം അവരെ പ്രീതിപ്പെടുത്തുക സാധാരണമാണ്. അവരിൽ ഒരാളായിരുന്നു വരരുചി. പുരാണവിഷയത്തിൽ അദ്ദേഹത്തെ ജയിക്കുവാനുള്ള പാണ്ഡിത്യം സദസ്സിലെ മററംഗങ്ങൾക്ക് ഉണ്ടായിരുന്നില്ല. അദ്ദേഹം മഹാരാജാവിന്റെ സംശയങ്ങളെല്ലാം പ്രയാസംകൂടാതെ തീർത്തിരുന്നു.

അങ്ങനെയിരിക്കെ ഒരുദിവസം മഹാരാജാവു രാമായണത്തിലെ പ്രധാനശ്ലോകം ഏതെന്നും അതിലെ പ്രധാനവാക്യം എന്തെന്നും വരരുചിയോടു ചോദിച്ചു. എല്ലാ ശ്ലോകങ്ങളും ഹൃദിസ്ഥമാക്കിയിരുന്ന ആ മഹാവിദ്വാന് ഈ ചോദ്യത്തിന് ഉത്തരം നല്കുവാൻ പെട്ടെന്നു കഴിഞ്ഞില്ല. ഒരു ശ്ലോകമെടുത്ത് ആലോചിക്കുമ്പോൾ തുല്യപ്രധാനമായ മറെറാരുശ്ലോകം ഓർമ്മവരും. ഇങ്ങനെ വിഷമിക്കുന്നതുകണ്ടു മഹാരാജാവു ചോദ്യത്തിനു സമാധാനം പറയാതെ തന്റെ മുമ്പിൽ വരരു

തെന്നും നാല്പത്തൊന്നു ദിവസത്തെ ഇട തരാമെന്നും അരുളിച്ചെയ്തു.

ദുസ്സഹമായ സന്താപത്തോടുകൂടി വരരുചി വീട്ടുവിട്ടിറങ്ങി നാടായ നാടൊക്കെ അലഞ്ഞുതിരിഞ്ഞു പല പണ്ഡിതന്മാരേയുംകണ്ടു ചോദിച്ചുവെങ്കിലും തൃപ്തികരമായ സമാധാനം ലഭിച്ചില്ല. മുപ്പത്തൊമ്പതു ദിവസവും അങ്ങനെ കഴിഞ്ഞുപോയി. നാല്പതാംദിവസം വെളുപ്പുമുതൽ കറുപ്പുവരെ നടന്നിട്ടും ഒരു പിടിയും കിട്ടിയില്ല. നടന്നു ക്ഷീണിച്ച് അദ്ദേഹം ഒരു വൃക്ഷത്തിന്റെ ചുവട്ടിൽച്ചെന്നു വനദേവതകളുടെ സഹായം അപേക്ഷിച്ചു കിടന്നു. ക്ഷീണംകൊണ്ടു വേഗം ഉറങ്ങിപ്പോയി. കുറെ വനദേവതകൾ വൃക്ഷത്തിന്റെ മുകളിലിരുന്ന് അദ്ദേഹത്തെ സംരക്ഷിച്ചു.

അതിനടുത്തു് ഒരു പ്രസവമുണ്ടെന്നറിഞ്ഞു വേറെ ചില വനദേവതകളും ആ വഴിക്കു വന്നു കൂടെപ്പോരുന്നതിനു വൃക്ഷത്തിന്റെ മുകളിലിരിക്കുന്ന ദേവതകളോടു ആവശ്യപ്പെട്ടു. എന്നാൽ അവക്കു വരരുചിയെ രക്ഷിക്കേണ്ട ചുമതലയുണ്ടായിരുന്നതുകൊണ്ടു് അങ്ങനെ ചെയ്തില്ല. മടങ്ങിവരുമ്പോൾ ആ വഴിക്കു വരണമെന്നും പറഞ്ഞു് അവർ മററുള്ളവരെ യാത്രയാക്കി.

ഇതൊന്നും വരരുചി അറിഞ്ഞില്ല. വനദേവതകൾ പ്രസവംകഴിഞ്ഞു മടങ്ങിവന്നപ്പോൾ അദ്ദേഹം ഉണർന്നിരുന്നുവെങ്കിലും ക്ഷീണംകൊണ്ടു് എഴുനേററിട്ടുണ്ടായിരുന്നില്ല. വൃക്ഷത്തിന്റെ മുകളിലിരിക്കുന്ന വനദേവതകൾ സ്നേഹിതരോടു പ്രസവം എവിടെയായിരുന്നുവെന്നും കുട്ടിയെന്താണെന്നും ചോദിച്ചു. ഒരു പറയക്കുടിലിലായിരുന്നു പ്രസവമെന്നും കുട്ടി പെണ്ണാണെ

ന്നമാണു് അവർ മറുവടി പറഞ്ഞതു്. ആരാണു് ആ പെൺകുട്ടിയെ വിവാഹം ചെയ്യുക എന്നു മരത്തിന്മേലിരിക്കുന്ന ദേവതകൾ വീണ്ടും ചോദിച്ചു. "അതിനെന്താണു സംശയം; ഇവിടെക്കിടന്നുറങ്ങുന്ന 'മാം വിദ്ധി' അറിയാത്ത വരരുചിതന്നെയായിരിക്കും അവളുടെ ഭർത്താവു്" എന്നു കൂട്ടുകാരും മറുവടി പറഞ്ഞു.



ഈ സംഭാഷണംകേട്ടു കിടന്നിരുന്ന വരരുചിക്കു സന്തോഷവും സന്താപവും ഒരുമിച്ചുണ്ടായി. 'മാം വിദ്ധി' എന്ന വാക്യമടങ്ങിയ ശ്ലോകമാണു രാമായണത്തിലെ ശ്ലോകങ്ങളിൽ അതിപ്രധാനമെന്നു് അദ്ദേഹത്തിനു് ഉടനെ ഓർമ്മവന്നു. അതുകൊണ്ടു് ആ മഹാപണ്ഡിതനു് അതിരററ സന്തോഷമുണ്ടായി. എന്നാൽ ഒരു പറയസ്ത്രീയെ വിവാഹം ചെയ്യേണ്ടതായി വരുമല്ലോ എന്നോർത്തു് അദ്ദേഹം ദുഃഖിക്കുകയും ചെയ്തു. ആ മഹാൻ അവിടെനിന്നു് എഴുന്നേററു രാജസദസ്സിൽച്ചെന്നു മഹാ

രാജാവിന്റെ ചോദ്യത്തിനു സമാധാനം നൽകി അദ്ദേഹത്തെ തൃപ്തിപ്പെടുത്തി.

പറയപ്പെൺകുട്ടിയെ എങ്ങനേയെങ്കിലും നശിപ്പിച്ചുകളയണമെന്ന് അദ്ദേഹം തീർച്ചയാക്കി. ഒരുദിവസം വരരുചി മഹാരാജാവിനെ സന്ദർശിച്ച് ഒരു ചണ്ഡാളബാലിക ജാതയായിട്ടുണ്ടെന്നും അവൾ വളൎന്നുവന്നാൽ രാജ്യത്തിന് അധഃപതനം സംഭവിക്കുമെന്നും അറിയിച്ചു. രാജാവ് ഉടനെ ഭൃത്യന്മാരോട് ആ കുട്ടിയെ പുഴയിൽ ഒഴുക്കിവിടുവാൻ കല്പിച്ചു. ഭൃത്യന്മാർ രാജകല്പനയനുസരിച്ചു പെൺകുട്ടിയെ ഒരു വാഴച്ചങ്ങാടത്തിന്മേൽ വച്ചു തലയിൽ ഒരു പന്തവും കൊളുത്തി നദിയിൽ ഒഴുക്കി. കുട്ടിക്കു ജീവനാശം വന്നുകഴിഞ്ഞുവെന്നു മനസ്സിലാക്കിയ വരരുചിക്കു സമാധാനവുമായി.


പക്ഷേ 'വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ?' പറയക്കിടാവു കിടന്നിരുന്ന ചങ്ങാടം ഒഴുകിയൊഴുകി ഒരു ബ്രാഹ്മണന്റെ കുളിക്കടവിൽ ചെന്നടുത്തു. ബ്രാഹ്മണന്റെ ഭാര്യ കുളിക്കുവാൻ കടവിൽ വന്നപ്പോൾ കുട്ടിയെക്കാണുകയും എടുത്തുകൊണ്ടുപോയി വളൎത്തുകയും ചെയ്തു. ക്രമേണ കുട്ടി വളൎന്നു യുവതിയായി. ഒരിക്കൽ വരരുചി തന്റെ ദേശസഞ്ചാരത്തിനിടയിൽ ആ ബ്രാഹ്മണഗൃഹം സന്ദർശിച്ചു. വിദുഷിയായ കന്യകയുടെ ബുദ്ധിസാമർത്ഥ്യം മനസ്സിലാക്കി ഗൃഹസ്ഥന്റെ അനുമതിയോടുകൂടി ആ മഹാവിദ്വാൻ അവളെ പാണിഗ്രഹണം ചെയ്തു. വരരുചിക്ക് അവളിൽനിന്നു ജനിച്ച സന്താനങ്ങളെയാണ 'പറച്ചിപെററ പന്തിരുകുലം' എന്നു പറയുന്നത്.

## ൪. ഒട്ടകപ്പക്ഷി.

ഏഷ്യയുടെ പശ്ചിമഭാഗത്തും ആഫ്രിക്കയിലുമുള്ള മരുപ്രദേശങ്ങളിൽ കണ്ടുവരുന്ന ഒരു ജീവിയാണു് ഒട്ടകപ്പക്ഷി. ഒട്ടകത്തെപ്പോലെതന്നെ വളരെ ദിവസത്തേക്കു ജലപാനം ചെയ്യാതെ ജീവിക്കുവാൻ ഇതിനും സാധിക്കും. ഒട്ടകത്തിന്റേയും ഈ പക്ഷിയുടേയും ആകൃതിക്കു സാമ്യമുള്ളതുകൊണ്ടാണു് ഇതിനെ ഒട്ടകപ്പക്ഷിയെന്നു പറഞ്ഞുവരുന്നതു്. കുക്കുടവൎഗ്ഗത്തിൽപ്പെട്ട ഇതിനു തീവിഴുങ്ങിപ്പക്ഷിയെന്നും പേരുണ്ടു്. ചിലപ്പോൾ ഇതു് അഗ്നി വിഴുങ്ങാറുള്ളതുകൊണ്ടാണത്രെ ഇതിനു് ഈ പേർ സിദ്ധിച്ചതു്.

എല്ലാ പക്ഷികളേക്കാളും ഇതിനു വലിപ്പം കൂടും. പ്രായംതികഞ്ഞ ഒരു ഒട്ടകപ്പക്ഷിക്കു് ആറടിയിലധികം ഉയരം ഉണ്ടായിരിക്കും. ഇതിന്റെ കാലിലും കഴുത്തിലും തൂവൽ ഉണ്ടായിരിക്കുകയില്ല. ശരീരത്തിലെ ഇതരഭാഗങ്ങളെല്ലാം തൂവൽകൊണ്ടു് ആവൃതമായിരിക്കും. ചെറിയ തലയാണു് ഒട്ടകപ്പക്ഷിയ്ക്കുള്ളതു്. ആൺപക്ഷിയുടെ തൂവൽ കറുത്തനിറമായും പെൺപക്ഷിയുടേതു തവിട്ടുനിറമായുമാണു് സാധാരണമായി കണ്ടുവരാറുള്ളതു്. ഈ പക്ഷിയുടെ നീണ്ടു പരുപരുത്ത കാലിൽ ഈരണ്ടു വിരലുകളേ ഉണ്ടായിരിക്കുകയുള്ളു. അവയിൽ വലിയ വിരൽ നിലത്തു് ഊന്നിക്കൊണ്ടു് ഈ പക്ഷി അതിവേഗത്തിൽ മണലാരണ്യത്തിൽക്കൂടി സഞ്ചരിക്കുന്നു. പക്ഷങ്ങൾക്കു നീളം അധികം ഇല്ലാത്തതിനാൽ ഗരുഡൻ, കാകൻ മുതലായ പക്ഷികളെപ്പോലെ ഇവയ്ക്കു് ആകാശത്തിൽ പറക്കുവാൻ കഴിയുന്നില്ല. എന്നാൽ ചിറകു

കൾ വിടൎത്തിപ്പിടിച്ചുകൊണ്ടു് ഓടുമ്പോൾ ഇവയ്ക്കു കുതിരയേക്കാൾ കൂടുതൽ വേഗം ഉണ്ടായിരിക്കും. കാൽവിരലുകൾക്കു നീളം കൂടുതലുള്ളതിനാൽ മണലിൽ താഴ്ന്നുപോകാതെ ഓടുന്നതിനു് ഇവയ്ക്കു കഴിയുന്നു. ഒട്ടകപ്പ



ക്ഷിയ്ക്കു പുറത്തു ഒരാളെ വഹിച്ചു പ്രയാസംകൂടാതെ സഞ്ചരിക്കുവാനുള്ള ശക്തിയുണ്ടു്.

പെൺപക്ഷി മുപ്പതു മുട്ടയോളം ഒരു പ്രാവശ്യം ഇ

ടുന്നതാണ്. ഓരോ മുട്ടയ്ക്കും ഒരു കോഴിമുട്ടയുടെ ഇരുപത്തഞ്ചിരട്ടിയോളം തൂക്കം കാണുമത്രെ. അതിന് ഒരു വലിയ പന്തോളം വലിപ്പം ഉണ്ടായിരിക്കും. ഒട്ടകപ്പക്ഷിയുടെ മുട്ട ഭക്ഷിക്കാറുണ്ട്. അതിൻെറ തോട് ഒരു പാത്രമായി ഉപയോഗിക്കുന്നതിനു കൊള്ളാം.

ഈ പക്ഷികൾ കൂട്ടംകൂട്ടമായിട്ടാണു സഞ്ചരിക്കുക. ഒരാൺപക്ഷിയും കുറെ പെൺപക്ഷികളും കുഞ്ഞുങ്ങളും ഓരോ കൂട്ടത്തിലും ഉണ്ടായിരിക്കും. നായാട്ടുകാർ സംഘംചേന്ന് ഇവയെ ഓടിച്ചു പിടിക്കുന്നു. അവരിൽ നിന്ന് അതിവേഗത്തിൽ ഓടി ഇവ രക്ഷപ്പെടാറുണ്ട്. നായാട്ടുകാർ അടുത്തെത്തിയാൽ ഇവ കാലുകൊണ്ടു ചവിട്ടുന്നു. ഒട്ടകപ്പക്ഷിയുടെ ചവിട്ടു ജീവഹാനിപോലും സംഭവിക്കത്തക്കവിധത്തിൽ ശക്തിയുള്ളതാണ്. ഇവ ഓടിക്കിതച്ചാൽ ഒരു സ്ഥലത്തു ചെന്നുകിടന്നു തല മറച്ചു ശരീരം മുഴവൻ ഒളിപ്പിച്ചുവെന്നു നടിക്കും.

ഒട്ടകപ്പക്ഷി തൃണം, ധാന്യം എന്നിവ ഭക്ഷിക്കുന്നു. മുൾച്ചെടികളുടെ വിത്തും മുളയും പുഴുക്കളും മററു ചെറുപ്രാണികളും ഇതിൻെറ ഭക്ഷണമാണ്. ഇതു ചിലപ്പോൾ കല്ലും തീയും വിഴുങ്ങാറുണ്ടത്രെ. പിടിച്ചു കൂട്ടിലിട്ടാൽ ഒട്ടകപ്പക്ഷി ആണി, ചില്ലു മുതലായ മൂച്ചയേറിയ വസ്തുക്കൾ ഭക്ഷിക്കുന്നതുകൊണ്ടു ചിലപ്പോൾ ചത്തുപോകുന്നു.

ഒട്ടകപ്പക്ഷിയുടെ പുറത്തുകയറി സഞ്ചരിക്കാവുന്നതുകൊണ്ട് അത് ഉപകാരമുള്ള ഒരു ജീവിയാണ്. അതിനു പുറമേ അതിൻെറ ചിറകുകളിലും വാലിന്മേലുമുള്ള ഭംഗിയേറിയ തൂവലുകൾകൊണ്ടു തൊപ്പി, കിരീടം മുതലായവയെ അലങ്കരിക്കാറുമുണ്ട്.

## ൩. അസൂയയ്ക്കുള്ള സമ്മാനം.

പണ്ട് ഒരു ഗ്രാമത്തിൽ ദരിദ്രനായ ഒരു യുവാവു ജീവിച്ചിരുന്നു. ഉപജീവനത്തിനു മററു മാർഗ്ഗങ്ങളില്ലാതിരുന്നതുകൊണ്ട് ആടുകളെ മേച്ച് അവൻ കാലം കഴിച്ചുപോന്നു. സ്നേഹിതന്മാരോടുകൂടി ആടുകളുമായി പ്രഭാതമായാൽ അവൻ കാട്ടിലേക്കു പോകും; സന്ധ്യയോടടുത്തു മടങ്ങിവന്നു വല്ലതും പാകംചെയ്തു ഭക്ഷിച്ചു കിടന്നുറങ്ങും. ഇതായിരുന്നു ആ യുവാവിൻെറ ദിനചര്യ.

ഒരു ദിവസം പതിവുപോലെ അവൻ കാട്ടിൽനിന്ന് ഏകാകിയായി മടങ്ങുമ്പോൾ ഒരു ശബ്ദംകേട്ടു. ശബ്ദം പുറപ്പെട്ട സ്ഥലത്തേക്ക് അവൻ ത്വരിതമായി നടന്നുചെന്നു. അവിടെ എത്തിയപ്പോൾ അഗ്നിയുടെ മദ്ധ്യത്തിൽ ഒരു ഭയങ്കരസർപ്പം ശബ്ദമുണ്ടാക്കി പിടയുന്നതാണു കണ്ടതു്. അവൻ ഒരുവിധത്തിൽ സർപ്പത്തിൻെറ സമീപത്തുണ്ടായിരുന്ന തീയെല്ലാം തല്ലിക്കെടുത്തി അതിനെ ആപത്തിൽനിന്നു രക്ഷിച്ചു. ഒരു ജീവിയെ രക്ഷിക്കുവാൻ സാധിച്ചതിലുള്ള കൃതാർത്ഥതയോടുകൂടി അവൻ സ്വഗൃഹത്തിലേക്കു മടങ്ങി.

പിറേറദിവസം പ്രഭാതമായി. യുവാവു ദിനചര്യയനുസരിച്ച് ആടുകളുമായി പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ മുമ്പില്ലാതിരുന്ന അതിമനോഹരമായൊരു മന്ദിരം അവൻെറ കണ്ണിൽപ്പെട്ടു. ആ കാഴ്ച അവനെ എന്തെന്നില്ലാതെ അത്ഭുതപ്പെടുത്തി. മന്ദിരത്തിനു ചുററും കമനീയങ്ങളായ ഉദ്യാനങ്ങളും അവയ്ക്കു പുറമെ വിചിത്രമായ ഒരു പ്രാകാരവും ഉണ്ടായിരുന്നു. രണ്ടു ദ്വാരപാലകന്മാർ അവിടെ നില്ക്കുന്നതു കണ്ട് ധൈര്യം അവലംബിച്ച് അവൻ അടുത്തു ചെന്ന് അവരോടു ചോദിച്ചു:

യുവാവു്:—"കൂട്ടകാരേ, ഇതെന്തൊരു കഥയാണു്. ഇന്നലെവരെ ഇങ്ങനേയൊരു കെട്ടിടം ഇവിടെ ഉണ്ടായിരുന്നില്ലല്ലോ. ഇതു് ആരുടേതാണു്?"

ദ്വാരപാലകന്മാർ:—"പ്രഭോ, എന്താണിങ്ങനെ പറയുന്നതു്. അവിടത്തെ ഈ മന്ദിരം സൂക്ഷിക്കുന്നവരാണു ഞങ്ങൾ. അങ്ങയെ കാത്തുകൊണ്ടു നില്ക്കുകയാണു്."

യുവാവിൻെറ വിസ്മയം ഒന്നിരട്ടിച്ചു. ധൈര്യപൂർവ്വം അകത്തേക്കു കടന്നു് കൊട്ടാരത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ അതിസുന്ദരിയായ ഒരു യുവതിയേയാണു് അവൻ അവിടെ കണ്ടതു്. ആ നാരീരത്നം ആരാണെന്നു യുവാവു് അവളോടു പതുക്കെ ചോദിച്ചു. "നാഥാ, ഇന്നലെ അവിടന്നു രക്ഷിച്ച സർപ്പത്തിൻെറ ആജ്ഞയനുസരിച്ചു അങ്ങയെ പരിചരിക്കുവാൻ ഞാനിവിടെ തയ്യാറായിരിക്കയാണു്. ഇവിടെക്കാണുന്ന സർവ്വസമ്പത്തും ആ സർപ്പം പ്രത്യുപകാരമായി അങ്ങേയ്ക്കു ദാനം ചെയ്തിരിക്കുന്നു" എന്നു യുവതി മറുവടി പറഞ്ഞു. യുവാവിനു് അതു വിശ്വസിക്കാമെന്നു തോന്നി. സുന്ദരിയായ യുവതിയോടുകൂടി അവൻ അവിടെ താമസം ഉറപ്പിച്ചു.

ഇതിനടുത്തു് ഒരു ക്ഷുരകൻ പാർത്തിരുന്നു. ആട്ടിടയച്ചെറുക്കനു് ഒരു ദിവസംകൊണ്ടു സിദ്ധിച്ച സമ്പത്തിൽ അവനു് അസൂയതോന്നി. അവൻ രാജാവിൻെറ ക്ഷുരകനായിരുന്നതുകൊണ്ടു് അദ്ദേഹത്തെ പ്രേരിപ്പിച്ചു യുവാവിനെ ദ്രോഹിക്കാമെന്നു തീർച്ചയാക്കി. ഒരു ദിവസം ക്ഷൌരക്കാരൻ രാജസന്നിധിയിൽച്ചെന്നു് കേവലം ഒരു പ്രജയായ ഒരു ആട്ടിടയച്ചെറുക്കൻ പ്രബലനായിത്തീൎന്നിട്ടുണ്ടെന്നും അവൻെറ ഭാൎയ്യ ലോകൈകസുന്ദരിയാണെന്നും രാജാവിനെ അറിയിച്ചു. എങ്ങനേ-



യെങ്കിലും അവൻെറ ശക്തി കുറയ്ക്കാതിരുന്നാൽ രാജ്യ
ത്തിന് അധഃപതനം സംഭവിക്കുവാനിടയുണ്ടെന്നും അ
വൻ തുടൎന്നുപറഞ്ഞു. അനന്തരം ക്ഷുരകൻ യുവാവിനെ

ക്കൊല്ലുവാൻ ഒരു മാൎഗ്ഗം നിൎദ്ദേശിച്ചു. അവനെ വരുത്തി സിംഹപ്പാൽ കൊണ്ടുവരുവാൻ പറഞ്ഞാൽ ആ പരിശ്രമത്തിൽ അവൻ മൃതിയടഞ്ഞുപോകുമെന്നു ക്ഷുരകനും രാജാവും വിചാരിച്ചു. അതുപോലെ യുവാവിനെ വരുത്തി സിംഹപ്പാൽ കൊണ്ടുവരുവാൻ രാജാവു കല്പനയായി.

ഒരു പ്രജയായതുകൊണ്ടു യുവാവിനു രാജകല്പന നിരസിക്കുവാൻ നിവൃത്തിയില്ലല്ലോ. അവൻ ദുഃഖിതനായി മന്ദിരത്തിലെത്തി വിവരം യുവതിയെ അറിയിച്ചു. യുവതിയാകട്ടെ അതുകൊണ്ടു സന്തപിക്കേണ്ടതില്ലെന്നും താൻ തരുന്ന ഒരു വസ്ത്രം ധരിച്ചാൽ സിംഹം ഉപദ്രവിക്കുകയില്ലെന്നും പറഞ്ഞു സമാധാനപ്പെടുത്തി. അപ്രകാരം യുവാവു പോയി സിംഹപ്പാൽ കൊണ്ടുവന്നു രാജാവിനുകൊടുത്തു.

ക്ഷുരകന്റെ ഉദ്ദേശം വിഫലമായപ്പോൾ അവൻ മറെറാരു ഉപായമെടുത്തു. രാജാവിന്റെ പരേതരായ പൂൎവ്വികന്മാരുടെ വിവരം അറിയുവാനായി യുവാവിനെ സ്വൎഗ്ഗത്തിലേക്ക് അയക്കുന്ന നാട്യത്തിൽ ചിതകൂട്ടി അതിൽവച്ച് അവനെ ദഹിപ്പിച്ചുകളയാമെന്ന് അദ്ദേഹത്തെ ഉപദേശിച്ചു. സ്വൎഗ്ഗത്തിലുള്ള പൂൎവ്വികന്മാരെ കണ്ടു വിവരം അറിഞ്ഞുവരുവാൻ ക്ഷുരകന്റെ ദുഷ്പ്രേരണയനുസരിച്ച് രാജാവു യുവാവിനോട്ട് ആജ്ഞാപിച്ചു.

യുവാവ് വീണ്ടും ദുഃഖാകുലനായി. പക്ഷേ അപായമൊന്നും കൂടാതെ ചിതയിൽനിന്ന് ആരും അറിയാതെ രക്ഷിക്കാമെന്നു യുവതി പറഞ്ഞപ്പോൾ അവനു സമാധാനമായി. നിശ്ചിതദിവസം യുവാവു ചിതയിൽ ച്ചാടി. അവൻ ദഹിച്ചുപോയെന്ന് എല്ലാവരും വിചാരിച്ചു. പക്ഷേ പിറെറദിവസം പ്രഭാതത്തിൽ യുവതിയുടെ നിൎദ്ദേശമനുസരിച്ചു കുറെ വിലയേറിയ സമ്മാ

നങ്ങളുംകൊണ്ടു് അവൻ കൊട്ടാരത്തിൽ എത്തി. രാജാവു യുവാവിനെക്കണ്ടു പരിഭ്രമിച്ചു്:— "യുവാവേ, എന്താണു് എന്റെ പൂർവ്വികന്മാരുടെ വർത്തമാനം. അവക്കു സുഖംതന്നെയല്ലേ? പ്രത്യേകമായി അവർ വല്ലതും ആവശ്യപ്പെട്ടിട്ടുണ്ടോ?"

യുവാവു്:—"തിരുമേനി, അവക്കു ക്ഷേമംതന്നെ. കുറെ സമ്മാനങ്ങളും അവർ തന്നയച്ചിട്ടുണ്ടു്. എന്നാൽ അവർ ഇവിടെനിന്നു പോയതിനുശേഷം ക്ഷൌരം ചെയ്യാത്തതുകൊണ്ടു വിരൂപന്മാരായിത്തീർന്നിരിക്കുന്നു. നിവൃത്തിയുണ്ടെങ്കിൽ ഒരു ക്ഷുരകനെ അയച്ചുകൊടുത്താൽ കൊള്ളാമെന്നു പറയുകയുണ്ടായി."

"അതിനാണോ വിഷമം" എന്നുപറഞ്ഞു മഹാരാജാവു തന്റെ ക്ഷുരകനെ വരുത്തി യുവാവിനെ സ്വർഗ്ഗത്തിലേക്കു് അയച്ചപോലെ ഒരു ചിതകൂട്ടി കയ്യും കാലുംകെട്ടി അതിലിറക്കി. അവനെ രക്ഷിക്കുവാൻ ആരുമുണ്ടായില്ല. അങ്ങനെ ക്ഷുരകനു് അസൂയയ്ക്കു് ഉചിതമായ സമ്മാനം കിട്ടി.

---

## ൫. മത്ത്യജന്മം.

എത്രജന്മം പ്രയാസപ്പെട്ടിക്കാലം
അത്രവന്നു പിറന്നു സുകൃതത്താൽ
എത്രജന്മം മലത്തിൽക്കഴിഞ്ഞതും
എത്രജന്മം ജലത്തിൽക്കഴിഞ്ഞതും
എത്രജന്മങ്ങൾ മണ്ണിൽക്കഴിഞ്ഞതും
എത്രജന്മം മരങ്ങളായ് നിന്നതും
എത്രജന്മം മരിച്ചു നടന്നതും
എത്രജന്മം മൃഗങ്ങൾ പശുക്കളായ്

മത്ത്യജന്മത്തിൻ മുമ്പേ കഴിച്ചു നാം.
എത്രയും പണിപ്പെട്ടഹോ മാതാവിൻ
ഗർഭപാത്രത്തിൽ വീണതറിഞ്ഞാലും
പത്തുമാസം വയററിൽക്കഴിഞ്ഞുപോയ്
പത്തുപന്തീരാണ്ടുണ്ണിയായിട്ടും പോയ്
തന്നത്താനഭിമാനിച്ചു പിന്നേടം
തന്നത്താനറിയാതെ കഴിയുന്നു.
ഇത്രകാലമിരിക്കുമിനിയെന്നും
സത്യമോ നമുക്കേതുമൊന്നില്ലല്ലോ.
നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ
വീർപ്പുമാത്രമുണ്ടിങ്ങനെ കാണുന്നു.
കാത്തിരിയാതെ പാട്ടുചെട്ടുന്നേരം
നേത്തുപോകുമതെന്നേ പറയാവൂ.

(ജ്ഞാനപ്പാന.)

## ൭. നൂൽച്ചെടികൾ.

മുണ്ട്, ചാക്ക് മുതലായവ നെയ്യുണ്ടാക്കുന്നതിനു വേണ്ട നൂലും നാരും കിട്ടുന്നതു നൂൽച്ചെടികളിൽ നിന്നാണ്. പരുത്തി, ചണം, വക്ക എന്നിവയാണ് അവയിൽ പ്രധാനമായവ. അതുകൊണ്ട് ഇത്തരം നൂൽച്ചെടികളെപ്പററി അല്പം ചിലതു് അറിഞ്ഞിരിക്കേണ്ടതാണ്.

പരുത്തികൃഷിക്കു മണൽചേന്നിട്ടുള്ള കറുത്ത മണ്ണാണ് ഏററവും പററിയതു്. മഴ പെയ്യുണ്ടാകുന്ന ജലം വേഗം വററിപ്പോകാത്തവണ്ണം കളികലന്ന മണ്ണാണു പരുത്തിക്കാവശ്യം. നമ്മുടെ നാട്ടിലെ മണ്ണിന് ഈ ഗുണം പൂത്തിയായി ഇല്ലാത്തതിനാൽ ഇവിടെ ഇതു

ധാരാളം കൃഷിചെയ്യാറില്ല. അപൂർവ്വം ചില പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നുണ്ടെങ്കിൽത്തന്നെ അതിൽനിന്നു ലഭിക്കുന്ന ഫലം വളരെ തൃപ്തികരവുമല്ല. മധുര, കടപ്പ എന്നീ ജില്ലകളിലെ പല സ്ഥലങ്ങളിലും പരുത്തിയാണു് പ്രധാന കൃഷി.

കുരു പാകി മുളപ്പിച്ചാണു് കൃഷിചെയ്യുക. സസ്യം പൂത്തു പൂ കൊഴിഞ്ഞാൽ ആ സ്ഥാനത്തെല്ലാം ചെറിയ കായ്കൾ കാണാവുന്നതാണു്. കുരു മൂത്താൽ കായ്കളെല്ലാം ശേഖരിക്കുന്നു. അതിൽനിന്നു കുരുവും കരടും നീക്കി നൂലെടുക്കുന്നു. നൂൽനൂൽക്കുന്നതിന്നും വസ്ത്രം നെയ്യുന്നതിന്നും നവീനങ്ങളായ പല യന്ത്രങ്ങളും കണ്ടുപിടിച്ചിട്ടുണ്ടു്.

പരുത്തികൃഷിയോളംതന്നെ പ്രാധാന്യമേറിയതാണു ചണക്കൃഷി. വടക്കെ ഇന്ത്യയിൽ പല സ്ഥലങ്ങളിലും ഇതു കൃഷിചെയ്തുവരുന്നുണ്ടു്. ഈജിപ്തു് ഈ കൃഷിക്കു പ്രാചീനകാലം മുതൽക്കേ പ്രസിദ്ധമാണു്. ഇതു രണ്ടടിയോളം ഉയരത്തിൽ വളരും. തണ്ടിനു വണ്ണം അധികം ഉണ്ടായിരിക്കുകയില്ല. സസ്യം വളൎന്നാൽ പുഷ്പിക്കുന്നു. നീലനിറത്തിലുള്ള അതിന്റെ പൂക്കൾ കൊഴിഞ്ഞു കഴിഞ്ഞാൽ ചെടികളെല്ലാം വേരോടെ പറിച്ചെടുക്കുന്നു. അനന്തരം കുറെ ദിവസത്തേക്കു വെയിലത്തിട്ടു് ഉണക്കിയതിനുശേഷം വെള്ളത്തിലിട്ടു ചീയ്ക്കുന്നു. നല്ലപോലെ ചീഞ്ഞഴിഞ്ഞാൽ കനമുള്ള നാരുമാത്രം ശേഷിക്കും. ഈ നാരു ശുദ്ധിവരുത്തി ചണത്തുണി നെയ്തുണ്ടാക്കുന്നു. ചണനൂൽ വളരെ നല്ലപോലെ ശുദ്ധമാക്കിയാൽ കട്ടിയുള്ള മുണ്ടും നെയ്യാവുന്നതാണു്. ഇതിന്റെ കുരു യന്ത്രത്തിലിട്ടാട്ടി നല്ല വിലയുള്ള ഒരുതരം എണ്ണയും എടുത്തുവരുന്നുണ്ടു്.

കപ്പൽപ്പായ, ചാക്കു മുതലായവ നിൎമ്മിക്കുവാൻ ഉപയോഗിക്കുന്ന ചണയും ഇന്ത്യയിൽ പല സ്ഥലത്തും കൃഷി ചെയ്യുന്നുണ്ട്. ഇതു് ആറടി മുതൽ പന്ത്രണ്ടടി വരെ ഉയരത്തിൽ വളരുന്ന ഒരുതരം സസ്യമാണു്. പ ഞ്ഞിനാരിനേക്കാൾ നീളവും ഉറപ്പും കൂടിയതായിരിക്കും ചണയിൽനിന്നു കിട്ടുന്ന നാരു്. ഈ ചെടി നല്ലപോലെ ഉണക്കി ഗഞ്ചാവു എന്ന ലഹരിയുള്ള ഒരു വസ്തു ഉണ്ടാക്കാറുണ്ടു്.

പുറമേ ജൂട്ടു്, സന്ന മുതലായ നൂൽച്ചെടികളും കൃഷി ചെയ്യുവരുന്നു. ചാക്കുണ്ടാക്കുന്നതിനാണു് ഇവയുടെ നാരു് അധികമായി ഉപയോഗിക്കുന്നതു്. ഇങ്ങനെ പരുത്തിക്കുപുറമെ ഉപയോഗപ്രദങ്ങളായ പലതരം നൂൽച്ചെടികളും ഉണ്ടു്.

---

## ൩. ദുൎഗ്ഗാവതി.

ഭാരതത്തിലെ ധീരവനിതകളുടെ കൂട്ടത്തിൽ ദുൎഗ്ഗാവതിക്കു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. അവരുടെ വിക്രമങ്ങൾ ഭാരതീയർ ഇന്നും ബഹുമാനത്തോടുകൂടി സ്മരിക്കുന്നു.

മഹോബ എന്ന ഒരു ചെറിയ രാജ്യത്തിലെ രാജാവിന്റെ ഏകപുത്രിയായിരുന്നു ദുൎഗ്ഗാവതി. സ്വരാജ്യത്തെ പരിപാലിക്കുവാൻ ആവശ്യമായ യുദ്ധസാമൎത്ഥ്യം അവർ ബാല്യകാലത്തിൽതന്നെ സമ്പാദിച്ചു. കുതിരസവാരി, മൃഗയാവിനോദം എന്നിവയും അവർ അഭ്യസിക്കാതിരുന്നില്ല. ക്ഷത്രിയവംശത്തിൽപ്പെട്ട അവളുടെ അച്ഛൻ അതിപ്രബലനല്ലായിരുന്നുവെങ്കിലും വംശമാഹാത്മ്യത്തിൽ അഭിമാനമുള്ളവനായിരുന്നു. പുത്രിക്കു

പ്രായമായതോടുകൂടി അദ്ദേഹം ഓരോരോ രാജകുമാരന്മാരെ ആ വനിതയ്ക്കു വരനായി നിർദ്ദേശിച്ചു. പക്ഷേ ഭർത്താവിനെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ സ്വന്തം അഭിപ്രായം മാത്രം നോക്കിയിരുന്ന ദുർഗ്ഗാവതി അവരെ ഓരോരുത്തരേയായി നിരസിക്കുകയാണു ചെയ്തതു്. ഒടുവിൽ കുമാരിയുടെ സമ്മതം കൂടാതെതന്നെ പിതാവു് ഒരു ക്ഷത്രിയരാജകുമാരനെ വരനായി നിശ്ചയിച്ചു.

അങ്ങനെയിരിക്കെ ഒരിക്കൽ ദുർഗ്ഗാവതി നായാട്ടിനായി കാട്ടിലേക്കു പോയി. അവിടെവച്ചു ഒരു രാജകുമാരനെ കണ്ടുമുട്ടുകയും പരസ്പരം അനുരക്തരായിത്തീരുകയും ചെയ്തു. കാമിനീകാമുകന്മാർ വനത്തിൽവച്ചു തന്നെ പിരിഞ്ഞുവെങ്കിലും അവരുടെ അനുരാഗം ക്രമമായി വളർന്നുവന്നു.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ ദുർഗ്ഗാവതിയുടെ അച്ഛനു് ഒരെഴുത്തു കിട്ടി. കാമുകനായ ദൽപത്ഷായുടെ പിതാവിന്റെ എഴുത്തായിരുന്നു അതു്. ദുർഗ്ഗാവതിയെ തന്റെ പുത്രനു വിവാഹം ചെയ്തുകൊടുത്താൽ കൊള്ളാമെന്നു് അദ്ദേഹം അതിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ വരനെ ആദ്യംതന്നെ നിശ്ചയിച്ചിട്ടുള്ള പിതാവാകട്ടെ അക്കാര്യത്തിൽ വിസമ്മതം കാണിക്കുകയാണു ചെയ്തതു്. ദുർഗ്ഗാവതി ഇതറിഞ്ഞു് അദ്ദേഹത്തെ വിവാഹംചെയ്യുവാൻ അവൾ സന്നദ്ധയാണെന്നു കാണിച്ചു പ്രിയ കാമുകനു് ഒരെഴുത്തു് എഴുതി. നിവൃത്തിയുണ്ടെങ്കിൽ തന്നെ രക്ഷിച്ചാൽ കൊള്ളാമെന്നും അതിൽ സൂചിപ്പിച്ചിരുന്നു. അതനുസരിച്ചു ദൽപത്ഷായും സൈന്യവും മഹോബാ രാജ്യത്തെ ആക്രമിച്ചു കീഴടക്കി ദുർഗ്ഗാവതിയെ സ്വന്തം രാജധാനിയിലേക്കു കൊണ്ടുപോയി.

അവിടെവച്ച് അവരുടെ വിവാഹം കെങ്കേമമായിനടന്നു.



പക്ഷേ ഈ രാജദമ്പതികൾക്കു വളരെക്കാലം ഒന്നിച്ചു ജീവിക്കുവാൻ കഴിഞ്ഞില്ല. ഒരിക്കൽ രാജ്യത്തി

ന്റെ ഒരു ഭാഗം സന്ദർശിക്കുവാൻ പോയ രാജകുമാരൻ കുതിരപ്പുറത്തുനിന്നു വീഴുകയും മുറിവേററു മരിക്കുകയും ചെയ്തു. അങ്ങിനെ ധീരയായ ദുർഗ്ഗാവതി വിധവയായി. ഭർത്താവിന്റെ ചിതയിൽച്ചാടി മരിയ്ക്കുവാൻ ആ സാധ്വി ശ്രമിച്ചുവെങ്കിലും മന്ത്രിമാരുടെ പ്രേരണകൊണ്ട് ആ ശ്രമത്തിൽനിന്നുപിന്മാറി. പ്രിയപുത്രനായ വീരനാരായണനെ അവൾക്കു സംരക്ഷിക്കേണ്ടതുമുണ്ടായിരുന്നു.

ഭർത്താവിന്റെ മരണത്തിനുശേഷം ദുർഗ്ഗാവതിയാണു രാജ്യഭാരം ഏറെറടുത്തതു്. അവളൊരു വലിയ സൈന്യം ശേഖരിച്ച് ആദ്യംതന്നെ രാജ്യത്തിന്റെ ശക്തി വർദ്ധിപ്പിച്ചു. കുളങ്ങൾ കുഴിപ്പിക്കുകയും കാടുകൾ വെട്ടിത്തെളിയിച്ചു കൃഷിയെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തതിനുപുറമേ സഞ്ചാരയോഗ്യങ്ങളായ അനവധി വഴികൾ നിർമ്മിക്കുകയും ചെയ്തു. രാജ്ഞിയുടെ ഭരണത്തോടുകൂടി രാജ്യം പൂർവ്വാധികം സമ്പൽസമൃദ്ധമായി.

ഒരിക്കൽ മാൾവയിലെ രാജാവു് രാജ്യം ആക്രമിക്കുവാൻ വന്നപ്പോൾ ദുർഗ്ഗാവതിതന്നെ തന്റെ സൈന്യങ്ങളെ നയിക്കുകയും അദ്ദേഹത്തെ തോല്പിക്കുകയും ചെയ്തു. കുറെക്കാലം കഴിഞ്ഞതിനുശേഷം വലിയൊരു സൈന്യത്തോടുകൂടി മുഗളന്മാർ ദുർഗ്ഗാവതിയുടെ രാജ്യം ആക്രമിച്ചു. അനേകംനാൾ ധൈര്യത്തോടുകൂടി രാജ്ഞിയും സൈന്യങ്ങളും പൊരുതിനിന്നു. തന്റെ പുത്രൻ മരിച്ചുവെന്നു കേട്ടപ്പോൾപോലും രാജ്ഞിയുടെ ധൈര്യത്തിനു ഹാനിതട്ടിയില്ലത്രെ. ഒടുവിൽ മുഗളർ രാജ്യം കീഴടക്കുമെന്നു തീർച്ചയായപ്പോൾ അന്യന്മാരുടെ കീഴിൽ ജീവിക്കുന്നതിനേക്കാൾ മരണമാണു നല്ലതെന്നു കരുതി ആ ധീരവനിത ആത്മഹത്യ ചെയ്തു.

# ൭. പാൽ.

ശിശുക്കൾ കയ്യുംകാലും തല്ലി കരയുന്നതു നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. മാതാവിൻെറ സ്തന്യം ലഭിച്ചുകഴിഞ്ഞാൽ അവയുടെ രോദനവും നിന്നു. മുലപ്പാലിനു വിശപ്പുമാററുവാനുള്ള ശക്തിയുള്ളതാണു് അതിനു കാരണം. ഇതുപോലെത്തന്നെ മൃഗങ്ങളുടെ കുഞ്ഞുങ്ങൾക്കും പാൽ വളരെ പത്ഥ്യമാണു്. പശുക്കുട്ടി പാൽ കുടിക്കുവാൻ നിലവിളിക്കുന്നതും ആട്ടിൻകുട്ടി മുട്ടിക്കുടിക്കുന്നതും അപരിചിതങ്ങളായ കാഴ്ചകളല്ല.

ശിശുക്കൾക്കു മററു ഭക്ഷണസാധനങ്ങൾ കഴിക്കുന്നതു് ആരോഗ്യപ്രദമല്ല. സ്തന്യം കൂടുതൽ വേഗത്തിൽ ദഹിക്കുന്നതുകൊണ്ടു് അതാണു് അവയ്ക്കു് ഉത്തമമായ ഭക്ഷണം. മുലപ്പാൽ ലഭിക്കുവാൻ മാൎഗ്ഗമില്ലാത്ത ശിശുക്കൾക്കു ചിലപ്പോൾ പശുവിൻപാലും കൊടുത്തുവരാറുണ്ടു്.

പാലിൽ പോഷകാംശങ്ങൾ ധാരാളം ഉള്ളതുകൊണ്ടു് ഏതുപ്രായത്തിലുള്ളവൎക്കും അതു് ഉപയോഗിക്കാവുന്നതാണു്. പാലുപോലെ 'വൈററമിൻ' എന്ന പോഷകസാധനം അടങ്ങിയ മററു പദാൎത്ഥങ്ങൾ അധികമില്ല. ജലാംശം ക്ഷീരത്തിൽ ധാരാളമുള്ളതുകൊണ്ടു് അതു പാനീയമായി ഉപയോഗിക്കുന്നതിനും കൊള്ളാം. ജോലിയെടുത്തു ക്ഷീണിച്ച ശരീരത്തിനു് ഉന്മേഷം നല്കുന്നതിനും സ്മരണശക്തി വൎദ്ധിപ്പിക്കുന്നതിനും പാലിനു ശക്തിയുണ്ടു്. അതുകൊണ്ടാണു വൈദ്യന്മാർ രോഗികൾക്കു സാധാരണമായി പാൽ വിധിക്കുന്നതു്.

പശു, ആടു്, എരുമ എന്നീ മൃഗങ്ങളുടെ പാലാണു് അധികം ഉപയോഗിച്ചുവരുന്നതു്. പശുവിൻപാ

ലിനു ലാഘവം കൂടിയിരിക്കും. അതുകൊണ്ടു ഗുരുത്വമേറിയ എരുമപ്പാലിനേക്കാളും ആട്ടിൻപാലിനേക്കാളും വേഗത്തിൽ അതു ദഹിക്കുന്നതാണ്. കറന്നെടുത്ത പാൽ ചൂടാറുന്നതിനുമുമ്പു കുടിക്കുന്നതു് അത്യന്തം ആരോഗ്യപ്രദമത്രെ. പാൽ വെള്ളമൊഴിച്ചു കാച്ചി വററിച്ചും ഉപയോഗിക്കാറുണ്ടു്. കാപ്പിയും ചായയും പാലൊഴിച്ചാണല്ലോ നാം കുടിക്കാറുള്ളതു്. ആയുർവ്വേദവൈദ്യന്മാർ ചില പ്രത്യേക രോഗങ്ങൾക്കു പാലുചേർത്ത ഔഷധങ്ങളും നിർദ്ദേശിക്കാറുണ്ടു്. ഇങ്ങനെ പലതരത്തിൽ ആരോഗ്യദായകമാണ് ഈ പദാർത്ഥം.

പശു, എരുമ എന്നിവയുടെ പാൽ കാച്ചി ഉറയൊഴിച്ചു കലക്കി വെണ്ണയെടുക്കുന്നു. വെണ്ണയെടുത്തു കഴിഞ്ഞാൽ ശേഷിച്ച ദ്രവപദാർത്ഥം തൈരായിരിക്കും. തൈരിൽ വെള്ളം ചേർത്താൽ മോരും, വെണ്ണ ഉരുക്കിയാൽ നെയ്യും കിട്ടുന്നതാണ്.

മൃഗത്തിൻെറ ആരോഗ്യത്തെ അനുസരിച്ചിരിക്കും പാലിൻെറ ഗുണം. രോഗബാധിതങ്ങളായ പശു, ആട്ട് മുതലായവയുടെ പാൽ കുടിക്കുന്നതു നല്ലതല്ല. അതുപോലെത്തന്നെ മെലിഞ്ഞ മൃഗങ്ങളുടെ പാലും ആരോഗ്യപ്രദമല്ല. കറക്കുന്ന പശുക്കൾക്കും എരുമകൾക്കും ആവശ്യംപോലെ തീററകൊടുത്തു് അവയെ തേച്ചുകുളിപ്പിച്ചു വൃത്തിയായി രക്ഷിച്ചാൽ മാത്രമേ നല്ല പാൽ കിട്ടുകയുള്ളൂ.

പാൽക്കച്ചവടക്കാർ പാലിൽ വെള്ളം ചേർത്തു വില്ക്കുന്നതു നിങ്ങൾ ഗ്രഹിച്ചിരിക്കും. അമിതമായ ലാഭം കിട്ടുന്നതിനാണ് അവർ അങ്ങനെ ചെയ്യുന്നതു്. എന്നാൽ വാങ്ങിക്കുടിക്കുന്നവൎക്ക് അതുകൊണ്ടു സംഭവിക്കുന്ന ദോഷഫലങ്ങൾ അല്പമല്ല. ക്ഷീരത്തിൽ ജലം ചേ

ൎന്നിട്ടുണ്ടെന്നു മനസ്സിലാക്കുവാൻ സാധിക്കാതെ പ്രാചീനന്മാർ ക്ലേശിച്ചിരുന്നു. എന്നാൽ ദുഗ്ദ്ധശോധിനിയെന്നൊരു യന്ത്രവിശേഷം ആധുനികകാലത്തു കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഈ ഉപകരണം ഉപയോഗിച്ചാൽ പാലിൽ എത്രത്തോളം ജലം കലൎന്നിട്ടുണ്ടെന്നു ഗ്രഹിക്കുവാൻ കഴിയും.

## ൨. പണ്ടത്തെ കഥ.

ഗുരുപത്നി നിയോഗേന കദാചന നാമെല്ലാരു-
മൊരുമിച്ചു വിറകില്ലാഞ്ഞിട്ടുപോയതും
പെരുംകാട്ടിൽ പുക്കിന്ധനമൊടിച്ചു കെട്ടിവച്ചതും
അരുണനസ്തമിച്ചതും മറന്നില്ലല്ലീ?
കൂരിരുട്ടമാകസ്മികമായോരു മഹാമഴയും
കൂടിവന്ന കൊടുങ്കാററും കൂടീട്ടസ്മാകം
കൂരിരുട്ടു കടുത്തതുമുഷസ്സോളം തകൎത്തതും
ഊഹിച്ചുടത്തുനാമെല്ലാമൊരുമിച്ചതും
പാൎത്തിരിയാതെപാന്നുപോമീക്കാററത്തെന്നൽക്കാമ്പി-
ലോൎത്തോരു തുരപ്പിനുള്ളിലൊളിച്ചന്യോന്യം
കയ്യും കോൎത്തുപിടിച്ചതും പിന്നെ നടന്നൊരുവണ്ണം
മാൎത്താണ്ഡനുദിച്ചതും മറന്നില്ലല്ലീ?
താപസനന്തിക്കു നമ്മെക്കാണാഞ്ഞിട്ടു പത്നിയോടു
കോപിച്ചതും പുലർകാലേ തിരഞ്ഞു കാണ്മാൻ
താപംപൂണ്ടു താനേ പുറപ്പെട്ടനേരം കുളിൎന്നു നാം
പേടിച്ചു വിറകുംകൊണ്ടരികിൽ ചെന്നതും
ചെമ്മേ വീണു നമസ്കരിച്ചതും മഹാമുനി മോദാൽ
നമ്മെയെല്ലാമനുഗ്രഹിച്ചതും തോന്നുന്നോ?

(കുചേലവൃത്തം വഞ്ചിപ്പാട്ടു്.)

## ൯. ആരോമൽച്ചേകവർ.

പുരാതനകാലത്തു കേരളത്തിൽ അതിവിഖ്യാതന്മാരായ യുദ്ധവീരന്മാർ ജനിച്ചിട്ടുണ്ടു്. അങ്കപ്പയറ്റു പരിചയിക്കുക, ശസ്ത്രവിദ്യ അഭ്യസിക്കുക മുതലായവ ചെയ്യാത്ത സാധാരണ ജനങ്ങൾപോലും അക്കാലത്തു കുറവായിരുന്നു. രാജ്യരക്ഷയ്ക്കു രണശൂരന്മാരെ രാജാക്കന്മാർ നിയോഗിക്കുന്ന സമ്പ്രദായവും അന്നു നടപ്പുണ്ടായിരുന്നു. രാജ്യാധിപന്മാൎക്കു് ഇത്തരം ധീരന്മാരോടുണ്ടായിരുന്ന ആദരവും ബഹുമാനവും അസാമാന്യമായിരുന്നുവെന്നതിനു തെളിവുകളുണ്ടു്.

നമ്മുടെ നാട്ടിൽ ജനിച്ചു പ്രശസ്തിനേടിയിട്ടുള്ളവരിൽ ഒരാളാണു് ആരോമൽച്ചേകവർ. പഴയകാലത്തും പ്രബലമായിരുന്ന ഈഴവസമുദായത്തിലെ ഒരംഗമായിരുന്നു അദ്ദേഹം. ഉത്തരകേരളത്തിലെ പുത്തൂരമെന്നൊരു തറവാട്ടിലാണു് ഇദ്ദേഹം ജനിച്ചതു്. ഗൃഹസ്ഥനായ കണ്ണപ്പൻചേകവൎക്കു സന്താനമില്ലാതിരുന്നതിന്റെ ദുഃഖം ആരോമലിന്റെ ജനനത്തോടുകൂടി ഇല്ലാതെയായി. ആരോമലിനുപുറമേ ഉണ്ണിക്കണ്ണനെന്നൊരു പുത്രനും ഉണ്ണിയാൎച്ചയെന്നൊരു പുത്രിയും അദ്ദേഹത്തിനു ജനിച്ചു. സീമന്തപുത്രനായ ആരോമലിനെ യഥാകാലം എഴുത്തിനിരുത്തുകയും അനന്തരം ആയുധവിദ്യ അഭ്യസിപ്പിക്കുകയും ചെയ്തു. ചുണയും ചൊടിയുമുള്ള കുട്ടി രണതന്ത്രം ചുരുങ്ങിയ കാലംകൊണ്ടു നല്ലപോലെ ഗ്രഹിച്ചു പ്രസിദ്ധനായി.

അക്കാലത്തെ ദേശാചാരമനുസരിച്ചു് അങ്കംവെട്ടാൻ ആരെങ്കിലും ക്ഷണിച്ചാൽ ചേകവന്മാൎക്കു പോകേ

ണ്ടിയിരുന്നു. സാധാരണമായി ഓരോരോ കാൎയ്യങ്ങൾക്കു തീൎപ്പുവരുത്തുന്നതിനാണു് അക്കാലത്തു് അങ്കം വെട്ടിയിരുന്നതു്. ഏതെങ്കിലും രണ്ടു കക്ഷികൾ തമ്മിൽ വൈരമുണ്ടെങ്കിൽ രണ്ടുകൂട്ടരും ഓരോ ചേകവനെ കൊണ്ടുവന്നു് അങ്കം വെട്ടിക്കുന്നു. ആരുടെ ചേകവനാണു വിജയം കരസ്ഥമാക്കിയതു് ആ കക്ഷിയായിരിക്കും വാദത്തിൽ ജയിച്ചതു്. എന്നാൽ ഇങ്ങനെയുള്ള അങ്കങ്ങളിൽ രണ്ടുഭാഗത്തുള്ള ചേകവരിൽ ഒരുവനു ജീവഹാനി സംഭവിക്കുമല്ലോ. തന്മൂലം അങ്കത്തിനു പോകുകയെന്ന ചേകവന്മാരുടെ കൎത്തവ്യം വളരെ ആപൽകരമാണു്.

ആരോമലിനു് ഇരുപത്തഞ്ചു വയസ്സിലധികം പ്രായമായി. ഇതിനിടയ്ക്കു് അദ്ദേഹം പല അങ്കങ്ങളും വെട്ടി ജയിച്ചിട്ടുണ്ടു്. കളരികൾ സ്ഥാപിച്ചു ശിഷ്യന്മാരെ സമരവിദ്യ അഭ്യസിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ തൊഴിൽ. അങ്ങനെയിരിക്കെ ഒരുദിവസം കുറങ്ങാട്ടിടത്തിലെ ഉണിക്കോനാർ എന്നൊരു നായർ ചേകവരെ സന്ദർശിച്ചു് അങ്കത്തിനു ക്ഷണിച്ചു. ഉണിക്കോനാരും ഉണിച്ചന്ത്രോരും തമ്മിലുള്ള മൂപ്പിളമത്തൎക്കം തീൎക്കുന്നതിനായിരുന്നു ആ അങ്കം. കുറങ്ങാട്ടിടത്തിലെ രണ്ടു സഹോദരികളുടെ മക്കളായിരുന്നു ഇവർ. ഉണിക്കോനാർ സത്യസന്ധനും ഉണിച്ചന്ത്രോർ കപടസ്വഭാവിയുമായിരുന്നു. വാസ്തവത്തിൽ ഉണിക്കോനാരായിരുന്നു മൂത്ത ആളും. പക്ഷേ ഉണിച്ചന്ത്രോർ അതു സമ്മതിച്ചില്ല. ദേശാധികാരികളും നാടുവാഴികളും മററും ഈ തൎക്കം തീൎക്കാൻ ശ്രമിച്ചുവെങ്കിലും ഉണിച്ചന്ത്രോരുടെ മൎക്കടമുഷ്ടികൊണ്ടു് അങ്കംകൂടാതെ വാദം തീരുകയില്ലെന്നായി. ഉണിക്കോനാരുടെ ചേകവനായി അങ്കംപൊ

രുതാൻ പുത്തൂരംവീട്ടിലെ ആരോമൽ സമ്മതം നൽകി. ദുസ്സ്വഭാവിയായ ഉണ്ണിച്ചന്ത്രോക്ക ലഭിച്ച ചേകവൻ വഞ്ചനയ്ക്കു പേരുകേട്ട അരിങ്ങോടരായിരുന്നു.

അങ്കദിവസം നിശ്ചയിച്ചു. ആരോമൽ അച്ഛൻെറ നിർദ്ദേശമനുസരിച്ചു ബാല്യസ്നേഹിതനും ബന്ധുവുമായ ചന്തുവിനോടുകൂടി അങ്കസ്ഥലത്തെത്തിച്ചേൎന്നു. അരിങ്ങോടരും അവിടെ വന്നിരുന്നു. എന്നാൽ വഞ്ചകനായ അയാൾ അങ്കത്തട്ട പണിതപ്പോൾ ആശാരിയെ പാട്ടിൽപ്പിടിച്ചു കള്ളപ്പണി ചെയ്യിരുന്നു. അയാളുടെ നീചകൃത്യം അതുകൊണ്ടവസാനിച്ചില്ല. പുത്രിയെ വിവാഹം ചെയ്തുകൊടുക്കാമെന്ന കരാറിന്മേൽ ആരോമലിൻെറ കൂട്ടുചേകവനായ ചന്തുവിനെ വശത്താക്കുകയും അവൻ വഴിയായി ആരോമലിനുവേണ്ടി പണിചെയ്ത വാളിൽ ചതിചെയ്യിക്കുകയും ചെയ്യിരുന്നു. ചന്തുവിനെ വിശ്വസിക്കുന്നതു നല്ലതല്ലെന്ന് ആരോമൽ അച്ഛനോടു പറഞ്ഞു നോക്കിയെങ്കിലും ബാല്യകാലം മുതൽ കുമിച്ചു വളൎന്നുവന്ന ചന്തു ഒരിക്കലും ചതിക്കയില്ലെന്ന് അച്ഛൻ സമാധാനംപറഞ്ഞു. ഖഡ്ഗം നിൎമ്മിച്ചതിൽ ചെയ്ത വഞ്ചന ആരോമലിനു ഗ്രഹിക്കുവാൻകഴിഞ്ഞില്ല.

രാജാക്കന്മാരും ജനങ്ങളും അങ്കസ്ഥലത്തു തിക്കിത്തിരക്കി. അരിങ്ങോടർ നല്ലൊരു ഏണി ഉപയോഗിച്ച് അങ്കത്തട്ടിനു മുകളിലെത്തി. ആരോമൽ ഏണി കൊണ്ടുവന്നിരുന്നില്ല. അദ്ദേഹം അതിദീൎഘമായ തൻെറ കച്ചയെടുത്തു ചുകിരിതിരിഞ്ഞു കെട്ടി ഒന്നു കുതിച്ചപ്പോൾ അങ്കത്തട്ടിൽ ചെന്നെത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ചന്തുവും അദ്ദേഹത്തെ അനുഗമിച്ചു.

അങ്കം തുടങ്ങി. രണ്ടു ചേകവന്മാരും കാണികൾ

ക്കു ഭയം ജനിപ്പിക്കുമാറ് അങ്കംവെട്ടി. അതിനിടയ്ക്ക് ആരോമൽ നിന്നിരുന്ന അങ്കത്തട്ടിൻെറ ഭാഗമല്പം താഴ്ന്നുതായിക്കണ്ടു. അപ്പോൾമാത്രമേ ആ ധീരനു തട്ടിൽ ചെയ്തുവച്ചിട്ടുള്ള ചതി മനസ്സിലായുള്ളൂ. അശേഷം കൂട്ടാക്കാതെ അങ്കം തുടൎന്നു. അപ്പോഴയ്ക്കും കയ്യിലുണ്ടായിരുന്ന വാൾ രണ്ടു കഷണമായി. വാൾ നിൎമ്മിച്ചവനും തന്നെ ചതിച്ചുവെന്നും അദ്ദേഹത്തിന്നു മനസ്സിലായി. പക്ഷേ അതൊന്നും രണശൂരനായ ആരോമലിനെ അധൈൎയ്യപ്പെടുത്തിയില്ല. മുറിവാൾകൊണ്ടുതന്നെ അദ്ദേഹം മാററാനെ ജയിച്ചു.

ഉണ്ണിക്കോനാരും കൂട്ടരും ആനന്ദംകൊണ്ടു മതിമറന്നു. അങ്കത്തിനുശേഷം ചന്തുവിൻെറ മടിയിൽ തലയുംവച്ച് ആരോമൽ കുറെനേരം കിടന്നു. ക്ഷീണംകൊണ്ട് അദ്ദേഹം അല്പമൊന്നു മയങ്ങിപ്പോയി. വഞ്ചകനായ ചന്തു അടുത്തുണ്ടായിരുന്ന കുത്തുവിളക്കിൻെറ തട്ടെടുത്ത് അതിൻെറ നാരാചം ആരോമലിൻെറ വയററത്തു കുത്തിത്താഴ്ത്തി ചാടിയോടിക്കളഞ്ഞു. ആരോമൽ പ്രാണവേദനയോടുകൂടി എഴുന്നേററു കച്ച മുറുക്കിക്കെട്ടി തൻെറ കക്ഷിയായ ഉണ്ണിക്കോനാരുടേയും കൂട്ടുകാരുടേയും സഹായത്തോടുകൂടി വീട്ടിൽ എത്തിയെങ്കിലും ചന്തുവിൻെറ കുത്തുകൊണ്ടുതന്നെ അദ്ദേഹം മൃതനായി.

ആരോമൽച്ചേകവരുടെ ധീരകൃത്യങ്ങളെ പുകഴ്ത്തിപ്പാടുന്ന പാട്ടുകൾ ഇന്നും ധാരാളം പ്രചാരത്തിലുണ്ട്.

## ൧൦. വസ്ത്രധാരണം.

അതിപ്രാചീനകാലം മുതല്ക്കുതന്നെ നഗ്നത മറയ്ക്കുവാൻ മനുഷ്യർ വസ്ത്രം ധരിച്ചിരുന്നു. മൃഗങ്ങളെക്കൊ

ന്ന് അവയുടെ ചൎമ്മമാണ് ആദിമകാലങ്ങളിൽ അവർ ഉപയോഗിച്ചിരുന്നതു്. ശൈത്യം മാററുവാനുള്ള ശക്തി തോലിനുള്ളതാണ് ഇതിനു കാരണം. തണുപ്പുരാജ്യങ്ങളിൽ നിവസിക്കുന്ന മനുഷ്യർ ഇപ്പോഴും തോലുകൊണ്ടുള്ള വസ്ത്രം ധരിച്ചുവരുന്നു.

ദേഹത്തിനു സുഖം ലഭിക്കുന്നതിനാണ് മനുഷ്യർ വസ്ത്രധാരണം ചെയ്യുന്നതു്. കാലദേശാവസ്ഥകളനുസരിച്ച് നാം ഓരോ തരത്തിലുള്ള വസ്ത്രവും വസ്ത്രധാരണരീതിയും സ്വീകരിക്കുന്നു. മഞ്ഞുകാലത്തും മഴക്കാലത്തും ശരീരത്തിന് എപ്പോഴും ചൂടു ലഭിയ്ക്കുന്നതിനുവേണ്ടി കട്ടിയുള്ള വസ്ത്രം ഉപയോഗിക്കുന്നു. വേനൽക്കാലത്തു നേരിയ വസ്ത്രം ധരിയ്ക്കുന്നതാണ് ഉത്തമം. ദേശഭേദമനുസരിച്ചു വസ്ത്രത്തിന്റെ തരം മാറുന്നതായിരിക്കും. ശീതരാജ്യങ്ങളിലെ നിവാസികൾ കമ്പിളിത്തുണിയാണു സാധാരണമായി ഉപയോഗിയ്ക്കുന്നതു്. എന്നാൽ അത്തരം വസനങ്ങൾ ഉഷ്ണരാജ്യക്കാൎക്കു പററിയതല്ലാത്തതുകൊണ്ട് നാം പരുത്തിത്തുണി ഉപയോഗിക്കുന്നു. ഇംഗ്ലണ്ട്, ഫ്രാൻസ് മുതലായ തണുപ്പുരാജ്യങ്ങളിലെ ആളുകൾ ആപാദചൂഡം ശരീരം ആച്ഛാദനം ചെയ്യുന്നതു തണുപ്പിൽനിന്നു രക്ഷപ്പെടുന്നതിനാണ്. നമുക്കാകട്ടെ, അതിന്റെ ആവശ്യം ഇല്ലതാനും.

ചില വസ്ത്രങ്ങൾക്കു ഉഷ്ണത്തെ ആകൎഷിക്കുന്നതിനും മററു ചിലതിനു പുറത്തേക്കു വിടുന്നതിനും ശക്തിയുണ്ട്. കമ്പിളിത്തുണി ഉള്ളിലുള്ള ചൂട് പുറത്തേയ്ക്കു വിടുകയില്ല. ശരീരസഹജമായ ചൂട് ഇങ്ങനെ കമ്പിളിവസ്ത്രം സൂക്ഷിയ്ക്കുന്നതിനാലാണ്, ഇതു ധരിച്ചാൽ ശൈത്യം ബാധിക്കാതിരിക്കുന്നതു്. ചണത്തുണിക്കും പരുത്തി

തുണികൾ ഈ ഗുണമില്ലാത്തതുകൊണ്ടു് അവ വേനൽക്കാലത്തേയ്ക്കു യോജിച്ച വസ്ത്രമാണു്.

ഇന്ത്യയിലെ ജനങ്ങൾ പരുത്തികൊണ്ടുള്ള ശുഭ്രവസ്ത്രമാണു സാധാരണമായി ധരിക്കുന്നതു്. ഈ തുണിയെ നിഷ്പ്രയാസം അലക്കി ശുദ്ധിവരുത്തുവാൻ കഴിയുന്നു. ചണംകൊണ്ടുള്ള വസ്ത്രം ശരീരത്തിലുള്ള വിയപ്പിനെ വലിക്കുവാൻ പററിയതാണു്. ഇങ്ങനെ വലിക്കുന്ന വെള്ളം അതിവേഗത്തിൽ വററുന്നതുകൊണ്ടു ചണവസ്ത്രം ധരിക്കുന്നതു് അത്യന്തം സുഖപ്രദമായിത്തീരുന്നു.

പട്ടുവസ്ത്രവും മനുഷ്യർ ഉപയോഗിക്കാറുണ്ടു്. മററുതരം തുണികളേക്കാൾ ഭംഗിയും നേർമ്മയും ഇതിനു കൂടിയിരിക്കും. പട്ടുനൂൽപ്പുഴുക്കളെ വളർത്തി അവയുടെ കൂട്ടിൽനിന്നു മനുഷ്യർ പട്ടുനൂൽ നൂററെടുക്കുന്നു. വലിയ തോതിൽ ഈ വ്യവസായം നടത്തിപ്പോരുന്ന പല കേന്ദ്രങ്ങളും ഇക്കാലത്തു നമ്മുടെ നാട്ടിലുണ്ടു്. പുരാതനകാലങ്ങളിൽ ഇന്ത്യാരാജ്യം പട്ടുവസ്ത്രനിർമ്മാണത്തിനു പ്രഖ്യാതമായിരുന്നു. കാശി, മധുര എന്നീ നഗരങ്ങളിൽനിന്നു വിദേശികൾ ഇത്തരം വസ്ത്രം ധാരാളമായി വാങ്ങിച്ചിരുന്നതിനു തെളിവുകളുണ്ടു്.

വസ്ത്രം ശുദ്ധിവരുത്തേണ്ട കാര്യത്തിൽ വളരെ ശ്രദ്ധിക്കേണ്ടതുണ്ടു്. രോമകൂപങ്ങളിൽനിന്നു വരുന്ന സ്വേദകണങ്ങൾ വലിച്ചെടുക്കുന്നതിനാൽ നാം ധരിക്കുന്ന വസ്ത്രം മലിനമായിത്തീരുന്നു. വിയപ്പു് അധികം പററിയാൽ വസ്ത്രങ്ങളിൽനിന്നു ദുസ്സഹമായ ദുർഗ്ഗന്ധം പുറപ്പെടും. അതുകൊണ്ടു വസ്ത്രത്തിലെ മാലിന്യം മാററിയില്ലെങ്കിൽ പലതരം ത്വക്‌രോഗങ്ങൾ ശരീരത്തെ ബാധിക്കുന്നതാണു്. സ്നാനാനന്തരം നിർമ്മലമായ വസ്ത്രം ധരിക്കു

വാൻ നാം ശ്രദ്ധിക്കണം. സോപ്പു പതച്ചു് അലക്കി തുണിത്തരങ്ങൾ എളുപ്പത്തിൽ ശുദ്ധിവരുത്താം. ധരിക്കുന്ന വസ്ത്രങ്ങളെപ്പോലെത്തന്നെ മററുതരത്തിൽ ഉപയോഗിക്കുന്ന തോൎത്തു മുതലായവയും കരിക്കലും മലിനമായിരിക്കരുതു്.

## ൧൧. ഹിരണ്യാസുരൻ.

പണ്ടു ഹിരണ്യകശിപു എന്നൊരു അസുരനുണ്ടായിരുന്നു. അവൻ ക്രൂരനും ദേവന്മാരുടെ പരമശത്രുവുമായിരുന്നു. വിഷ്ണുവിനേയും വിഷ്ണുഭക്തന്മാരേയും മൎദ്ദിക്കുന്നതിനു പുതിയ മാൎഗ്ഗങ്ങൾ കണ്ടുപിടിക്കുവാൻ അവനുണ്ടായിരുന്ന ഉത്സാഹം അല്പമായിരുന്നില്ല. സ്വശക്തികൊണ്ടുതന്നെ ഇതു സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ ഹിരണ്യകശിപു ബ്രഹ്മാവിനെ തപസ്സുചെയ്തു വരംവാങ്ങുവാൻ തീൎച്ചയാക്കി. മന്ദരപൎവ്വതത്തിൽവച്ചാണു് തപസ്സു് അനുഷ്ഠിച്ചതു്. തപോബലംകൊണ്ടു് ആ മഹാസുരൻ ബ്രഹ്മാവിനെ പ്രീതിപ്പെടുത്തി. വിരിഞ്ചൻ യഥാകാലം പ്രത്യക്ഷനായി എന്തുവരം വേണമെന്നു ചോദിച്ചു. ഹിരണ്യകശിപു ഇങ്ങനെയാണു മറുവടി പറഞ്ഞതു്:—"ഭൂമി, സ്വൎഗ്ഗം, പാതാളം എന്നീ സ്ഥലങ്ങളിൽ രാത്രിയും പകലും ദേവന്മാരും അസുരന്മാരും മനുഷ്യരും മൃഗങ്ങളും അകത്തും പുറത്തുംവച്ചു് എന്നെ വധിക്കരുതു്. മൂന്നു ലോകങ്ങളും ജയിക്കുവാൻവേണ്ട ശക്തി എനിക്കുണ്ടാകണം. ഇങ്ങനെയുള്ളോരു വരമാണു് എനിക്കാവശ്യം." ബ്രഹ്മാവു ദാനവേന്ദ്രനു് ഈ വരം ദാനംചെയ്തു. സന്തുഷ്ടനായി ഹിരണ്യാസുരൻ രാജധാനിയിലേക്കു മടങ്ങി.

ഇതരന്മാൎക്കാൎക്കും തന്നെ ജയിക്കുവാൻ സാധിക്കുകയില്ലെന്നു വിചാരിച്ച് ഹിരണ്യകശിപു അഹങ്കരിച്ചു. വരത്തിൻെറ ശക്തികൊണ്ടു ലോകമെല്ലാം അദ്ദേഹം ജയിച്ചടക്കി. ദേവന്മാരേയും ദിക്പാലന്മാരേയും കീഴടക്കി അവരുടെ സൎവ്വസമ്പത്തും കവൎന്നെടുത്തു. ശക്തനായ ഒരു മഹാരാജാവോ ദേവനോ മറേറാ എവിടെയെങ്കിലും ഉണ്ടെന്നു കേട്ടാൽ ഉടനെ അവിടെച്ചെന്ന് അദ്ദേഹത്തെ ആക്രമിക്കുകയായി. ദേവാസുരനരന്മാർ ഒരുപോലെ പേടിച്ചുവിറച്ചു. വിഷ്ണുഭക്തന്മാരെ കാണാനില്ലെന്നായി. അങ്ങനെ അതിക്രൂരമായിട്ടാണ് ഹിരണ്യകശിപു ഭരണം നടത്തിയതു്.

അസുരൻെറ മൎദ്ദനം സഹിക്കുവാൻ സാധിക്കാതെ ദേവന്മാർ വിഷ്ണുവിനെ സമീപിച്ചു. മഹാവിഷ്ണു അവരോട് അനുകമ്പാപൂൎവ്വം ഇങ്ങനെ മറുവടി പറഞ്ഞു. "ദേവന്മാരെ, വ്യസനിക്കേണ്ടാ; അസുരൻെറ ഉപദ്രവത്തിൽനിന്നു നിങ്ങളെ ഉടനെ രക്ഷിച്ചുകൊള്ളാം. അവൻെറ വിഷ്ണുഭക്തനായ പുത്രൻതന്നെ അവനെ വധിക്കുവാൻ കാരണമുണ്ടാകും." സുരന്മാർ സമാധാനത്തോടുകൂടി മടങ്ങി.

ഹിരണ്യകശിപുവിൻെറ സീമന്തപുത്രനായിരുന്നു പ്രഹ്ലാദൻ. പ്രഹ്ലാദനെ ഭൃഗുസുതന്മാരുടെ കീഴിൽ മററു അസുരബാലന്മാരോടുകൂടി വിദ്യാഭ്യാസംചെയ്യിച്ചു. സൽസ്വഭാവിയായ പ്രഹ്ലാദൻ കുറച്ചുകാലംകൊണ്ടു സൎവ്വജ്ഞനായിത്തീൎന്നു. വിഷ്ണുഭക്തിയിൽ അവൻ മുമ്പനായി. ഒരുദിവസം ഹിരണ്യകശിപു പുത്രനെ വിളിച്ചു തലോടിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "മകനേ, നീ പഠിച്ച വിഷയങ്ങളിൽ ഏററവും നല്ലതു് എന്താണെന്നു

പറയൂ." "അച്ഛാ, കാരുണ്യവാരിധിയായ വിഷ്ണുഭഗവാനെ സ്തുതിക്കുന്നതിനേക്കാൾ നല്ലതു മറെറാന്നില്ലെന്നാണു് ഞാൻ മനസ്സിലാക്കീട്ടുള്ളതു്" എന്നു പ്രഹ്ലാദൻ മറുപടി പറഞ്ഞപ്പോൾ വിഷ്ണുവൈരിയായ അസുരശ്രേഷ്ഠൻ മകനെ പിടിച്ചുതള്ളി. ഉരുണ്ടുവീണ ബാലൻ നിലവിളിച്ചെഴുന്നേററു വിഷ്ണുവിനെ സ്തുതിച്ചു. വിഷ്ണുഭക്തി നല്ലതല്ലെന്നു ഹിരണ്യകശിപു അലറി. ഭൃഗുസുതന്മാരെ വിളിച്ചു പുത്രനെ ഇക്കാര്യങ്ങളൊന്നും പഠിപ്പിക്കരുതെന്നു് ആജ്ഞാപിച്ചു. അവർ അങ്ങനെ ചെയ്യിട്ടില്ലെന്നും പ്രഹ്ലാദനു മനസ്സിൽ ഉദിക്കുന്ന ജ്ഞാനം മാത്രമാണു് അതെന്നും അവർ മറുപടി പറഞ്ഞു.

ഹിരണ്യകശിപു എത്ര ശ്രമിച്ചിട്ടും സുതനെ വിഷ്ണുഭക്തിയിൽനിന്നു പിന്മാററാൻകഴിഞ്ഞില്ല. ദിവസംതോറും നാരായണകീർത്തനങ്ങൾ ആലപിക്കുന്നതു കേട്ടു് അസുരശ്രേഷ്ഠൻ അവനെ വധിക്കുവാൻ കുറെ അസുരന്മാരെ നിയോഗിച്ചു. എന്നാൽ വിഷ്ണുവിനെ ധ്യാനിച്ചിരിക്കുന്ന പ്രഹ്ലാദനെ കൊല്ലുവാൻ അവൎക്കു കഴിഞ്ഞില്ല. ദേവമായകൊണ്ടു് അവർ പരസ്പരം വെട്ടിമരിക്കുകയാണു ചെയ്തതു്. ഹിരണ്യകശിപു ദിഗ്ഗജങ്ങളേയും അഷ്ടനാഗങ്ങളേയും പുത്രനിഗ്രഹത്തിനേർപ്പെടുത്തി. കരിവരന്മാരുടെ കൊമ്പുകളും പാമ്പുകളുടെ പല്ലുകളും മുറിയുകയല്ലാതെ ബാലനെ അല്പംപോലും ഉപദ്രവിക്കുവാൻ അവയ്ക്കു കഴിഞ്ഞില്ല. ഹിരണ്യകശിപുവിന്റെ ക്രോധം ഇതുകൊണ്ടും അമൎന്നില്ല. ചിതകൂട്ടി ബാലനെ അതിലിട്ടു കരിച്ചുകളയുവാൻ അസുരവീരൻ വീണ്ടും കല്പിച്ചു. പക്ഷേ, പ്രഹ്ലാദനെ ദഹിപ്പിക്കുവാൻ അഗ്നിക്കു കെൽപ്പുണ്ടായില്ല. കയറുകൊണ്ടു വരിഞ്ഞുകെട്ടി ബാലനെ കടലിൽ താഴ്ത്തിനോക്കി; ആ പരിശ്രമ

വും വിഫലമായപ്പോൾ അഗാധമായ ഒരു കുണ്ടിലേക്കു കുട്ടിയെ കൊലയാളികൾ എറിഞ്ഞു. പക്ഷേ, ഭൂമീദേവി പ്രഹ്ലാദനെ താങ്ങി രക്ഷിച്ചതുകൊണ്ടു ബാലനു് അപായമൊന്നും വന്നില്ല.

ഒരുദിവസം സഹപാഠികളോടു പ്രഹ്ലാദൻ വിഷ്ണുഭക്തിയെപ്പറ്റി ഉപദേശിച്ചുകൊണ്ടിരുന്നതു ഹിരണ്യകശിപു കേട്ടു. എങ്ങനെയെങ്കിലും പുത്രനെ നിഗ്രഹിക്കണമെന്ന് അദ്ദേഹം നിശ്ചയമാക്കി അവനെ വിളിച്ചു് ചോദിച്ചു.

ഹിരണ്യകശിപു:—"പിതൃദ്രോഹി, ഞാൻ എത്രനാളായി നിന്നോടു പറയുന്ന എൻെറ ശത്രുവായ വിഷ്ണുവിനെ സ്തുതിക്കരുതെന്നു്. നീ അതു വകവെച്ചിട്ടില്ല. എവിടെയാണു നിൻെറ ദേവൻ?"

പ്രഹ്ലാദൻ:—"അച്ഛാ, ഈശ്വരനായ വിഷ്ണുവിനെ സ്തുതിക്കാതിരിക്കുവാൻ എനിക്കു മനസ്സുവരുന്നില്ല. എൻെറ ദേവൻ എല്ലായിടത്തും ഉണ്ടു്. സർവ്വസൃഷ്ടികളേയും രക്ഷിക്കുവാനുള്ള കഴിവു് അദ്ദേഹത്തിനു മാത്രമേ ഉള്ളു."

ഹിരണ്യകശിപു:—"ദുഷ്ടാ, ഈ തൂണിലും ഉണ്ടോ നിൻെറ ഈശ്വരൻ?"

പ്രഹ്ലാദൻ:—"ഉവ്വ്, അച്ഛാ."

ഇതുകേട്ടു കോപാക്രാന്തനായ ഹിരണ്യാസുരൻ "എന്നാൽ ഒന്നു കാണട്ടെ" എന്നലറി വാളൂരി തൂണിന്മേൽ വെട്ടി. ഉടനെ നരസിംഹാകൃതി പൂണ്ട മഹാവിഷ്ണു സ്തൂപത്തിൽനിന്നു പുറത്തുചാടി ക്രൂരനായ അസുരനെ പിളർന്നു കൊന്നു. അനന്തരം ഭക്തനായ പ്രഹ്ലാദനു് അനേകം വരങ്ങൾ ദാനംചെയ്തു തിരോഭവിച്ചു.

## ൧൨. നീതിവാക്യങ്ങൾ.

നല്ലവസ്തുക്കളെല്ലാം നല്ലവരോടുചേൎന്നാ
നല്ലവണ്ണമായ്യത്രു വല്ലാതാമല്ലെന്നാകിൽ
നിൎമ്മലം നദീജലം സാഗരം തന്നിൽചേൎന്നാൽ
നിശ്ചയം പുളിച്ചുപോമെന്നതു കാണുന്നില്ലേ.
സ്വല്പമെങ്കിലും ഗുണം സൽപുരുഷങ്കൽചേൎന്നാൽ
ശില്പമാംവണ്ണം പ്രകാശിക്കുമെന്നറിഞ്ഞാലും.
ചന്ദ്രൻെറ രശ്മി വെള്ളിക്കുന്നിന്മേൽച്ചേരുന്നേരം
സാന്ദ്രമായ് പതിന്മടങ്ങേററവും പ്രകാശിക്കും.
സജ്ജനങ്ങൾക്കു ഗുണമേററമുണ്ടെന്നാകിലും
ദുൎജ്ജനങ്ങളിൽച്ചേൎന്നാലൊക്കവേ നശിച്ചുപോം.
അഞ്ജനാചലേ ശശിരശ്മികൾ തട്ടുന്നേരം
അഞ്ജസാ കറുത്തുപോമെന്നതു ബോധിക്കേണം.
നഷ്ടമാമുപകാരം ദുഷ്ടരിൽ ചെയ്യുന്നാകിൽ
നഷ്ടമാം സുഭാഷിതം ദുഷ്പാത്രങ്ങളിൽ ചേൎന്നാൽ.
ഓട്ടുപാത്രത്തിൽ ദധി പകൎന്നുവച്ചാലതു
കൂട്ടുവാൻ നന്നോ മഹാ കുററമാക്കധീശ്വര.
എത്രയും മഹാവനേ ചെന്നു രോദിക്കുംപോലെ
ചീത്തൊരു ശവത്തിനെക്കോപ്പിടുവിക്കുംപോലെ.
സാരസം പറിച്ചങ്ങു പറമ്പിൽ നടുംപോലെ
ഓരുള്ള നിലങ്ങളിൽ മാരിപെയ്യുന്നപോലെ.
ശ്വാവിൻെറ പുച്ഛം ചെമ്മേ നേരാക്കുന്നതുപോലെ
കേവലം ബധിരനെ പാട്ടുകേൾപ്പിക്കുംപോലെ
കൈകുറതായുള്ളവൻ കങ്കണമിടുംപോലെ.

(പഞ്ചതന്ത്രം)

## ൧൩. പാമ്പുകൾ.

ഉഷ്ണരാജ്യങ്ങളിൽ സാധാരണമായിക്കാണുന്ന ഒരു ജീവിയാണു പാമ്പ്. അതിവേഗത്തിൽ പായുവാൻ കഴിയുന്നതുകൊണ്ടാണത്രെ ഇതിനു 'പാമ്പ്' എന്ന പേർ സിദ്ധിച്ചത്. പാമ്പിനു നാഗം, പന്നഗം, ഭുജംഗം മുതലായ പേരുകളുണ്ട്. കേരളം ഉഷ്ണഭൂമിയായതിനാൽ ഇവിടെ പാമ്പുകളെ ധാരാളമായിക്കണ്ടുവരുന്നു. ഇവയിൽ ചില ജാതിക്കു വലിയ വിഷമുള്ളതുകൊണ്ടു മനുഷ്യർ ഈ ജീവിയെ ഭയപ്പെട്ടുവരുന്നു. പാമ്പിനു പാദങ്ങളില്ല. ശരീരംകൊണ്ടുതന്നെ ഇവയ്ക്കു ത്വരിതപ്രയാണം ചെയ്വാൻ സാധിക്കും. ഒരടി മുതൽ ഇരുപതും അതിലധികവും അടി നീളമുള്ള പന്നഗങ്ങളുണ്ട്. പാമ്പിനു ചെറിയ തലയും നീണ്ട ഉടലും വാലും ഉണ്ടായിരിക്കും. വളഞ്ഞു പുളഞ്ഞാണ് ഇതിന്റെ ഗമനം.

പക്ഷികളെപ്പോലെ മുട്ടയിൽനിന്നാണു പാമ്പുകളുടെ ജനനം. സാധാരണമായി ഒരു പാമ്പ് ഇരുപതും മുപ്പതും മുട്ടകൾ ഇടുന്നു. ഗർഭധാരണത്തിനുശേഷം നാലുമാസം കഴിഞ്ഞാണു നാഗങ്ങൾ മുട്ടയിടുന്നത്. മുട്ടയിട്ടുകഴിഞ്ഞാൽ ഇവ പത്തുപതിനഞ്ചുദിവസം മുട്ടകൾക്കു ചൂടുകൊടുപ്പാൻ അവയ്ക്കു മീതെ പൊരുന്നിക്കിടക്കുന്നു. മുട്ട വിരിയുമ്പോൾ പാമ്പിൻകുട്ടികൾക്കു ഒരു ചാൺ നീളമേ ഉണ്ടായിരിക്കുകയുള്ളു. കറുത്ത തലയും ചൊമന്ന ദേഹവും ആയിരിക്കും അവയ്ക്ക് ആ പ്രായത്തിൽ ഉണ്ടായിരിക്കുക. ഒരാഴ്ചയോളം വേണം കണ്ണുമിഴിക്കുവാൻ. അതിനുശേഷം അവ അങ്ങുമിങ്ങും സഞ്ചരിച്ചുതുടങ്ങുന്നു.

പാമ്പിന്റെ ശരീരത്തിൽ ചെതുമ്പൽ ഉള്ളതുകൊണ്ടാണ് അതിനു വേദനകൂടാതെ സഞ്ചരിക്കുവാൻ ക

ഴിയുന്നതു്. അതിന്റെ കണ്ണുകൾക്കു നല്ല കാഴ്ചയുണ്ടു്. എന്നാൽ ശ്രവണേന്ദ്രിയത്തിന്റെ പ്രവൃത്തിയും നയനം തന്നെ നിൎവ്വഹിക്കേണ്ടതുകൊണ്ടു കാണുമ്പോൾ കേൾക്കുവാനും കേൾക്കുമ്പോൾ കാണുവാനും അതിനു കഴികയില്ലത്രെ. ഇതുകൊണ്ടാണു സൎപ്പത്തെ 'ചക്ഷുഃശ്രവണൻ' എന്നു പറയുന്നതു്. ഭുജംഗത്തിന്റെ ജിഹ്വ പിളൎന്നിരിക്കും. മിക്കപ്പോഴും അതു നാക്കു പുറത്തേയ്ക്കു നീട്ടി



ചലിപ്പിച്ചുകൊണ്ടിരിക്കും. പാമ്പിന്റെ വായിൽ രണ്ടുവരി പല്ലുകളുണ്ടു്. മുപ്പത്തിരണ്ടെണ്ണം വരുന്ന ഇവയിൽ നാലെണ്ണം വിഷമുള്ളവയാണു്. രണ്ടു വരികളുടേയും അററത്താണു് ഇവ സ്ഥിതിചെയ്യുന്നതു്. വിഷപ്പല്ലുകൾക്കടുത്തു വിഷംനിറഞ്ഞ പോളകളുണ്ടു്. ഈ പോളകളിൽനിന്നാണു പാമ്പു കടിക്കുമ്പോൾ പല്ലുകൾ വഴിയായി വിഷം നിൎഗ്ഗമിക്കുന്നതു്. ഇങ്ങനെ വരുന്ന വി

ഷം കടിയേററവൻെറ രക്തത്തിൽ മുഴുവൻ വ്യാപിക്കു ന്നതുകൊണ്ടാണു ജീവഹാനി സംഭവിക്കുന്നതു്.

തവള, എലി മുതലായ ജീവികളാണു പാമ്പിൻെറ ഭക്ഷണം. ചില പാമ്പുകൾ പാമ്പുകളെത്തന്നെ ഭക്ഷിക്കാറുണ്ടു്. ഒന്നും ഭക്ഷിക്കാതെ വായുകൊണ്ടു മാത്രം വളരെക്കാലം ജീവിക്കുവാൻ നാഗങ്ങൾക്കു കഴിയും. അതുകൊണ്ടു് ഇവയെ 'പവനാശനൻ' എന്നു പറയാറുണ്ടു്. സർപ്പങ്ങൾ കാടുകളിലും, മൺപുററുകളിലും, പ്രായംചെന്ന വൃക്ഷങ്ങളുടെ കോടരങ്ങളിലും, ചുവട്ടിലുള്ള മാളങ്ങളിലും, വിജനസ്ഥലങ്ങളിലും നിവസിക്കുന്നു. പൂച്ച, കീരി, ഗരുഡൻ തുടങ്ങിയ ജന്തുക്കൾ പാമ്പിൻെറ വൈരികളാണു്. അത്തരം ജീവികളുള്ള സ്ഥലങ്ങളിൽ സർപ്പങ്ങളെ അധികം കാണാറില്ല. ദീർഘായുസ്സുള്ള ഒരു ജീവിയാണു പന്നഗം. ശത്രുക്കളിൽനിന്നു അപായം നേരിടാതെ ജീവിക്കുവാൻ കഴിഞ്ഞാൽ അവയ്ക്കു നൂറിലധികം കൊല്ലം ആയുസ്സുണ്ടായിരിക്കുമത്രെ.

നമ്മുടെ നാട്ടിൽ പലജാതി പാമ്പുകൾ ഉണ്ടു്. മൂർഖൻ, മണ്ഡലി എന്നിവ അവയിൽ പ്രധാനങ്ങളാണു്. ഫണമുള്ള മൂർഖൻപാമ്പിൻെറ വിഷം ഉഗ്രമാകുന്നു. ഈ ജാതിയിൽപ്പെട്ട സർപ്പങ്ങളുടെ ധാവനം അതിശീഘ്രമായിരിക്കും. മണ്ഡലി ജാതിയിൽപ്പെട്ട പാമ്പുകളുടെ ശരീരത്തിൽ വൃത്താകാരത്തിലുള്ള പുള്ളികൾ കാണാം. ഇവ വളരെ വേഗത്തിൽ ഓടുന്നില്ല. ഇതിനുപുറമേ, ദേഹത്തിൽ വരകളുള്ളതും ഇല്ലാത്തതുമായ വേറെയും പാമ്പുകളുണ്ടു്. മലമ്പാമ്പിനു് അസാമാന്യമായ നീളവും വണ്ണവും ഉണ്ടായിരിക്കും. ഈ ഭയങ്കരജന്തു കോഴി, ആടു് മുതലായ വലിയ ജീവികളെപ്പോലും വിഴുങ്ങാറുണ്ടു്. ഇവയ്ക്കു പത്തിയില്ല.

വിഷമുള്ള സപ്പങ്ങൾ സംഗീതപ്രിയന്മാരാണ്. പാട്ടുകേൾക്കുമ്പോൾ അവ മാളങ്ങളിൽനിന്നു പുറത്തുവരും. പാമ്പാട്ടികളുടെ പാട്ടിൻെറ താളത്തിൽ പത്തിവിടത്തി അത്തരം പാമ്പുകൾ ആടാറുണ്ട്. ഒരു മഹാസപ്പത്തിൻെറ സമീപത്തു് അകപ്പെട്ട ഒരു യുവതി സഹായത്തിന് ആളെത്തുന്നതുവരെ പാട്ടുപാടി പാമ്പിനെ രസിപ്പിച്ചു നിത്തിയെന്ന ഒരു കഥ കേട്ടിട്ടുണ്ട്. സംഗീതത്തെപ്പോലെ സുഗന്ധമേറിയ സുമങ്ങളേയും സപ്പങ്ങൾ ഇഷ്ടപ്പെടുന്നു. അതുകൊണ്ടാണു മുല്ല, കൈത എന്നിവയുടെ സമീപത്തു വിഷമുള്ള സപ്പങ്ങളെ സാധാരണമായിക്കാണുന്നതു്.

പാമ്പു കടിച്ചാൽ ചികിത്സിക്കുന്ന വൈദ്യനെ വിഷഹാരി എന്നു പറയുന്നു. വിഷഹാരിയുടെ സഹായം ലഭിക്കുന്നതിനുമുമ്പു കടിയേററവൻ പലതും ചെയ്യേണ്ടതുണ്ട്. കടിച്ച സ്ഥലത്തിനു മുകളിൽ ചരടുകൊണ്ടോ മറേറാ വരിഞ്ഞുകെട്ടുക, മുറിവായിൽ തീവെച്ചു പൊള്ളിക്കുക, കഴിയുമെങ്കിൽ കടിച്ച പാമ്പിനെ പിടിച്ചു കടിക്കുക—ഇവയൊക്കെ ചെയ്യാൽ വിഷമിറക്കുന്നതിനു വിഷമതയുണ്ടാകയില്ല.

## ൧൪. മഹമ്മദ നബി.

ബുദ്ധമതം, ക്രിസ്തുമതം എന്നിവയെപ്പോലെ പ്രാധാന്യവും പ്രചാരവും ഉള്ള ഒന്നാണല്ലോ ഇസ്ലാംമതം. മററു മതസ്ഥാപകന്മാരെപ്പോലെ തന്നെ ലോകവന്ദ്യനായ ഒരു മഹാപുരുഷനാണ് ഇസ്ലാംമതത്തിൻെറ ജനയിതാവായ മഹമ്മദുനബി. നമ്മുടെ രാജ്യത്തിനു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അറബിക്കടലിൻെറ മറുകര

യിൽക്കിടക്കുന്ന അറേബിയാരാജ്യത്തിലെ 'മെക്ക' എന്ന നഗരത്തിലാണ നബി ജനിച്ചതു്. ഇസ്ലാം മതസ്ഥന്മാരുടെ പുണ്യസ്ഥലങ്ങളിൽവച്ച മെക്കാനഗരത്തിനു കൂടുതൽ പ്രാധാന്യം ഉണ്ടു്. അബ്ദുള്ളയും അമീനയുമായിരുന്നു അദ്ദേഹത്തിന്റെ അച്ഛനമ്മമാർ. കുലീനമെങ്കിലും നിൎദ്ധനമായ ഒരു കുടുംബത്തിലാണ നബിയുടെ ജനനം.

മഹമ്മദ്ദ് ഭൂജാതനാകുന്നതിനു മുമ്പുതന്നെ പിതാവു പരലോകം പ്രാപിച്ചിരുന്നു. പ്രിയമാതാവും മകന്റെ കുട്ടിക്കാലത്തുതന്നെ നിര്യാതയായി. അതിനുശേഷം മാതുലന്റെ സംരക്ഷണത്തിലാണ മഹമ്മദ വളൎന്നതു്. കുട്ടിക്കു പ്രായമായി. നിത്യവൃത്തിക്കു് ഏതെങ്കിലും ഒരു തൊഴിൽ സ്വീകരിച്ചേ കഴിയൂ എന്നു വന്നുകൂടി. മഹമ്മദ്ദ് അജപാലന്റെ ജോലിയാണ സ്വീകരിച്ചതു്. കച്ചവടക്കാരോടുകൂടി പല ദേശങ്ങളിലും സഞ്ചരിച്ച പല തരം ജനങ്ങളുടെ സ്വഭാവവും ജീവിതരീതിയും ചെറുപ്പത്തിൽത്തന്നെ ഗ്രഹിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. സത്യസന്ധനും ബുദ്ധിമാനുമായിരുന്ന മഹമ്മദിനോടു കൂട്ടുകാൎക്കു വലിയ സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. അറേബിയയിൽ അക്കാലത്തു പ്രചരിച്ചിരുന്ന മതം വളരെ ദുഷിച്ചതെന്നും മനുഷ്യന്റെ മേന്മയ്ക്കും ഈശ്വരചിന്തയ്ക്കും അതു് ഉപകരിക്കുന്നതല്ലെന്നും അദ്ദേഹം മനസ്സിലാക്കി. മനുഷ്യബലി, വിഗ്രഹാരാധന മുതലായവ മഹമ്മദിന്റെ കാലത്തു് അറേബിയയിൽ നടപ്പുണ്ടായിരുന്നു. പക്ഷെ ദരിദ്രനായ മഹമ്മദ തന്റെ അഭിപ്രായങ്ങളെ മററാരോടും പറഞ്ഞിരുന്നില്ല.

മഹമ്മദിന്റെ നിൎദ്ധനാവസ്ഥയ്ക്കു് ഒരു മാററം വന്നു. ധനികയായ കദീജ എന്നൊരു വിധവ മഹമ്മദിൽ അ

നരകതയായിത്തീരുകയും അദ്ദേഹം ആ മഹതിയെ വിവാഹംചെയ്യുകയും ചെയ്തു. ഈ ബന്ധത്തിനുശേഷം പണത്തിന്റെ കാര്യത്തിൽ നബിക്കുണ്ടായിരുന്ന ബുദ്ധിമുട്ട് ഇല്ലാതെയായി. ഈശ്വരധ്യാനത്തിനു വേണ്ട ഏകാഗ്രത അദ്ദേഹത്തിനു ലഭിക്കുകയും ചെയ്തു.

മഹമ്മദിന് അപ്പോൾ ഏതാണ്ടു നാല്പതു വയസ്സു പ്രായമായിരുന്നു. പതിവുപോലെ ഒരു ദിവസം വിജനമായ ഒരു ഗുഹയിൽ അദ്ദേഹം ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദൈവദൂതൻ പ്രത്യക്ഷനായി ചില മഹാതത്ത്വങ്ങൾ അദ്ദേഹത്തിന് ഉപദേശിച്ചു. അതിനുശേഷമാണ് നബിക്ക് ഈശ്വരവിഷയത്തിൽ ജ്ഞാനം സിദ്ധിച്ചത്. ഇടയ്ക്കിടെ ദൈവദൂതൻ അദ്ദേഹത്തെ വീണ്ടും ഉപദേശിച്ചിരുന്നു. ഇങ്ങനെ പരിപൂർണ്ണതത്ത്വജ്ഞാനം സിദ്ധിച്ച നബി തന്റെ മതതത്ത്വങ്ങൾ പ്രചരിപ്പിക്കുവാൻ ഉത്സാഹിച്ചു. ഇസ്ലാംമതമെന്ന പേരിൽ അതു ക്ഷണത്തിൽ നാടൊട്ടുക്കു പരന്നു. ആദ്യമായി ഈ പുതിയമതം സ്വീകരിച്ചതു് നബിയുടെ ഭാര്യയായ കദീജയായിരുന്നു. അവരുടെ ധനം മുഴുവൻ മതപ്രചരണത്തിനു ചെലവഴിക്കുവാൻ കദീജ ഉത്സാഹം പ്രദർശിപ്പിച്ചു. ഇങ്ങനെ പ്രിയതമയുടെ പിൻതുണയോടുകൂടി അദ്ദേഹം തന്റെ മതസിദ്ധാന്തങ്ങളെ സാരപൂർണ്ണങ്ങളായ പ്രസംഗങ്ങൾ വഴിയായി ജനങ്ങളെ മനസ്സിലാക്കി.

അനേകം ജനങ്ങൾ ഈ പുതിയ മതം സ്വീകരിക്കുന്നതിനു സന്നദ്ധരായി. നബിയുടെ കീർത്തി വ്യാപിച്ചതോടുകൂടി അദ്ദേഹത്തിനു ചില ശത്രുക്കളും ഉണ്ടായിത്തീർന്നു. അവർ എങ്ങനെയെങ്കിലും ആ മഹാപുരുഷനെ വധിക്കുവാൻ തീർച്ചയാക്കി. പക്ഷേ അവരുടെ നീചമായ ഉദ്ദേശം മുൻകൂട്ടി അറിഞ്ഞ നബി ആരും അറി

യാതെ മെക്കയിൽനിന്നു മദീനായിലേക്കു സ്ഥലംമാറി. ആ ദിവ്യനെ മദീനാനിവാസികൾ സന്തോഷത്തോടുകൂടി സ്വീകരിച്ചു. അവിടെ മതം പ്രചരിപ്പിക്കുവാൻ അദ്ദേഹത്തിനു കൂടുതൽ സൌകര്യവും ഉണ്ടായി.

മെക്കയിൽനിന്നു മദീനയിലേക്കുള്ള യാത്രയ്ക്കു 'ഹിജറ' എന്നു പറയുന്നു. മദീനയിൽച്ചെന്നു് അധികകാലം കഴിയുന്നതിനുമുമ്പു പ്രിയപത്നി കാലധർമ്മം പ്രാപിച്ചു. മതം പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം തൻെറ സ്വത്തുമുഴുവൻ ഇതിനകം ചെലവഴിച്ചുമിരുന്നു. എന്നാൽ ഇസ്ലാംമതം സ്വീകരിക്കുവാൻ സന്നദ്ധരായി വന്ന ജനങ്ങളുടെ സംഖ്യ അനുദിനം വർദ്ധിച്ചുവന്നതുകണ്ടു് അദ്ദേഹം സന്തുഷ്ടനായി. അറേബിയയിലും അതിനടുത്ത പ്രദേശങ്ങളിലുമുള്ള രാജ്യാധികാരികൾ നബിയോടു് എതിൎത്തു. നബി നല്ലൊരു സൈന്യം ശേഖരിച്ചു് അവരോടു പടവെട്ടി ജയിക്കുകയും പ്രബലമായ ഒരു രാജ്യം സ്ഥാപിക്കുകയും ചെയ്തു.

ലോകത്തിലെ വിശിഷ്ടമതങ്ങളിൽ ഒന്നിൻെറ സ്ഥാപകനും ദിവ്യനുമായ ആ മഹാപുരുഷൻ ~~52~~ 63-ാമത്തെ വയസ്സിൽ പരലോകം പ്രാപിച്ചു.

## ൧൭. കൽക്കരി.

വിറകില്ലാതെ ഭക്ഷണം പാകംചെയ്വാൻ സാധിക്കുകയില്ലെന്നു് അറിയാമല്ലോ. നമ്മുടെ നാട്ടിൽ വൃക്ഷങ്ങളെക്കൊണ്ടു നിബിഡമായ കാനനങ്ങൾ ഉള്ളതുകൊണ്ടു വിറകു കിട്ടുവാൻ പ്രയാസമില്ല. വൃക്ഷങ്ങളുടെ ഉണങ്ങിയ കൊമ്പുകളും മറവും നാം കത്തിച്ചുവരുന്നു. എന്നാൽ പാശ്ചാത്യരാജ്യങ്ങളിൽ കൽക്കരിയാണു നമ്മുടെ വിറ

കിനപകരം സാധാരണമായി ഉപയോഗിക്കുന്നതു്. കൽക്കരി കത്തിച്ചാൽ ചൂട കൂടുതൽ ഉണ്ടാകുന്നതുകൊണ്ടു പാചകകൃത്യത്തിനു സൌകര്യം കൂടുന്നു.

കൽക്കരി കല്ലുപോലെ കഠിനമായും, കരിക്കട്ടപോലെ കറുത്തുമിരിക്കും. അതുകൊണ്ടായിരിക്കണം ഈ വസ്തുവിനു കൽക്കരിയെന്നു പേർ സിദ്ധിച്ചതു്. ഈ പദാൎത്ഥം ഉണ്ടായിട്ടുള്ളതു് എങ്ങനേയെന്നു് അധികം പേരും മനസ്സിലാക്കിയിരിക്കയില്ല. അതിപ്രാചീന കാലത്തു് ഇന്നത്തേക്കാൾ ഗഹനതരങ്ങളായ കാടുകൾ ഉണ്ടായിരുന്നു. കാട്ടുതീകൊണ്ടും മററും കത്തിക്കരിഞ്ഞ മരം കാടുനീളെ കിടന്നിരിക്കണം. പിന്നീടു ഭൂകമ്പം കൊണ്ടോ മറേറാ കത്തിയതും കത്താത്തതുമായ വൃക്ഷങ്ങൾ മണ്ണിന്നടിയിൽ ചെട്ടുപോകുകയും വായുവിൻേറയും മുകളിലുള്ള മണ്ണിൻേറയും ഭാരംകൊണ്ടു് കാലക്രമത്തിൽ കട്ടിയായിത്തീരുകയും ചെയ്യുന്നു. മുകൾഭാഗത്തു് അനന്തരകാലങ്ങളിൽ പിന്നെയും മണ്ണുവന്നു മൂടുന്നതിനാൽ ഇവ വളരെ ആഴത്തിൽ ആണ്ടുപോകുന്നു. ഇങ്ങനെ സംഭവിച്ചതിൻെറ ഫലമായി ഉണ്ടായതാണു കൽക്കരി.

ഈ പദാൎത്ഥം ഭൂഗൎഭത്തിൽനിന്നു കുഴിച്ചെടുക്കുകയാണു ചെയ്യുന്നതു്. കൽക്കരി ഉള്ള സ്ഥലങ്ങളിൽ വളരെ ആഴത്തിൽ കുഴികൾ കുഴിക്കുന്നു. ഉപരിതലത്തിലുള്ള മണ്ണും കല്ലും തുരന്നു കളഞ്ഞതിനുശേഷമാണു് കല്ക്കരി കണ്ടുകിട്ടുക. ഇമ്മാതിരി കുഴികൾക്കു ഖനികളെന്നു പറയുന്നു. കൽക്കരി ഖനികൾ കുഴിക്കുമ്പോൾ ഇടിഞ്ഞുപോകാതിരിപ്പാൻ കല്ലു്, ഇഷ്ടിക മുതലായ ഉറപ്പേറിയ വസ്തുക്കൾ ഉപയോഗിച്ചു കുഴികൾ കെട്ടിപ്പടുക്കാറുണ്ടു്.

അഗാധമായ കിണറുകഠം നിങ്ങഠം കണ്ടിട്ടില്ലേ? അവയുടെ അധോഭാഗം ഇരുളടഞ്ഞിരിക്കും. കൽക്കരി ഖനികളിലും ഈ വൈഷമ്യം ഉണ്ട്. വേലക്കാക്ക ജോലിചെയ്യുവാൻ ഖനികഠംക്കടിയിൽ വെളിച്ചം വേണമല്ലോ. ആദിമകാലങ്ങളിൽ സാധാരണ വിളക്കുകളാണ് ഇതിന് ഉപയോഗിച്ചിരുന്നതു്. എന്നാൽ പെട്ടെന്നു തീപിടിക്കുന്ന ഒരുതരം വായു കൽക്കരിഖനികളിൽ ഉണ്ടാകുന്നതുകൊണ്ടു പലപ്പോഴും ജീവഹാനിക്ക് ഇടവന്നിട്ടുണ്ട്. ഡേവിയെന്നൊരു പ്രസിദ്ധശാസ്ത്രജ്ഞൻ ജ്വാല പുറത്തുപോകാത്ത ഒരു പ്രത്യേകതരം വിളക്കു കണ്ടുപിടിച്ചതോടുകൂടി തൊഴിലാളികഠംക്കു നിർഭയം ഖനികളിൽ ജോലി ചെയ്യാറായി.

ഇന്ത്യയിൽ കൽക്കരിഖനികഠം സുലഭമല്ല. ഇംഗ്ലണ്ട്, ജർമ്മനി മുതലായ രാജ്യങ്ങളിൽ പല സ്ഥലങ്ങളിൽ നിന്നും കൽക്കരി കിട്ടിവരുന്നുണ്ട്. അനേകായിരം ടൺ കൽക്കരി കൊല്ലംതോറും അവിടങ്ങളിൽ കുഴിച്ചെടുത്തുവരുന്നു. കൽക്കരി ഖനികളെല്ലാം ഗവമ്മേണ്ടിൻെറ അധീനത്തിലാണ്.

വിറകിനുപകരം ഉപയോഗിക്കുന്ന ഈ വസ്തുവിനെക്കൊണ്ടുള്ള പ്രയോജനം കുറച്ചല്ല. തീവണ്ടി, ആവിക്കപ്പൽ, യന്ത്രങ്ങഠം എന്നിവ നടത്തുന്നതിനു കൽക്കരി അത്യാവശ്യമാണ്. കാട്, ഈയം എന്നീ ലോഹങ്ങഠം ഉരുകുന്നതിനു മരക്കരിയിൽനിന്നു കിട്ടുന്ന ചൂടു മതിയാകുമെങ്കിലും ഇരുമ്പ് ഉരുകുവാൻ കൽക്കരിവേണം. ഇരുമ്പുകൊണ്ടുള്ള യന്ത്രങ്ങളും വിവിധങ്ങളായ ഉപകരണങ്ങളും ഒരു രാജ്യത്തിൻെറ ക്ഷേമത്തെ ഉയത്തുന്നതാകകൊണ്ടു കൽക്കരി അത്യാവശ്യമായ ഒരു പദാത്ഥമാണെന്നു മനസ്സിലാക്കാവുന്നതാണ്.

## ൧൬. വത്സവധം.

ഒരു നാളഥ രാമകേശവന്മാ-
രൊരുകൂട്ടം പശുപാലബാലരോടെ
തരസാ പശുബാലപാലനാൎത്ഥം
പരിതോഷേണ ഗമിച്ചു കാനനാന്തേ. ൧

കരസീമനി കങ്കണങ്ങൾ ചേൎത്ത-
ങ്ങരയിൽക്കിങ്ങിണിയും നിറച്ചു ചാൎത്തി
പുരികുന്തലു പീലി കോൎത്തുകെട്ടി-
പ്പരിചോടങ്ങെഴുനള്ളി ഗോപബാലൻ. ൨

തളയും വളയും കിലുക്കി മെല്ലെ-
ക്കളവേണുസ്വനവും മുഴക്കി മന്ദം
കളിപുഞ്ചിരി കൺവിലാസമോടെ
കളഗോപാലക ബാലകൻ നടന്നാൻ. ൩

സ്ഫടികത്തിനു തുല്യമാം ശരീരം
പടലം നീലദുകൂലവും ധരിച്ച്
പടുഭാവമിയന്നു മന്ദമന്ദം
നടകൊണ്ടാനഥ രോഹിണീതനൂജൻ. ൪

തരമൊത്ത വയസ്യരോടുകൂടി-
ത്തരുമൂലങ്ങളിൽനിന്നു കേളിയാടി
തരുണാൎക്കസമ പ്രകാശകന്മാർ
തരസാ ഗോക്കളെ മേച്ചു സഞ്ചരിച്ചാർ. ൫

ശിശുവാകിന കൃഷ്ണനെച്ചതിപ്പാൻ
പശുവത്സാകൃതി പൂണ്ടു കംസദൂതൻ
അസുരാധമനാശു തത്ര ചെന്നാ-
നസുനാശത്തിനടുക്കയാലൊരുന്നാൾ. ൬

കരുണാകരനാങ്ങറിഞ്ഞു വേഗാൽ
ചരണം രണ്ടുമുടൻ കരേ ഗ്രഹീത്വാ
തരുതന്നിലടിച്ചു നിഗ്രഹിച്ചാൻ
തരസാ ദാനവനെ ത്രിലോകനാഥൻ. ൭

ദിവി ദേവകൾ പുഷ്പവൃഷ്ടി ചെയ്താർ
ഭുവനാധീശനിലുള്ള ഭക്തിയോടെ
നവസുന്ദരനിന്ദിരാമണാളൻ
ഭവനം പുക്കു ഭുജിച്ചു സുപ്തനായി. ൮

(ശ്രീകൃഷ്ണചരിതം മണിപ്രവാളം.)

## ൧൭. തേയില.

ജോലിചെയ്തു ക്ഷീണിക്കുന്നവർ കാപ്പിയും ചായയും സാധാരണ ഉപയോഗിക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. ശരീരത്തിന് ഉന്മേഷം നല്കുന്നതിന് അവയ്ക്കുള്ള പ്രത്യേകശക്തിയാണ് ഇതിനു കാരണം. ഈ പാനീയങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടാണു വരുന്നത്. ചായക്കടകൾ ഇല്ലാത്ത നഗരങ്ങളും ഗ്രാമങ്ങളും ഇക്കാലത്തു ദുർല്ലഭമാണ്. ഇതു ശീലിച്ചിട്ടുള്ളവർക്കു കൃത്യസമയത്തു കിട്ടിയില്ലെങ്കിൽ എന്തെന്നില്ലാത്ത ഒരു ഗ്ലാനതയും നിരുത്സാഹതയും ഉള്ളതായി കണ്ടുവരുന്നു.

റബ്ബർ, കാപ്പി മുതലായവ കൃഷിചെയ്യുന്നതുപോലെ വിസ്തൃതങ്ങളായ തോട്ടങ്ങളിലാണു തേയില കൃഷിചെയ്യുന്നത്. ഒരു തോട്ടത്തിൽ അനേകശതം ജോലിക്കാർ ദിവസംപ്രതി പ്രവൃത്തിചെയ്തുകൊണ്ടിരിക്കും. മാർച്ച്മാസാരംഭത്തോടുകൂടി തേയിലവിത്തുകൾ ശേഖരിച്ചു

കുറെ ദിവസത്തേക്കു നനവുള്ള മണ്ണിൽ സൂക്ഷിക്കുകയും അനന്തരം പാകുകയും ചെയ്യുന്നു. തൈകൾ മുളച്ച് ഒരു കൊല്ലം കഴിഞ്ഞാൽ അവയെ പറിച്ചു വരിയായി നടുന്നു. സസ്യങ്ങൾക്കു തമ്മിൽ നാലടിയോളം അകലം ഉണ്ടായിരിക്കണം. അവ വളൎന്നു മൂന്നുനാലടി ഉയൎന്നാൽ തലകളെല്ലാം വെട്ടിക്കളയുകയും ചുററം ചെറിയ ശാഖകൾ പൊട്ടിത്തഴയ്ക്കുകയും ചെയ്യുന്നു. തേയിലച്ചെടിയുടെ ഇലകൾ ഉപയോഗാൎത്ഥം സംഭരിക്കുന്നതിന് അവ പറിച്ചു നട്ടതിനുശേഷം മൂന്നുകൊല്ലക്കാലം കഴിയണം. അതിനുശേഷം കൊല്ലംതോറം മൂന്നുനാലുപ്രാവശ്യം ഇലകൾ പറിക്കാവുന്നതാണ്.

എങ്ങനേയാണു ചായ ഉണ്ടാക്കുന്നതെന്നു നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? ഒരു പാത്രത്തിൽ ശുദ്ധജലമെടുത്തു നല്ലപോലെ തിളപ്പിക്കുക. അനന്തരം ചായപ്പാത്രമെടുത്ത് അതിൽ അല്പം തിളച്ച വെള്ളമൊഴിച്ചു പാത്രം ചൂടുപിടിപ്പിക്കുക. ആ വെള്ളം പുറത്തുകളഞ്ഞതിനുശേഷം നല്ല തേയില ചായപ്പാത്രത്തിലിട്ട് അതിൽ ആവശ്യം അനുസരിച്ചു തിളച്ചവെള്ളം ഒഴിച്ച് അടച്ചുവയ്ക്കുക. നാലഞ്ചുനിമിഷം നേരം അങ്ങനെ വച്ചതിനുശേഷം മറെറാരു പാത്രത്തിലേക്കു ചായ ഊററിയെടുക്കുക. ഈ വെള്ളത്തിൽ പാലും പഞ്ചസാരയും ചേൎത്താൽ ചായയായി. ചായ തിളച്ചവെള്ളത്തിൽ അധികം നേരം കിടക്കുന്നതിന് ഒരിക്കലും അനുവദിക്കരുത്. അധികംനേരം വച്ചുകൊണ്ടിരുന്നാൽ തേയിലയിൽ അന്തൎഭവിച്ചിട്ടുള്ള 'തേയിൻ' എന്നൊരുതരം വിഷം ജലത്തിൽ കലരുന്നു. ഈ വിഷം ശരീരത്തിന് ആരോഗ്യകരമല്ല.

തേയിലയുടെ ഉപയോഗംകൊണ്ടു തൽക്കാലം ഒരു

ത്സാഹം സിദ്ധിക്കുന്നുണ്ടെങ്കിലും അതുകൊണ്ടു പല ദോഷങ്ങളും ഉണ്ടു്. ചായയിലുള്ള ഒരുതരം അമ്ലം ദീപനത്തിനു വിഘാതമാകയാൽ ഇതിൻെറ അമിതമായ ഉപയോഗം തലവേദന, നിദ്രയില്ലായ്മ എന്നീ രോഗങ്ങൾക്കു കാരണമായിത്തീരുന്നു. ദിവസേന വളരെ അധികം ചായ കുടിച്ചു ശീലിച്ചിട്ടുള്ളവർ പിന്നീടു മദ്യപാനികളായിത്തീരുവാനിടയുണ്ടു്. തേയിലയ്ക്കു ശരീരത്തിനു വേണ്ട ഉന്മേഷം പ്രദാനംചെയ്യാൻ സാധിക്കാതെ വരുമ്പോൾ അതിനേക്കാൾ കൂടുതൽ ലഹരിയുള്ള പദാത്ഥങ്ങൾ മനുഷ്യർ ഉപയോഗിച്ചുതുടങ്ങുന്നു. അതുകൊണ്ടു് ചായകുടി പരിശീലിക്കുന്നതു നല്ലതല്ല. എന്നാൽ ഇംഗ്ലണ്ടു്, ഫ്രാൻസ് മുതലായ പാശ്ചാത്യരാജ്യങ്ങളിലെ നിവാസികൾക്കു മദ്യപാനവിഷയത്തിലുണ്ടായിരുന്ന താൽപര്യത്തെ തേയിലയുടെ പ്രചാരം കുറെ ശമിപ്പിച്ചിട്ടുണ്ടു്.

തേയിലകൃഷി ആരംഭിച്ചതു ബങ്കാളീയരാണെന്നു പറയപ്പെടുന്നു. അതിനുശേഷമാണത്രെ ചൈനക്കാർ ഈ കൃഷി ചെയ്തുതുടങ്ങിയതു്. ഇപ്പോൾ സിലോൺ, ബങ്കാൾ മുതലായ സ്ഥലങ്ങളിൽ അതിവിസ്തൃതങ്ങളായ വളരെ തേയിലത്തോട്ടങ്ങളുണ്ടു്. അവിടങ്ങളിൽനിന്നു് ആണ്ടുതോറും അനേകം ടൺ തേയില വിദേശങ്ങളിലേക്കു കയററിപ്പോകുന്നു.

## ൧൮. ക്ഷമാശീലനായ ജോബ്.

വളരെക്കാലം മുമ്പ് എഡം എന്ന സ്ഥലത്തു് ഒരു മഹാൻ ജീവിച്ചിരുന്നു. ജോബ് എന്നായിരുന്നു അദ്ദേഹത്തിൻെറ പേർ. ഈശ്വരഭക്തികൊണ്ടും സൽഭാവഗുണംകൊണ്ടും പ്രഖ്യാതനായിത്തീൎന്ന അദ്ദേഹത്തി

ന്ന് ഏഴു പുത്രന്മാരും മൂന്നു പുത്രികളും ഉണ്ടായിരുന്നു. അദ്ദേഹത്തെപ്പോലെ ധനികനായി മററാരും ആ നാട്ടിൽ ഉണ്ടായിരുന്നില്ല. ഏഴായിരം ആടുകളും മൂവ്വായിരം ഒട്ടകങ്ങളും അഞ്ഞൂറ് ഏറ കാളകളും അഞ്ഞൂറ കഴുതകളും അദ്ദേഹത്തിനുണ്ടായിരുന്നു. സമ്പത്തു വദ്ധിക്കുംതോറും ജോബിൻെറ വിശിഷ്ടഗുണങ്ങളും അധികമായി വന്നു. ബന്ധുക്കൾക്കും സ്നേഹിതന്മാക്കും ഭൃത്യന്മാക്കും അദ്ദേഹം കണ്ണിലുണ്ണിയായിരുന്നു.

അങ്ങനേയിരിക്കേ ഒരുദിവസം സാത്താൻ ഈശ്വരസന്നിധിയിൽ എത്തി. ദൈവം അവനോടു പറഞ്ഞു:

ദൈവം:—"ഭക്തനായ ജോബിനെ നീ അറിയുമോ? അവനോളം ഗുണംതികഞ്ഞ ഒരാളെ ലോകത്തിലെങ്ങും കാണുവാൻ കഴികയില്ല."

സാത്താന്ന് ഈ അഭിപ്രായം അശേഷം രസിച്ചില്ല.

സാത്താൻ:— "ദേവാ, വേണ്ടതിലധികം ധനവും പുത്രസമ്പത്തും ആരോഗ്യവും മററും ഒരാൾക്കു കൊടുത്താൽ നിശ്ചയമായും അവൻ ഭക്തനായിത്തീരും. അവിടന്നു ജോബിൻെറ ഐശ്വൎയ്യത്തിന്മേൽ കൈ വച്ചാൽ അപ്പോൾ കാണാം അവൻെറ ഭക്തി നശിക്കുന്നതു്. ഇന്നു് അങ്ങയെ സ്തുതിക്കുന്ന നാക്കുകൊണ്ടുതന്നെ അന്നു് അവൻ നിന്ദിക്കും."

ദൈവം ജോബിൻെറ ക്ഷമയെ പരീക്ഷിക്കുവാൻ നിശ്ചയിച്ചു. അദ്ദേഹത്തിൻെറ ദേഹത്തിൽ സ്പൎശിക്കാതെ എന്തുവേണമെങ്കിലും ചെയ്യാൻ സാത്താന്ന് അനുവാദം നല്കി. സന്തുഷ്ടചിത്തനായ സാത്താൻ ജോബിൻെറ സമ്പത്തിനേയും സന്താനങ്ങളേയും ഓരോന്നായി നശിപ്പിച്ചു. ഒരുദിവസം അദ്ദേഹത്തിൻെറ മക്കൾ സീമന്തപുത്രൻെറ ഭവനത്തിൽ ഭക്ഷണത്തിന്നിരിക്കു


മ്പോൾ ഒരു ദൂതൻ ഓടിവന്നു ജോബിനെ ഇങ്ങനെ അറിയിച്ചു:—"പ്രഭോ, ഉഴുതുകൊണ്ടിരിക്കുമ്പോൾ സബിയന്മാർ സംഘംചേൎന്നു വന്നു് അവിടത്തെ ഭൃത്യന്മാരെ കൊന്നു കാളകളേയും കഴുതകളേയും പിടിച്ചു കൊണ്ടു പോയിരിക്കുന്നു." ഈ അനിഷ്ടവാൎത്ത പറഞ്ഞുതീരുന്നതിനുമുമ്പു മറ്റൊരു ദൂതൻവന്നു് "ആടുകളും വേലക്കാരും ആകാശത്തിൽനിന്നു വീണ അഗ്നിയിൽ ദഹിച്ചുപോയി" എന്നു് അറിയിച്ചു. അപ്പോഴേക്കും മൂന്നാമതൊരുവൻ ഓടിവന്നു കൽദായക്കാർ ഒട്ടകങ്ങളെ ആട്ടിക്കൊണ്ടു പോയെന്നു കിതച്ചുകൊണ്ടു പറഞ്ഞുതീൎത്തു. ജോബിനു വന്ന നാശം ഇതുകൊണ്ടും അവസാനിച്ചില്ല. മക്കൾ വിരുന്നിനിരിക്കുമ്പോൾ ആ ഭവനം മുഴുവൻ ഉഗ്രമായ ഒരു കൊടുങ്കാററിൽ നശിച്ചു് അവരെല്ലാം മൃതരായിയെന്ന വൎത്തമാനവുംകൊണ്ടു് ഒരുത്തൻ അവിടെ എത്തി.

ജോബു നിശ്ശബ്ദനായി എഴുന്നേററു വസ്ത്രങ്ങൾ പിടിച്ചുകീറി, തല ക്ഷൌരംചെയ്തു മേലോട്ടുനോക്കി ക്ഷമയോടുകൂടി ഇങ്ങനെ പറഞ്ഞു: "ദേവാ, നഗ്നനായി ഞാൻ ജനിച്ചു; നഗ്നനായിത്തന്നെ ഞാൻ മടങ്ങണം. അവിടന്നു തന്നതു് അവിടന്നെടുത്തു. അതായിരിക്കും അവിടത്തെ ഇഷ്ടം." ജോബിൻെറ ക്ലേശം ദുസ്സഹമായിരുന്നിട്ടും ഈശ്വരനു വിരോധമായി ഒരു വാക്കുപോലും അദ്ദേഹം ശബ്ദിച്ചില്ല.

സാത്താൻ ദൈവത്തിൻെറ മുമ്പിൽ വീണ്ടും ചെന്നു. ഈശ്വരൻ ചോദിച്ചു.

ഈശ്വരൻ:—"ജോബിൻെറ സ്വഭാവം നിനക്കു മനസ്സിലായില്ലേ. നീ കാരണം അവനെ ഉപദ്രവിക്കേണ്ടതായി വന്നുവല്ലോ."

സാത്താൻ:—"ദേവ, ശരീരസൌഖ്യം സ്ഥിതിചെയ്യു
ന്നിടത്തോളം കാലം ആരാണ് ലോകനാഥനെ പ



ഴിയ്ക്കുക? അതൊന്നു കളഞ്ഞുനോക്കൂ; ജോബിന്റെ
ക്ഷമ അപ്പോൾ വിശദമാകും."

അങ്ങനെ ചെയ്യുവാൻ സാത്താന് അനുവാദം ലഭിച്ചു. അടുത്ത നിമിഷത്തിൽ ജോബിന്റെ ശരീരം മുഴുവൻ ഭയങ്കരവ്രണങ്ങളെക്കൊണ്ടു നിറഞ്ഞുകഴിഞ്ഞു. ജോബ് ഒരു മൺപാത്രക്കഷണമെടുത്ത് ദുർഗ്ഗന്ധം വമിക്കുന്ന വ്രണങ്ങളിൽനിന്നു പുഴുക്കളെ തോണ്ടിക്കളഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ അടുത്തുവന്ന് "ഇനിയും ഈശ്വരഭജനം നിറുത്താറായില്ലല്ലോ. ഇതിനേക്കാൾ നല്ലതു മരിക്കുകയാണ്" എന്നുപറഞ്ഞു. "ഈശ്വരനിൽനിന്നു നന്മയെപ്പോലെത്തന്നെ തിന്മയേയും സന്തോഷത്തോടുകൂടി സ്വീകരിക്കേണ്ടതാണ്" എന്ന് അദ്ദേഹം ഭാര്യയെ സമാധാനപ്പെടുത്തി.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ ജോബിനുവന്ന അത്യാഹിതം കേട്ടറിഞ്ഞ് മൂന്നു സ്നേഹിതന്മാർ അദ്ദേഹത്തെ സന്ദർശിക്കുവാൻ വന്നു. വളരെ അടുത്തെത്തുന്നതുവരെ അവക്ക് അദ്ദേഹത്തെ തിരിച്ചറിവാൻ കഴിഞ്ഞില്ല. അത്രയ്ക്കു വിരൂപമായിരുന്നു ആ ശരീരം. സ്നേഹിതന്മാർ അടുത്തെത്തി ഏഴു രാവും പകലും ഒരു വാക്കുപോലും ഉരിയാടാതെ ജോബിന്റെ സമീപത്തിരുന്നു. ഇടയ്ക്കിടെ കണ്ണുനീർ പൊഴിച്ചും വസ്ത്രം കീറിയും തലയിൽ മണ്ണു ചിതറിയും അവർ ദുഃഖം പ്രദർശിപ്പിച്ചു. ഏഴു ദിവസത്തിനുശേഷം ജോബ് തനിക്കുവന്ന അത്യാപത്ത് അവരെ പറഞ്ഞു മനസ്സിലാക്കി. ആ മൂന്നു സ്നേഹിതന്മാരും ജോബു പാപംചെയ്തിട്ടുണ്ടായിരിക്കണമെന്നും പാപികളെ അല്ലാതെ ദൈവം ശിക്ഷിക്കുകയില്ലെന്നും പറഞ്ഞ് അദ്ദേഹത്തെ കുററപ്പെടുത്തി. സുഖവും ദുഃഖവും ലോകത്തിൽ സാധാരണമാണെന്നും ദുഃഖകാലത്ത് ഈശ്വരനെ നിന്ദിക്കേണ്ടതില്ലെന്നും ആ ക്ഷമാശീലൻ തന്റെ സ്നേഹിതന്മാരോടു പറഞ്ഞു. കൂടുതൽ ക്ഷ

മയും ഭക്തിയും ജോബ് ആ സമയത്തെല്ലാം പ്രദൎശിപ്പിച്ചുവെങ്കിലും അദ്ദേഹം നിരപരാധിയാണെന്നു കൂട്ടുകാൎക്കു ബോദ്ധ്യമായില്ല.

ദൈവം ജോബിനെ കൂടുതൽ ക്ലേശിപ്പിക്കുവാൻ അനുവദിച്ചില്ല. അദ്ദേഹത്തിൻെറ ക്ഷമ ഇതിനകം നല്ലപോലെ വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. ആ മഹാനെ ദ്രോഹിച്ച സ്നേഹിതന്മാരുടെ കുററം അദ്ദേഹത്തിൻെറ പ്രാൎത്ഥനയനുസരിച്ച് ദൈവം ക്ഷമിക്കുകയും ജോബിനു് പൂൎവ്വാധികം സമ്പത്തു ദാനംചെയ്യുകയും ചെയ്തു. ആദ്യം ഉണ്ടായിരുന്നതിൽ ഇരട്ടി ധനം അദ്ദേഹത്തിനു വീണ്ടും സിദ്ധിച്ചു. ഏഴു പുത്രന്മാരും മൂന്നു പുത്രികളും അദ്ദേഹത്തിനു വീണ്ടും ജനിക്കുകയും ഈശ്വരനെ സ്തുതിച്ച് ജോബു വളരെക്കാലം ജീവിക്കുകയും ചെയ്തു.

---

## ൧൯. ജലം.

ജീവികൾക്കെല്ലാം വായു, ഭക്ഷണം എന്നിവയെപ്പോലെ അത്യന്താപേക്ഷിതമായ ഒന്നാണു വെള്ളം. സസ്യങ്ങളുടെ വളൎച്ചയ്ക്കും വെള്ളം അത്യാവശ്യംതന്നെ. ഈ വസ്തു ധാരാളം സിദ്ധിക്കുന്ന രാജ്യങ്ങളിൽ മാത്രമേ മനുഷ്യർ താമസിച്ചുവരുന്നുള്ളു. വെള്ളം കിട്ടുന്നതിനുള്ള സൌകൎയ്യംനോക്കി ആദിമകാലങ്ങളിലെ ജനങ്ങൾ നദീതീരങ്ങളിലാണു് അധികമായി വസിച്ചിരുന്നതു്. പുഴകളോടു സമീപിച്ചു വലിയ നഗരങ്ങൾ ഉണ്ടാകുന്നതിനും ഇതുതന്നെയാണു കാരണം.

നദി, കിണർ, കുളം എന്നിവയിൽനിന്നാണു കുടിക്കുവാനുള്ള വെള്ളം എടുക്കുന്നതു്. മഴവെള്ളവും നിത്യോപയോഗത്തിനു പററിയതുതന്നെയാണു്. മററ ജലസ

മ്പാദനമാൎഗ്ഗങ്ങൾ ഇല്ലാത്ത രാജ്യങ്ങളിലെ ജനങ്ങൾ മഴ വെള്ളം ശേഖരിച്ച് ഉപയോഗിക്കാറുണ്ട്. പുരപ്പുറത്തു വീഴുന്ന മഴവെള്ളം കുഴൽവഴിയായി വലിയ തൊട്ടികളിൽ സംഭരിക്കുന്നു. മഴവെള്ളത്തിൽ വായുവിലെ മലിനപദാൎത്ഥങ്ങൾ കലരുന്നതിനാൽ ശുദ്ധിവരുത്തി വേണം ഇതു് ഉപയോഗിക്കുവാൻ. സാധാരണമായി നാം കിണററിലെ വെള്ളമാണല്ലോ ഉപയോഗിക്കാറുള്ളതു്. കിണറുകൾക്കു മീതെ വൃക്ഷങ്ങൾ വളൎന്നാൽ അവയുടെ ജീൎണ്ണപത്രങ്ങൾ കിണററിൽ വീഴുവാൻ ഇടയാകുന്നു. ഇങ്ങനെ വീഴുന്ന ഇലകൾ ചീഞ്ഞു ജലം ഉപയോഗയോഗ്യമല്ലാതായിത്തീരും. അതുകൊണ്ടു കിണററിന്നരികെ വൃക്ഷങ്ങൾ വളരുവാൻ അനുവദിക്കുന്നതു നല്ലതല്ല. വെയിൽകൊള്ളാത്ത കിണററിലെ ജലം ഉപയോഗിക്കുന്നതും ആരോഗ്യത്തിനു ഹാനികരമാണു്. ചളിനിറഞ്ഞ പ്രദേശങ്ങളിലുള്ള കിണറുകളിലെ വെള്ളം പലപ്പോഴും കലങ്ങി മറിഞ്ഞിരിക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. ആ വെള്ളം കോരിയെടുത്തു വലിയ പാത്രങ്ങളിൽ സൂക്ഷിച്ച് തെളിഞ്ഞതിനുശേഷം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.

കുളത്തിലെ വെള്ളം ഉപയോഗിക്കുന്നവരാണു കൂടുതൽ സൂക്ഷിക്കേണ്ടതു്. കുളിക്കുകയും മലിനവസ്ത്രങ്ങൾ അലക്കുകയും ചെയ്യുന്നതിനാൽ മിക്ക കുളങ്ങളിലേയും ജലം നിൎമ്മലമായിരിക്കുകയില്ല. രോഗാണുക്കൾ അതിൽ ധാരാളം ഉണ്ടാകാവുന്നതുകൊണ്ടു കുളങ്ങളിലെ വെള്ളം കോരിക്കൊണ്ടുപോയി തിളപ്പിച്ച് ഉപയോഗിക്കണം. കുടിക്കുവാൻ വെള്ളം എടുക്കുന്ന കുളങ്ങളിൽ കന്നുകാലികളെ തേച്ചുകഴുകുക, വസ്ത്രങ്ങൾ അലക്കുക, കുളിക്കുക എന്നിവ ഒരിക്കലും അനുവദിക്കുവാൻ പാടുള്ളതല്ല.

പട്ടണങ്ങളിൽ സാധാരണമായി ജലത്തിനു ക്ഷാമം ഉണ്ടായിരിക്കും. ഈ ക്ലേശം പരിഹരിക്കുന്നതിനു നഗരങ്ങളുടെ സമീപസ്ഥലങ്ങളിൽനിന്നു കുഴൽവഴിയായി വെള്ളം കൊണ്ടുവരുന്ന സമ്പ്രദായം നടപ്പിലുണ്ട്. ഒരു പ്രത്യേകസ്ഥലത്തു യന്ത്രത്തിന്റെ സഹായംകൊണ്ടു വെള്ളം ശേഖരിച്ച് അതിലെ മാലിന്യം തീർത്തതിന്നുശേഷമാണു പൊതുജനോപയോഗത്തിനു വിതരണം ചെയ്യുന്നതു്. അതുകൊണ്ടു് കുഴൽവെള്ളം കിട്ടുന്ന പട്ടണങ്ങളിലെ ജനങ്ങൾക്കു പണച്ചെലവു് ഉണ്ടെങ്കിലും ശുദ്ധജലം കുടിക്കുവാൻ കഴിയുന്നു.

വെള്ളം രണ്ടു പ്രത്യേകവായുക്കൾ ചേൎന്നാണുണ്ടാകുന്നതു്. ഈ തത്ത്വം കണ്ടുപിടിച്ചതു കേവൻഡിഷ് എന്ന ഒരു ഇംഗ്ലീഷു ശാസ്ത്രജ്ഞനാണു്. സമുദ്രജലത്തിൽ പലതരം ഉപ്പുകൾ കലരുന്നതിനാൽ അതു നിൎമ്മലമാക്കാതെ ഉപയോഗിക്കുവാൻ പററുന്നതല്ല. ചില പ്രത്യേകതരം വെള്ളത്തിൽ സോപ്പു പതയാത്തതു നിങ്ങൾ കണ്ടിരിക്കും. ഇതിനെ കഠിനജലം എന്നു പറയുന്നു. ലോഹങ്ങൾ അലിഞ്ഞുചേരുന്നതുകൊണ്ടാണു വെള്ളം കഠിനമായിത്തീരുന്നതു്. സോപ്പു നിഷ്പ്രയാസം പതയുന്ന വെള്ളത്തിനെ മൃദുജലം എന്നാണു പറയുക.

ജലം ശുദ്ധിവരുത്തുന്നതിനു പല മാൎഗ്ഗങ്ങളുമുണ്ടു്. മണ്ണു്, ചളി മുതലായവയെപ്പോലെ വെള്ളത്തിൽ ലയിക്കാത്ത വസ്തുക്കൾ കലൎന്ന ജലം നിൎമ്മലമാക്കേണ്ടതു് ഒരു പ്രത്യേകരീതിയിലാണു്. വലിയ പാത്രങ്ങളിൽ ഈ വെള്ളം ശേഖരിച്ചതിനുശേഷം നല്ലപോലെ തെളിയുന്നതുവരെ സൂക്ഷിക്കുക. തെളിഞ്ഞുകഴിഞ്ഞാൽ സാവധാനം മററു പാത്രങ്ങളിലേക്കു് ഊററിയെടുക്കുക. അ

ങ്ങനെ കിട്ടുന്ന ജലം നിൎമ്മലവും തന്മൂലം ഉപയോഗിക്ക ത്തക്കതുമാണ്. എന്നാൽ ധാതുക്കൾ അലിഞ്ഞുചേൎന്നി ട്ടുള്ള വെള്ളം ശുദ്ധമാക്കേണ്ടതു് ഈ വിധത്തിലല്ല. പ്ര ത്യേകപാത്രങ്ങളിൽ ഈ ജലം ശേഖരിച്ചതിനുശേഷം നല്ലപോലെ തിളപ്പിക്കണം. പാത്രത്തിൽനിന്നു ബ ഹിൎഗ്ഗമിക്കുന്ന ആവി കട്ടും കളയാതെ കുഴൽവഴിയായി ശേഖരിച്ചു തണുപ്പിച്ചാൽ കിട്ടുന്ന വെള്ളം അതീവ ശു ദ്ധമായിരിക്കും.

ഘനം, ദ്രവം, വാതകം എന്ന മൂന്നു് അവസ്ഥകളേ യും കൈക്കൊള്ളുന്ന ഒരു പദാൎത്ഥമാണു ജലം. ഇതു നല്ല പോലെതണുപ്പിച്ചാൽ ഘനീഭവിക്കുകയും തിളപ്പിച്ചാൽ ആവിയാകുകയും ചെയ്യും. കട്ടിയായ ജലമാണു മഞ്ഞിൻ കട്ട. ഉഷ്ണകാലങ്ങളിൽ പാനീയം ശീതളമാക്കുന്നതിനു മഞ്ഞിൻകട്ട ചേൎക്കാറുണ്ടു്. അതികഠിനമായ ഈ വ സ്തു ചില കാലങ്ങളിൽ സമുദ്രജലത്തിനു മുകളിലായി സ്ഥിതിചെയ്യാറുള്ളതു് കപ്പൽനാശങ്ങൾക്കു കാരണമാ യിത്തീരുന്നു. വളരെനേരം തിളപ്പിച്ചാൽ ജലം ആവി യാകുമെന്നു പറഞ്ഞുവല്ലോ. ആവിക്കു തിളയ്ക്കുന്ന വെ ള്ളത്തേക്കാൾ നാലഞ്ചിരട്ടി കൂടുതൽ ചൂടുണ്ടു്. ഇതിനെ വേണ്ടവിധത്തിൽ നിയന്ത്രിച്ചാൽ ആവിയന്ത്രങ്ങളേയും മററും നടത്തുന്നതിനു് ആവശ്യമായ ശക്തിയും ഉണ്ടാ ക്കാവുന്നതാണു്.

ഇങ്ങനെ ജലം എല്ലാത്രപങ്ങളിലും മനുഷ്യൎക്കു് അ ത്യന്തം ഉപയോഗപ്പെടുന്നു. അതുകൊണ്ടു ജീവനാം ജീ വനുള്ള ജനത്തിൻെറ ജീവനാണു് എന്നു പറയുന്നതിൽ തെററില്ല.

## ൨൦. കണ്ണന്റെ വായിൽ.

വാ പിളൎന്നീട്ടു നീയെന്നവൾ ചൊൽകയാൽ
വാ പിളൎന്നിടിനാൻ ബാലനപ്പോൾ.
മണ്ണിനെക്കാണ്മാനായ് മാതാവു ചെന്നങ്ങ-
ക്കണ്ണന്റെ വായിലേ നോക്കുന്നേരം.
മണ്ണെല്ലാമങ്ങവൻ വായിലെ കാണായി
മണ്ണിനെയല്ലവൾ വിണ്ണുംകണ്ടാൾ.
വിണ്ണിനെക്കാൺകയാൽ വിസ്മയം പൂണ്ടവൾ
പിന്നെയും ചെഞ്ചമ്മെ നോക്കുന്നേരം.
മറ്റുള്ള ലോകങ്ങളൊക്കവേ കാണായി
തെറ്റെന്നു പൈതൽതൻ വായിൽ ചെമ്മേ.
പാതാളലോകവും വേതാളലോകവും
ധാതാവിൻ ലോകവും കൂടെ കണ്ടാൾ.
ആഴികൾ കാണായിതാശകൾതോറുമു-
ള്ളാനകൾതന്നെയും കാണായപ്പോൾ.
ആകാശം കാണായിതാദിത്യന്മാരെയും
കാർമുകിൽമാലയും താരങ്ങളും
മാമേരുമുമ്പായ ശൈലങ്ങളെല്ലാമ-
മ്മാമയപ്പൈതൽതൻ വായിൽക്കണ്ടാൾ.
ബ്രഹ്മനെക്കാണായി വിഷ്ണുവെക്കാണായി
നാന്മുനിമാരെയും കാണായ്വന്നു.
ഇന്ദ്രനെക്കാണായി ചന്ദ്രനെക്കാണായി
ഇന്ദിരാതന്നെയുമവ്വണ്ണമേ.
രുദ്രനെക്കാണായി ഭദ്രനെക്കാണായി
രുദ്രാണിതന്നെയുമവ്വണ്ണമേ.



മന്ദാരം ചെമ്പകം ചേന്റുള്ള നന്ദനം
തന്നെയുമെല്ലാമേ കണ്ടാളപ്പോൾ.
ഗോകുലം കാണായി ഗോപികമാരേയും
ഗോചന്മാർനിന്നതും കാണായപ്പോൾ.

ധന്യനായുള്ളോരു നന്ദനെക്കാണായി
തന്നെയും കാണായിതവ്വണ്ണമേ.
വായും പിളൎന്നു തൻ ചാരത്തു നിന്നൊരു
മാമയൻ തന്നെയും കാണായപ്പോൾ.
അന്തകൻ തന്നുടെ മന്ദിരം കാണായി-
തന്തകൻ തന്നേയുമവ്വണ്ണമേ!
അന്തകൻതന്നുടെയാനനം കണ്ടപ്പോ-
ളന്തമില്ലാതോളം പേടിയായി.
കണ്ണുമടച്ചു വിറച്ചു നിന്നീടിനാൾ
കണ്ണാ, കാൺവേണ്ടയെന്നോതിയോതി.
ചൊല്ലിനാൾ മെല്ലെയപ്പൈതലോടന്നേര-
മല്ലൽ പിണഞ്ഞുള്ളോരുള്ളവുമായ്.
പണ്ടെങ്ങും കാണാത്ത പാപിയെക്കാൺകയാൽ
ഇണ്ടലുണ്ടാകുന്നു പാരമുള്ളിൽ.
വാ മുറക്കേണമെൻ പൈതലേ നീയിപ്പോൾ
ചാകുന്നതുണ്ടു ഞാനല്ലയാകിൽ.
എന്നതുകേട്ടൊരു നന്ദകുമാരകൻ
മന്ദിച്ചുനില്ലാതേ വാ മുറക്കി.
അമ്മിഞ്ഞക്കായിട്ടണഞ്ഞു നിന്നീടിനാ-
നമ്മതൻ ചാരത്തു കൊഞ്ചിക്കൊഞ്ചി.

(കൃഷ്ണപ്പാട്ട്.)

---

## ൨൧. നളനും ദമയന്തിയും.


പണ്ടു വീരസേനൻെറ പുത്രനായ നളൻ നിഷധ രാജ്യം ഭരിച്ചുകൊണ്ടിരുന്നു. സുന്ദരനും വീരനും യുദ്ധ നിപുണനുമായിരുന്ന ആ മഹാരാജാവിന് അനുരൂപ

യായി വിദർഭരാജാവിന് ഒരു പുത്രിയുണ്ടായിരുന്നു. ദമയന്തിയെന്നായിരുന്നു അവളുടെ പേർ. അന്യോന്യം ഗുണഗണങ്ങൾ കേട്ടറിഞ്ഞിരുന്നതുകൊണ്ടു ബാല്യത്തിൽത്തന്നെ അവർ പരസ്പരം അനുരക്തരായി.

ഒരു ദിവസം നളൻ ഉദ്യാനത്തിൽ വിനോദിച്ചുകൊണ്ടിരിക്കുമ്പോൾ കമനീയങ്ങളായ കുറെ ഹംസങ്ങളെക്കണ്ടു. അവയുടെ കൂട്ടത്തിൽ ഉറങ്ങിക്കിടന്നിരുന്ന ഒന്നിനെ മഹാരാജാവു കടന്നുപിടിച്ചു. ആപത്തിൽപ്പെട്ട പക്ഷിയാകട്ടെ, തന്നെ വിട്ടന്നപക്ഷം ദമയന്തിയുടെ പക്കൽ നളന്റെ ദൂതനായിച്ചെന്ന് അദ്ദേഹത്തിന്റെ ഗുണങ്ങളെ വർണ്ണിക്കാമെന്ന് ഏററു. ആരയന്നത്തിന്റെ പാരവശ്യംകണ്ട് അനുകമ്പ തോന്നി അദ്ദേഹം അതിനെ വിട്ടയച്ചു. ഹംസം തന്റെ കൃത്യം ശരിയായി നിർവ്വഹിക്കുകയും വിവരം തക്കസമയത്തു നളനെ അറിയിക്കുകയും ചെയ്തു.

ദമയന്തിക്കു യൌവനാരംഭമായി. പിതാവായ ഭീമമഹാരാജാവു മകൾക്കു സ്വയംവരം നിശ്ചയിച്ചു. രാജാക്കന്മാരെ ക്ഷണിക്കുവാൻ നാലുദിക്കിലേക്കും അദ്ദേഹം ദൂതന്മാരെ അയക്കുകയും രാജധാനിയും പരിസരങ്ങളും സവിശേഷം അലങ്കരിക്കുകയും ചെയ്തു. ഇന്ദ്രാദികളും സ്വയംവരത്തിനു പോകുവാൻ നിശ്ചയിച്ചിരുന്നു. അവരുടെ അഭിലാഷം രാജകുമാരിയെ അറിയിക്കുവാൻ ദൂതനായി നളനെത്തന്നെ അവർ നിയോഗിച്ചു. ദേവന്മാരുടെ മായയാൽ അദൃശ്യമൂർത്തിയായിത്തീർന്ന നളൻ അവരുടെ ഇംഗിതമനുസരിച്ചു ദമയന്തിയെ സമീപിക്കുകയും ഇന്ദ്രാദികളുടെ ആഗ്രഹം ഗ്രഹിപ്പിക്കുകയുംചെയ്തു. പക്ഷേ, നളനെയല്ലാതെ മററാരേയും വരിക്കുകയില്ലെന്നായിരുന്നു ദമയന്തിയുടെ മറുവടി.

സ്വയംവരദിവസമായി. അനേകം രാജാക്കന്മാരും ദേവന്മാരും അതിൽ പങ്കുകൊണ്ടു. ഇന്ദ്രാദികൾ ന




ളൻെറ ആകൃതി തന്നെ സ്വീകരിച്ചിരുന്നതുകൊണ്ടു ദമയന്തിക്കു പെട്ടെന്നു തൻെറ കാമുകനെ തിരിച്ചറിയു

വാൻ കഴിഞ്ഞില്ല. പക്ഷേ അവരുടെ സഹായംകൊണ്ടുതന്നെ യഥാൎത്ഥനളനെ അവൾ മനസ്സിലാക്കുകയും വരിക്കുകയും ചെയ്തു. ഇന്ദ്രൻ തുടങ്ങിയ ദേവന്മാർ നളനും ദമയന്തിയ്ക്കും ഈരണ്ടു വരങ്ങൾവീതം നല്കി മറഞ്ഞു. സന്തുഷ്ടരായ ദമ്പതികൾ രാജധാനിയിൽ സസുഖം താമസംതുടങ്ങി. അവൎക്ക് ഇന്ദ്രസേനൻ എന്നൊരു പുത്രനും ഇന്ദ്രസേന എന്നൊരു പുത്രിയും ജനിച്ചു.

ഈ സുഖവാസം കലിയെ അസൂയാകുലനാക്കി. ദമയന്തിയെ ലഭിക്കാഞ്ഞതുകൊണ്ടുള്ള പക വീട്ടുവാൻ കലി തീൎച്ചയാക്കി നളന്റെ അനുജനായ പുഷ്കരനെ ആവേശിച്ചു. പുഷ്കരൻ നളനുമായി ചൂതുപൊരുതി. കലിയുടെ സഹായത്താൽ നളന്റെ രാജ്യവും സമ്പത്തും മുഴുവൻ അവനു കൈവശമാക്കുവാൻ സാധിച്ചു. മഹാരാജാവിനു രാജ്യം ഉപേക്ഷിച്ചു ദമയന്തിയോടുകൂടി കാട്ടിലേയ്ക്കു പോകേണ്ടതായും വന്നുകൂടി. ദമയന്തി അവൎക്കുവന്ന ദുഷ്കാലം മനസ്സിലാക്കി പുത്രനേയും പുത്രിയേയും വിദൎഭരാജ്യത്തേയ്ക്കു് അയച്ചു രക്ഷപ്പെടുത്തി.

കാട്ടിൽവച്ചു രാജദമ്പതികൾക്കു പല ക്ലേശങ്ങളും അനുഭവിക്കേണ്ടതായി വന്നു. ഒരിക്കൽ കുറെ പക്ഷികളെ പിടിപ്പാനായി നളൻ വസ്ത്രമഴിച്ചു വലവച്ചു. കലിയുടെ പ്രവൃത്തിയാൽ ആ പക്ഷികൾ വസ്ത്രവുംകൊണ്ടു് ആകാശത്തേയ്ക്കുയൎന്നു. നളൻ എന്തുചെയ്യും? പ്രിയതമയുടെ വസ്ത്രത്തിൽ പകുതി വാങ്ങിയുടുത്തു് അവർ യാത്രതുടൎന്നു. ഒടുവിൽ കാട്ടിൽവച്ചുതന്നെ പതിവ്രതയായ ദമയന്തിയെ ഉപേക്ഷിച്ചു നളൻ നടകൊണ്ടു.

നിസ്സഹായനായ നളൻ അങ്ങനെ ഘോരവനത്തിൽ നടക്കുമ്പോൾ ഒരു നിലവിളികേട്ടു. കാട്ടുതീ

യിൽ അകപ്പെട്ട നാഗരാജാവായ കാക്കോടകൻെറ രോദനമായിരുന്നു അതു്. മഹാരാജാവു് ഉടനെ പാമ്പിനെ രക്ഷപ്പെടുത്തി. കാക്കോടകനാകട്ടെ, നളനെ ദംശിച്ചു വിരൂപനാക്കുകയാണു ചെയ്തതു്. "മഹാരാജാവേ, അവിടന്നു വ്യസനിക്കേണ്ട. അവിടത്തെ സാക്ഷാൽ രൂപം ഈ വസ്ത്രം ധരിച്ചാൽ വീണ്ടും കിട്ടുന്നതാണു്" എന്നു പറഞ്ഞു പന്നഗരാജൻ നളനു് ഒരു വസ്ത്രംകൊടുത്തു. അതിനുപുറമേ വിരൂപവേഷത്തിൽ അദ്ദേഹം കുറെക്കാലം അയോദ്ധ്യാരാജാവായ ഋതുപർണ്ണൻെറ സൂതനായി കാലം കഴിക്കണമെന്നും ഉപദേശിച്ചു. അതനുസരിച്ചു നളൻ കാടുവിട്ടു് അയോദ്ധ്യാരാജധാനിയിലെത്തി രാജാവിൻെറ തേരാളിയായി ബാഹുകനെന്ന പേരിൽ അവിടെ താമസം തുടങ്ങി.

ദമയന്തിയാകട്ടെ, ഭർത്താവിനെക്കാണാതെ കാട്ടിനീളെ അലഞ്ഞുതിരിയുമ്പോൾ ഒരു ഭയങ്കരസർപ്പം എതിരേ വരുന്നതുകണ്ടു നളനെ വിളിച്ചു കരഞ്ഞു. ഒരു വ്യാധൻ ആ സമയത്തു് അവിടെ എത്തിച്ചേരുകയും ദമയന്തിയെ രക്ഷിക്കുകയും ചെയ്തു. പക്ഷേ രാജപത്നിയുടെ പാതിവ്രത്യത്തെ ഭംഗംവരുത്തുവാൻ മുതിന്നതുകണ്ടു് അവൾ ദുഃഖപരവശയായി. ദമയന്തി അവനെ ശപിക്കുകയും സാദ്ധ്വിയുടെ ശാപംകൊണ്ടു് ആ കാട്ടാളൻ നിർജ്ജീവനായിത്തീരുകയും ചെയ്തു. അനന്തരം ഭൈമി അവിടെനിന്നു പുറപ്പെട്ടു് ഒരുകൂട്ടം വ്യാപാരികളോടുകൂടി വളരെ ദൂരം സഞ്ചരിച്ചു ചേദിരാജ്യത്തെത്തി. രാജമാതാവിൻെറ കാരുണ്യംകൊണ്ടു് അവൾക്കു രാജധാനിയിൽ താമസിയ്ക്കുവാൻ കഴിഞ്ഞു.

നളനും ദമയന്തിക്കും സംഭവിച്ച അത്യാപത്തറിഞ്ഞു ഭീമമഹാരാജാവു് അവരെ കണ്ടുപിടിപ്പാൻ എ

ല്ലാരാജ്യങ്ങളിലേക്കും ദൂതന്മാരെ അയച്ചു. അവരിൽ
ഒരുവൻ ദമയന്തിയെ തിരിച്ചറിയുകയും രാജകല്പനയോ
ടുകൂടി വിദർഭരാജ്യത്തേയ്ക്കു കൊണ്ടുപോകുകയും ചെയ്തു.
പിന്നീടു ദമയന്തിയുടെ ഉത്സാഹം മുഴുവൻ നളനെ തി
രഞ്ഞുപിടിക്കുന്നതിലായിരുന്നു. ദൂതന്മാർ പറഞ്ഞ വി
വരങ്ങളിൽനിന്നു നളൻ അയോദ്ധ്യയിൽ താമസിക്കു
ന്നുണ്ടെന്നു് ഊഹിച്ചു ദമയന്തി അദ്ദേഹത്തെ വരുത്തു
വാൻ ഒരു ഉപായമെടുത്തു. ഒരൊററ ദിവസം മുമ്പുമാ
ത്രം രണ്ടാമതും തന്റെ സ്വയംവരമുണ്ടെന്നു ഋതുപർണ്ണ
നെ അറിയിച്ചാൽ അദ്ദേഹത്തോടുകൂടി നളൻ വന്നെ
ത്തുമെന്നു് അവൾക്കു തോന്നി. നളനു മാത്രമേ അത്ര
ചുരുങ്ങിയ സമയംകൊണ്ടു് അയോദ്ധ്യയിൽനിന്നു വിദ
ർഭത്തിൽ ഋതുപർണ്ണനെ എത്തിക്കുവാൻ സാധിക്കുകയുള്ളു
വെന്നു ദമയന്തിയ്ക്കു തീർച്ചയുണ്ടായിരുന്നു. അച്ഛന്റെ
അനുമതിയോടുകൂടി ഒരു ദൂതൻമുഖേന വിവരം ഋതുപ
ർണ്ണനെ അറിയിച്ചു.

ഋതുപർണ്ണൻ വിദർഭത്തിലേക്കു പുറപ്പെട്ടു. ബാഹുക
നായിരുന്നു തേരാളി. അശ്വഹൃദയവിദ്യയിൽ അ
ദ്ദേഹത്തിനുള്ള സാമർത്ഥ്യംകണ്ടു സന്തോഷിച്ചു മാർഗ്ഗമ
ദ്ധ്യേതന്നെ അതു പഠിച്ചു; പകരം ബാഹുകനു് അക്ഷ
ഹൃദയവിദ്യ ഉപദേശിച്ചു. അതോടുകൂടി നളനെ ബാ
ധിച്ചിരുന്ന കലി വിട്ടുമാറി.

കൃത്യസമയത്തു വിദർഭരാജ്യത്തു് എത്തിച്ചേർന്ന ന
ളനെ വിരൂപനായി കണ്ടതുകൊണ്ടു ദമയന്തി സംശയം
നീങ്ങാതെ വിഷാദിച്ചു. എങ്കിലും അദ്ദേഹത്തെ വരു
ത്തി കണ്ണുനീരോടുകൂടി സന്ദേഹങ്ങൾക്കു നിവാരണം വ
രുത്തി. കാർക്കോടകൻ കൊടുത്തിരുന്ന വസ്ത്രം ധരിച്ച
പ്പോൾ നളൻ വീണ്ടും സ്വന്തരൂപം പ്രാപിച്ചു. സന്തുഷ്ട

മനസ്സരായ ദമ്പതികൾ സ്വരാജ്യത്തേക്കു മടങ്ങി രാജ്യം മുഴുവൻ വീണ്ടെടുത്തു വളരെക്കാലം സുഖമായി വാഴുകയും ചെയ്തു.

## ൨൨. കച്ചവടം.

കച്ചവടമാണു കൃഷിയെക്കാൾ ഒരു രാജ്യത്തിന്റെ ശ്രേയസ്സിന്നു കൂടുതൽ ഉതകുന്നതെന്നു പരക്കെ വിശ്വസിച്ചുവരുന്നു. നിത്യജീവിതത്തിന് അത്യാവശ്യമുള്ള വസ്തുക്കളെല്ലാം ഒരു വ്യക്തിയെക്കൊണ്ടുതന്നെ ഉണ്ടാക്കുവാൻ കഴിയുന്നതല്ല. ഒരു കർഷകന് ഉല്പന്നങ്ങൾ ആവശ്യത്തിലധികം കൃഷിചെയ്ത് ഉണ്ടാക്കാമെങ്കിലും വസ്ത്രം, വീട്ടുസാമാനങ്ങൾ മുതലായവ നിർമ്മിക്കുവാൻ പ്രയാസമായിരിക്കും. തന്മൂലം അവനു കൃഷിയിൽനിന്നു കിട്ടുന്ന പദാർത്ഥങ്ങൾ കൊടുത്ത് ആവശ്യമുള്ള മററു വസ്തുക്കളെ വാങ്ങേണ്ടിവരുന്നു. എല്ലാവർക്കും ഈ ബുദ്ധിമുട്ടു നേരിടുന്നുണ്ട്. അതുകൊണ്ടു വസ്തുക്കളെ കൈമാററം ചെയ്യുന്ന സമ്പ്രദായം പ്രചാരത്തിലായി.

ഇങ്ങനെ പദാർത്ഥങ്ങൾ പരസ്പരം വിനിമയംചെയ്യുന്നതു് എളുപ്പമല്ല. നാണയങ്ങളുടെ പ്രചാരത്തോടുകൂടി വാണിജ്യം സർവ്വപ്രധാനമായ ഒരു തൊഴിലായിത്തീർന്നിരിക്കുന്നു. സ്വദേശവ്യാപാരമെന്നും വിദേശവ്യാപാരമെന്നും രണ്ടുതരം കച്ചവടമുണ്ട്. ഒരു നാട്ടിൽ കൃഷിചെയ്തുണ്ടാക്കുന്നതും അല്ലാത്തതുമായ സാധനങ്ങളെ ആ നാട്ടിൽത്തന്നെ ക്രയവിക്രയം ചെയ്യുന്നതിനാണു സ്വദേശവ്യാപാരമെന്നു പറയുന്നതു്. ഒരു രാജ്യത്തുണ്ടാകുന്ന കാർഷികവും വ്യവസായപരവുമായ ഉല്പന്നങ്ങളെ ഇതരദേശങ്ങളിൽക്കൊണ്ടുപോയി വിററ് അവിടങ്ങളിൽ

ആദായത്തിൽ കിട്ടുന്ന വസ്തുക്കളെ വാങ്ങുന്ന സമ്പ്രദായത്തിനു വിദേശവ്യാപാരമെന്നും പറയുന്നു. കേരളത്തിൽ കൃഷിചെയ്തുണ്ടാക്കുന്ന നെല്ല് ഇവിടെത്തന്നെ വിററഴിക്കുന്നതുകൊണ്ട് അതു സ്വദേശീയവാണിജ്യമാണ്. എന്നാൽ നാളികേരം, കുരുമുളക്, ചുക്ക്, മലഞ്ചരക്കുകൾ എന്നിവയെ വിദേശങ്ങളിൽ കൊണ്ടുപോയി വിററ് സ്ഫടികപ്പാത്രങ്ങൾ, ഇരുമ്പുസാമാനങ്ങൾ മുതലായവ വാങ്ങിക്കുന്നു. ഇതു വിദേശവാണിജ്യത്തിനും ഉദാഹരണമാണ്. അന്യനാട്ടുകളുമായുള്ള കച്ചവടംകൊണ്ടു രാജ്യങ്ങൾ തമ്മിൽ മൈത്രി ഉണ്ടാകുന്നതിനും പരിഷ്കാരം പരക്കുന്നതിനും ഇടയാകുന്നു. ഒരു നാട്ടിൽനിന്നും ചരക്കുകൾ കൊണ്ടുപോകുന്നതിനു കയററുമതിയെന്നും അന്യദേശങ്ങളിൽനിന്നു ചരക്കുകൾ കൊണ്ടുവരുന്നതിന് ഇറക്കുമതിയെന്നും പറയാറുണ്ട്.

കച്ചവടംകൊണ്ടു പലക്കും ധനികന്മാരാകുവാൻ കഴിയുന്നു. ചെറിയ തോതിൽ ആരംഭിച്ച കച്ചവടം നല്ലപോലെ ഗ്രഹിച്ചതിനുശേഷം മാത്രമേ വളരെ പണമിറക്കി അതു നടത്തുവാൻ പാടുള്ളൂ. ഇംഗ്ലീഷുകാൎക്കു ലോകോത്തരമായ പ്രാധാന്യം സിദ്ധിച്ചതും ഇന്ത്യാസാമ്രാജ്യം സ്വാധീനമായതും കച്ചവടത്തിൽ അവൎക്കുള്ള സാമൎത്ഥ്യംകൊണ്ടാണെന്ന് അറിയാത്തവരില്ല. അമേരിക്ക, ജൎമ്മനി, ജപ്പാൻ മുതലായ രാജ്യങ്ങളും ഈ വിഷയത്തിൽ ഇന്ന് ഒന്നാംകിടയിൽത്തന്നെ നില്ക്കുന്നു.

പുരാതനകാലത്തു ഗതാഗതസൌകൎയ്യങ്ങൾ കുറവായിരുന്നതിനാൽ വാണിജ്യം അഭിവൃദ്ധിപ്രാപിച്ചിരുന്നില്ല. എന്നാൽ ആവിക്കപ്പൽ, തീവണ്ടി മുതലായ വാഹനങ്ങൾ സുലഭമായിത്തീൎന്നതോടുകൂടി കച്ചവടം ഉന്ന

തസ്ഥിതിയെ പ്രാപിച്ചു. ഈ വാഹനങ്ങൾ ഉപയോഗിച്ച് ഒരു സ്ഥലത്തുനിന്നു മറെറാരു സ്ഥലത്തേയ്ക്കു ചരക്കുകൾ കൊണ്ടുപോകുന്നതിന് എളുപ്പമായിത്തീന്നിരിക്കുന്നു. ബാങ്കുസമ്പ്രദായം നടപ്പിൽ വന്നതും വ്യാപാരത്തിൻെറ അഭിവൃദ്ധിക്കു കാരണമായിട്ടുണ്ട്. ആവശ്യമനുസരിച്ചു പണം വാങ്ങുന്നതിനുള്ള സൌകര്യം ഈ ഏർപ്പാടുമൂലം പൊതുജനങ്ങൾക്കു സിദ്ധിക്കുന്നു. മിക്ക ഗവമ്മേണ്ടുകളും ഇക്കാലത്ത് ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കുന്നതും വ്യാപാരവിദഗ്ദ്ധന്മാരെ നിയമിക്കുന്നതും കച്ചവടത്തിൻെറ മേന്മയ്ക്കു സഹായമായിത്തീരുന്നുണ്ട്. ഇങ്ങനെ പ്രാചീനകാലത്തെ അപേക്ഷിച്ച് ഇക്കാലത്തു കച്ചവടം അതിപ്രധാനമായ ഒരു തൊഴിലായിത്തീന്നിരിക്കുന്നു.

---

## ൨൩. ബാലിയുടെ പരിഭവം.

"എന്തു ഞാനൊന്നു നിന്നോടു പിഴച്ചതു-
മെന്തിനെന്നെക്കൊലചെയ്തു വെറുതെ നീ?
വ്യാജേന ചോരധമ്മത്തെയും കൈക്കൊണ്ടു
രാജധമ്മത്തെ വെടിഞ്ഞതെന്തിങ്ങനെ?
എന്തൊരു കീത്തി ലഭിച്ചതിതുകൊണ്ടു
ചിന്തിയ്ക്ക രാജകുലോത്ഭവനല്ലോ നീ?
വീരധമ്മം നിരൂപിച്ചു കീത്തിയ്ക്കെങ്കിൽ
നേരെ പൊരുതി ജയിക്കേണമേവനും.
എന്തൊന്നു സുഗ്രീവനാൽകൃതമായതും
എന്തുമറെറന്നാൽ കൃതമല്ലയാഞ്ഞതും?

ആരറിയാത്തതു മൂന്നു ലോകത്തിലും
വീരനാമെന്നുടെ ബാഹുപരാക്രമം?
ലങ്കാപുരത്തെ ത്രികൂടാചലത്തോടും
ശങ്കാവിഹീനം ദശാസ്യനോടും കൂടെ
ബന്ധിച്ചു ഞാനരനാഴികകൊണ്ടു നി-
ന്നന്തികേ വച്ചു തൊഴുതേനമാദരാൽ.
ധമ്മമെന്തൊന്നു ലഭിച്ചതിതുകൊണ്ടു
നിർമ്മൂലമിങ്ങനെ കാട്ടാളനെപ്പോലെ
വാനരത്തെച്ചതിചെയ്തു കൊന്നിട്ടൊരു
മാനമുണ്ടായതെന്തെന്നു പറക നീ?
വാനരമാംസമഭക്ഷ്യമത്രേ തവ
മാനസേ തോന്നിയതെന്തിതു ഭൂപതേ?"

(രാമായണം)

## ൨൪. പക്ഷികൾ.

ജലത്തിൽ സഞ്ചരിക്കുന്നവ, കരയിൽ ജീവിക്കുന്നവ, ആകാശത്തിൽ പറക്കുന്നവ എന്നിങ്ങനെ ജീവികൾ മൂന്നുതരമുണ്ടല്ലോ. സ്ഥലഭേദമനുസരിച്ചു ജീവിക്കുവാൻ പാറുന്ന വിധത്തിൽ ഇവയ്ക്കു് ഓരോന്നിനും പ്രത്യേക രൂപത്തിലുള്ള അവയവങ്ങളുണ്ടു്. വെള്ളത്തിൽ നീന്തുവാൻ ഉപകരിക്കുന്ന പാദങ്ങളും പക്ഷങ്ങളും ജലജീവികൾക്കു് ഉള്ളതുപോലെ മനുഷ്യാദി ജന്തുക്കൾക്കു കാലുകളും, പക്ഷികൾക്കു ചിറകുകളും ഈശ്വരൻ ദാനംചെയ്തിട്ടുണ്ടല്ലോ. മാത്രമല്ല, ഒരു വഗ്ഗത്തിൽപ്പെട്ട ജീവികൾക്കുതന്നെ പല അവയവവിശേഷങ്ങളും നാം കാണുന്നു.

മത്സ്യങ്ങൾ ജലത്തിൽ നീന്തുന്നതുപോലെ പക്ഷികൾ ഗഗനത്തിൽ നീന്തുന്നുവെന്നു പറയാം. എന്നാൽ

ജലം വായുവിനേക്കാൾ ഘനംകൂടിയ പദാൎത്ഥമാകകൊണ്ടു മത്സ്യങ്ങൾക്കു ചലനംകൂടാതെ വെള്ളത്തിൽ സ്ഥിതിചെയ്യുവാൻ കഴിയുന്നതുപോലെ പക്ഷികൾക്കു സാധിക്കുന്നില്ല. ആകാശസഞ്ചാരത്തിനു പററിയ തരത്തിൽ ഘനം കുറഞ്ഞതാണു് അവയുടെ ശരീരവും ചിറകുകളും. മാൎദ്ദവവും ലാഘവവും ഏറിയ തൂവലുകളെക്കൊണ്ടു പ



ക്ഷികളുടെ ദേഹം ആവൃതമായിരിക്കും. കാഴ്ചയ്ക്കു വലിയതായി തോന്നുമെങ്കിലും ഒരു പക്ഷിയെ പിടിച്ചു തൂവൽ പറിച്ചുകളഞ്ഞാൽ അതിൻെറ ശരീരം വളരെ ചെറിയതാണെന്നു മനസ്സിലാകും. ശരീരത്തിനു് അകത്തുള്ള എല്ലുകളും വളരെ നേരിയതായിരിക്കും. ഉഷ്ണം, ശൈത്യം എന്നിവയിൽനിന്നു രക്ഷനേടുവാൻ തൂവൽ അവയെ സഹായിക്കുന്നു. മനുഷ്യരുടെ കൈകൾക്കും മൃഗങ്ങളുടെ മുൻകാലുകൾക്കും പകരം പക്ഷികൾക്കുള്ളതാണു ചിറകുകൾ. ഇതിലെ എല്ലുകൾ ശരീരത്തിൻെറ മ

റവഭാഗങ്ങളിൽ ഉള്ളവയേക്കാഠം, ലഘുതരമാകകൊണ്ടു പക്ഷികഠംക്ക് ഇവയെ എളുപ്പത്തിൽ ചലിപ്പിക്കുവാൻ കഴിയുന്നു. വായുവിന്ന് വെള്ളത്തേക്കാഠം ഘനം കുറവാ യതുകൊണ്ടു് ഈ ചിറകുകഠം ഉപയോഗിച്ച് ഖഗങ്ങഠം ക്കു മത്സ്യങ്ങളേക്കാഠം വേഗത്തിൽ സഞ്ചരിക്കാം.

മുട്ടയിൽനിന്നാണു പക്ഷിവൎഗ്ഗങ്ങളുടെ ജനനം. അതുകൊണ്ടു് ഇവയ്ക്കു് അണ്ഡജങ്ങളെന്ന പേരുണ്ട്. ചെറിയ പക്ഷികഠം ഗൎഭംധരിച്ചാൽ കൂടുകഠംകെട്ടി മുട്ടയിടുന്നു. അവയുടെ മുട്ടകഠം വേഗത്തിൽ തണുത്തുപോകുന്നതുകൊണ്ടു പൊരുന്നിയില്ലെങ്കിൽ അവ വിരിയുന്നതല്ല. ' എന്നാൽ വലിയ പക്ഷികഠം ഇടുന്ന മുട്ടകളുടെ ചൂടു വേഗം നശിക്കാത്തതിനാൽ ശുഷ്കതൃണങ്ങളിലും പൂഴിയിലും മുട്ടയിട്ടു സൂക്ഷിച്ചാൽ പൊരുന്നിയില്ലെങ്കിലും അവ വിരിഞ്ഞുകൊള്ളും. തന്മൂലം വലിയ പക്ഷികഠം സാധാരണയായി കൂടുകെട്ടാറില്ലത്രെ. മിക്ക പക്ഷികളും കൂടു നിൎമ്മിക്കുന്നതു വൃക്ഷശാഖകളിന്മേലാണ്. ചില പക്ഷികളുടെ കൂടുകഠം മനോഹരങ്ങളായിരിക്കും.

ആഹാരവ്യത്യാസത്തേയും സമ്പാദനമാൎഗ്ഗത്തേയും അനുസരിച്ചും പക്ഷികളുടെ കൊക്കുകഠം ഭിന്നങ്ങളാണ്. നെല്ല്, ചാമ മുതലായ ധാന്യങ്ങഠം കൊറിച്ചുതിന്നുന്ന തത്ത തുടങ്ങിയ പക്ഷികളുടെ തുണ്ഡങ്ങഠം ചെറിയതും ഉറപ്പുള്ളതുമാണ്. മരക്കൊത്താൻ മുതലായ പക്ഷികഠം വൃക്ഷങ്ങളുടേയും സസ്യങ്ങളുടേയും തൊലിയ്ക്കുള്ളിലിരിക്കുന്ന കൃമികളെ തിന്നു ജീവിക്കുന്നതുകൊണ്ടു് അതിനു പറ്റിയ നീണ്ടുകൂൎത്ത കൊക്കുകഠം അവയ്ക്കുണ്ട്. ഗരുഡൻ, കൂമൻ എന്നിവ മാംസംതിന്നു ജീവിക്കുന്നവയാണ്. പേനക്കത്തിപോലെ മൂൎച്ചയുംശക്തിയുമേറിയ ചഞ്ചുക്കഠം ഇത്തരം പക്ഷികഠംക്ക് ഉള്ളതുകൊണ്ടു് ഇവയ്ക്കു മാംസം

കൊത്തിയെടുത്തു ഭക്ഷിക്കുവാൻ കഴിയുന്നു. കാകനു മററ പക്ഷികളേക്കാൾ ഉറപ്പേറിയ കൊക്കാണുള്ളതു്.

പക്ഷികളുടെ കാലുകൾ ആകൃതിയിലും വലിപ്പത്തിലും വ്യത്യസ്തങ്ങളാണു്. ആകാശത്തിൽ പറന്നു നടന്നു് ഈച്ച, പാററ മുതലായ ക്ഷുദ്രജീവികളെ കൊത്തിത്തിന്നു ജീവിക്കുന്ന പക്ഷികളുടെ കാലുകൾ ചെറിയതായിരിക്കും. അവ പറക്കുമ്പോൾ ഈ കാലുകളെ ശരീരത്തോടു് അമത്തിപ്പിടിക്കുന്നതുകൊണ്ടു പലപ്പോഴും കാണുവാൻ തന്നെ കഴികയില്ല. വയലുകളിലും മററും ഇരതേടിനടക്കുന്ന കൊക്കു തുടങ്ങിയ അണ്ഡജങ്ങളുടെ പാദങ്ങൾ അതിദീൎഘങ്ങളാണു്. കൊക്കു പറക്കുമ്പോൾ കാലു നീട്ടിപ്പിടിക്കുന്നതു നിങ്ങൾ കണ്ടിട്ടില്ലേ? ശരീരത്തോടു് അമത്തിപ്പിടിക്കുവാൻ അതിനു കഴിയാത്തതുകൊണ്ടാണു് ഇങ്ങനെ ചെയ്യുന്നതു്. വെള്ളത്തിൽ നീന്തി, ഭക്ഷണം സമ്പാദിക്കേണ്ട താറാവു മുതലായ കുക്കുടവൎഗ്ഗത്തിൽപ്പെട്ട ചില പക്ഷികളുടെ കാൽവിരലുകൾ നേരിയ ഒരു തോലുകൊണ്ടു ബന്ധിക്കപ്പെട്ടിരിക്കും. അതുകൊണ്ടാണു് ഇവയ്ക്കു ജലത്തിൽക്കൂടി നിഷ്പ്രയാസം സഞ്ചരിക്കുവാൻ സാധിക്കുന്നതു്. കോഴിയ്ക്കു ധാന്യങ്ങളെ ചിക്കിത്തിന്നേണ്ടതായി വരുന്നതുകൊണ്ടായിരിക്കണം അതിനു് ഈശ്വരൻ നീണ്ട കാലുകൾ കൊടുത്തിരിക്കുന്നതു്.

ചില പക്ഷികൾക്കു പ്രത്യേകഗുണങ്ങൾ ഉള്ളതായി നാം കാണുന്നു. അതിദൂരത്തിൽ സ്ഥിതിചെയ്യുന്ന ഭക്ഷണപദാൎത്ഥങ്ങളെ കാണുവാൻ തക്ക വീക്ഷണശക്തി ഗരുഡനുണ്ടു്. കാക്കയുടെ അസാമാന്യമായ കൌശലവും തത്തയുടെ അനുകരണശക്തിയും പ്രസിദ്ധങ്ങളാണു്.

പക്ഷികളെക്കൊണ്ടു മനുഷ്യൎക്കു് ഉപകാരങ്ങൾ ഇല്ലാതില്ല. അവ രോഗാണുക്കളേയും മലിനപദാൎത്ഥങ്ങ

ളേയും തിന്നു നശിപ്പിക്കുന്നു. ചില പക്ഷികളുടെ തൂവൽ അലങ്കാരമായി ഉപയോഗിക്കാറുണ്ട്. മയിൽപ്പീലി അക്കൂട്ടത്തിൽപ്പെട്ട ഒന്നാണ്. കോഴി, താറാവ് തുടങ്ങിയ പക്ഷികളുടെ മാംസം ഉപയോഗിക്കുന്നവർ ചുരുക്കമല്ല.

## ൨൫. കുഞ്ചൻനമ്പ്യാർ.

ഓട്ടൻതുള്ളൽ കണ്ടിട്ടില്ലാത്ത കുട്ടികൾ ആരെങ്കിലുമുണ്ടോ? ഒരുതരം പ്രത്യേകവേഷംകെട്ടി അരങ്ങത്തുകയറി പാട്ടുകൊണ്ടും ആട്ടംകൊണ്ടും പ്രേക്ഷകരെ രസിപ്പിക്കുന്ന ഒരു വിനോദമാണിത്. നമ്മുടെ നാട്ടിൽ ഈ അടുത്ത കാലംവരെ ഓട്ടൻതുള്ളലിനു വലിയ പ്രചാരമുണ്ടായിരുന്നു. ഈ വിനോദം ആദ്യമായി തുടങ്ങിയതു കുഞ്ചൻനമ്പ്യാർ എന്നു പേരുള്ള ഒരു മഹാകവിയാണ്.

അദ്ദേഹം ഉത്തരകേരളത്തിൽ ഒററപ്പാലത്തിനടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന സ്ഥലത്താണു ജാതനായതു്. ആ മഹാകവി ജനിച്ചിട്ട് ഇരുനൂറുകൊല്ലത്തിൽ അധികമായി. നമ്പ്യാരുടെ മാതാപിതാക്കന്മാരെപ്പററി നമുക്കു വിശ്വസിക്കത്തക്ക വിവരങ്ങൾ ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. ബാല്യകാലത്ത് അദ്ദേഹം മലയാളം, സംസ്കൃതം എന്ന ഭാഷകൾ നല്ലപോലെ അഭ്യസിച്ചു. പ്രായമായപ്പോൾ രസികനായ നമ്പ്യാർ തിരുവിതാംകൂറിലെ കിടങ്ങൂർ, അമ്പലപ്പുഴ മുതലായ സ്ഥലങ്ങളിൽച്ചെന്നു താമസിച്ചിട്ടുണ്ട്. അമ്പലപ്പുഴവച്ച് അദ്ദേഹത്തിനു ചില ഗുരുക്കന്മാർ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവിടെ താമസിക്കുന്ന കാലത്തു കുഞ്ചൻനമ്പ്യാർക്കു ചെമ്പകശ്ശേരി രാജാവുമായി പരിചയ

പ്പെട്ടവാനിടവന്നു. പിന്നീട്ട് അദ്ദേഹം തിരുവനന്ത പുരത്തും കുറെക്കാലം താമസിച്ചിട്ടുണ്ട്.

നമ്പ്യാർ തുള്ളപ്പാട്ട് ഉണ്ടാക്കിയതിനെപ്പററി രസ കരമായ ഒരു കഥയുണ്ട്. അദ്ദേഹത്തിൻെറ കാലത്തി നമുമ്പ് ഈ വിനോദസമ്പ്രദായം നടപ്പുണ്ടായിരുന്നില്ല. ചാക്യാർകൂത്തിന്ന് അക്കാലത്തു വളരെ പ്രചാരമുണ്ടാ യിരുന്നു. കൂത്തുപറയുമ്പോൾ മിഴാവുകൊട്ടേണ്ട ജോലി നമ്പ്യാന്മാൎക്കായിരുന്നു. കുഞ്ചൻനമ്പ്യാരും ജാതിത്തൊ ഴിൽ സ്വീകരിച്ചു മിഴാവുകൊട്ടുക പതിവായിരുന്നു. ഒരു ദിവസം അമ്പലപ്പുഴ ക്ഷേത്രത്തിൽ ഒരു ചാക്യാർ കൂത്തു പറയുമ്പോൾ കുഞ്ചൻനമ്പ്യാരാണ് മിഴാവു കൊട്ടിയിരു ന്നതു്. എന്നാൽ കൂത്തിനിടയ്ക്കു നമ്പ്യാർ ഉറങ്ങിപ്പോ യതുകൊണ്ടു താളം പിഴയ്ക്കുവാൻ ഇടയായി. ഇതു മന സ്സിലാക്കിയ ചാക്യാർ നമ്പ്യാരെ കൂത്തുപറയുന്നതിനിട യ്ക്കുതന്നെ കളിയാക്കി. ഇത്തരം ശകാരത്തിനു കൂത്തുന ടക്കുമ്പോൾ ഉത്തരംപറയുവാൻ പാടില്ലെന്നു ചട്ടമുണ്ട്. അതുകൊണ്ടു നമ്പ്യാർ ക്ഷമയോടുകൂടി തൽക്കാലം ചാ ക്യാരുടെ ശകാരം സഹിച്ചു; എങ്കിലും അദ്ദേഹം പ്രതി കാരം ചെയ്യാൻതന്നെ തീൎച്ചയാക്കി.

അന്നു രാത്രിമുഴവൻ ഉറക്കമിളച്ചു നമ്പ്യാർ കല്യാ ണസൌഗന്ധികം എന്ന കഥ തുള്ളൽപ്പാട്ടായിനിൎമ്മിച്ചു. പിറെറന്നാൾ ചാക്യാർ കൂത്തുതുടങ്ങിയ സമയത്തു വികൃ തമായ വേഷംധരിച്ചു കൂത്തരങ്ങിനുനേരെ ആ പ്രതികാ രപ്രിയൻ പ്രത്യക്ഷനായി പാട്ടുപാടി ആട്ടംതുടങ്ങി. ന മ്പ്യാരുടെ ഈ പുതിയ വിനോദസമ്പ്രദായം കണ്ടു കൂത്തി നു വന്നവരെല്ലാം അതു കാണുവാൻ ഓടിക്കൂടിയത്രെ. അതിന്നുശേഷം ഓട്ടൻതുള്ളൽ വളരെ പ്രചാരത്തിൽ

വന്നു. കുഞ്ചൻനമ്പ്യാർതന്നെ അനേകം തുള്ളൽക്കഥകൾ രചിച്ചു തുള്ളൽക്കാരെ അഭ്യസിപ്പിച്ചിട്ടുണ്ട്.

പരമരസികനായിരുന്നു കുഞ്ചൻനമ്പ്യാർ. അദ്ദേഹത്തിൻെറ രസികത്വത്തെപ്പററിയുള്ള കഥകൾക്കു കണക്കില്ല. നമ്പ്യാർ അമ്പലപ്പുഴ രാജാവിൻെറ കൊട്ടാരത്തിൽ വസിക്കുന്നകാലത്തു് ഒരു സംഭവമുണ്ടായി. രാജാവിൻെറ ആശ്രിതനായി കൈപ്പിഴ നമ്പൂതിരി എന്നൊരാൾ ഉണ്ടായിരുന്നു. നമ്പൂതിരിയുടെ ദുഃപ്രേരണകൊണ്ടു കോവിലകത്തുള്ള മററുള്ളവൎക്കു യാതൊന്നും ചെയ്യുകൂടെന്നുവന്നു. എന്തുചെയ്യാലും നമ്പൂതിരി കുഴപ്പമുണ്ടാക്കും. ഇങ്ങനെ രാജഭൃത്യന്മാരെല്ലാം വിഷമിക്കുന്നതു നമ്പ്യാരുടെ അറിവിൽപ്പെട്ടു. അതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഒരുദിവസം കൈപ്പിഴ നമ്പൂതിരിയും മഹാരാജാവും ഒരുമിച്ചിരുന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ കുഞ്ചൻനമ്പ്യാർ ഒരു വലിയ ഭരണിയും താങ്ങിക്കൊണ്ടു് ആ വഴിക്കു കടന്നുപോകാൻ തുനിഞ്ഞു. എന്നാൽ രാജാവിൻെറ തിരുമുമ്പിൽ എത്തിയപ്പോൾ മനഃപൂൎവ്വം ഭരണി താഴെ ഇട്ടു. ഇതുകണ്ടു മഹാരാജാവു ചോദിച്ചു:—

മഹാരാജാവു്:—"നമ്പ്യാർ, എന്താണ് ഈ ചെയ്തതു്?"

നമ്പ്യാർ:—"തിരുമേനീ, കൈപ്പിഴ വന്നതുകൊണ്ടു നേരിട്ട ഗ്രഹപ്പിഴയാണു്; ക്ഷമിക്കണം."

നമ്പൂതിരിയുടെ മുഖംകറുത്തു. നമ്പ്യാർ തന്നെ ആക്ഷേപിക്കുകയാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. മഹാരാജാവും ആ രസികൻ പറഞ്ഞതിൻെറ സാരം ഉടനെ ഊഹിച്ചു. നമ്പൂതിരിയെ യാത്രയാക്കിയതിനുശേഷം നമ്പ്യാരെവിളിച്ചു കാൎയ്യം ചോദിച്ചപ്പോൾ മഹാരാജാവിനു "കൈപ്പിഴ" വരുത്തിക്കൂട്ടിയ കുഴപ്പങ്ങളെല്ലാം

മനസ്സിലായി. അതിൽപ്പിന്നെ നമ്പൂതിരി കോവിലകത്തു വന്നിട്ടില്ലത്രെ.

തിരുവിതാംകൂർ മഹാരാജാവായ മാർത്താണ്ഡവർമ്മയുടെ ക്ഷണനമനുസരിച്ച നമ്പ്യാർ തിരുവനന്തപുരത്തു താമസിച്ചിരുന്ന കാലത്തും ഇതുപോലെയുള്ള രസപ്രദമായ ഒരു സംഭവം ഉണ്ടായിട്ടുണ്ട്. രാജകല്പനയനുസരിച്ച നമ്പ്യാർ പക്കത്തിലാണ് ഊണു കഴിച്ചിരുന്നത്. ജനനാൽത്തന്നെ സദ്യപ്രിയനായിരുന്ന നമ്പ്യാക്ക്അവിടത്തെ വിഭവങ്ങളൊന്നും സുഖകരമായിത്തോന്നിയില്ല. ഭക്ഷണദാനത്തിനായി അനുവദിക്കപ്പെട്ടിട്ടുള്ള സംഖ്യയിൽ വലിയൊരുഭാഗം വിചാരിപ്പുകാർ മോഷണംചെയ്യുന്നതുകൊണ്ടാണു സദ്യയുടെ വട്ടങ്ങൾ അതൃപ്തികരമായിത്തീരുന്നതെന്ന് ആ മഹാവിദ്വാനു മനസ്സിലായി. ഈ ദുഷിച്ച നടവടി എങ്ങനെയെങ്കിലും മഹാരാജാവിന്റെ ദൃഷ്ടിയിൽപ്പെടുത്തണമെന്ന് അദ്ദേഹം ഉറച്ചു; അതിനുപററിയ അവസരവും പാത്തുകൊണ്ടിരുന്നു. അങ്ങനെയിരിക്കേ, ഒരുദിവസം മഹാരാജാവു മടപ്പള്ളി സന്ദശിക്കുകയുണ്ടായി. നമ്പ്യാർ ഉചിതാചാരങ്ങൾ പ്രകടിപ്പിച്ച പിന്നാലെ കൂടി. ആ സമയത്തു മടപ്പള്ളിയുടെ മുമ്പിൽനിന്നിരുന്ന ഒരു പശു ഇളകിയ ചാണകമിട്ടു. മഹാരാജാവ് അതു കണ്ടുവെന്നുനടിച്ച് നമ്പ്യാർ അവസരം പാഴാക്കാതെ "പാവം, പശു; നിനക്കും പക്കത്തിൽത്തന്നെയാണോ ഊണ്?" എന്നു പിറുപിറുത്തു. മഹാരാജാവിനു കാര്യം ഉടനെ മനസ്സിലായി. അന്നുമുതൽക്കു നമ്പ്യാക്കു കോവിലകത്ത് ഊണുമുറച്ചു.

ഇങ്ങനെ നമ്പ്യാരെപ്പററി അനവധി കഥകളുണ്ട്. അദ്ദേഹത്തിന്റെ ഈ രസികത്വം കവിതകളിലും നിറഞ്ഞുകാണാം. ആ മഹാകവി കളിയാക്കാത്ത സമുദായ

ങ്ങളും ജനങ്ങളുമില്ല. സമുദായദോഷങ്ങളെ പരിഹരിക്കുന്നതിന് അദ്ദേഹം കണ്ടുപിടിച്ച മാൎഗ്ഗമാണു പരിഹാസം. ഇങ്ങനെ സമുദായത്തേയും ഭാഷയേയും ഒരുമിച്ചു സേവിച്ച നമ്പ്യാർ പേപ്പട്ടികടിച്ചു ചരമഗതിയടഞ്ഞു. മരിക്കുമ്പോൾ അദ്ദേഹത്തിന് ഏതാണ്ട് അറുപതുവയസ്സു പ്രായമായിരിക്കണം.

---

## ൨൯. സീതാദുഃഖം.

ഒരു ദോഷം കൂടാതെന്നെക്കൊണ്ടന്നിട്ടി-
പ്പെരിയ വൻകാട്ടിലിട്ടേച്ചുടൻ പോവാൻ
ഒരു പുരുഷനും തോന്നുമോ ദൈവമേ!
ദുരിതം നമ്മുടെ നാരായണനംബോ. ൧

ഉടയവർ വെടിഞ്ഞാലവരെപ്പിന്നെ
തൊടുകയില്ലൊരു നായും കിനാവിലും
അടവിയിൽ വീണു ദുഃഖിക്കുമെന്നുടൽ
കടുവായും തൊടാ നാരായണനംബോ. ൨

മുറയിട്ടു കിടന്നിക്കൊട്ടും കാനനേ
വിരഹസന്താപമെത്തി വശംകെട്ടു
മറുകിത്തന്നെ കിടന്നിട്ടു നമ്മുടെ
മരണമാകുന്നു നാരായണനംബോ. ൩

അവനിപുത്രിയോളം ഭാഗ്യമുണ്ടായി-
ട്ടവനിയിലൊരു പെണ്ണില്ലെന്നിങ്ങനെ
സകല ലോകർ പുകഴ്ത്തുന്നതുമിന്നു
വിപരീതമായി നാരായണനംബോ. ൪

കുരളകേട്ട കളഞ്ഞതിന്നേതുമേ
പരുഷമില്ല നമുക്ക നിരൂപിച്ചാൽ
നരപതിക്ക പണ്ടാശ്രിതപാലനം
വിഹിതമായിട്ട നാരായണനംബോ. ൩

(ഇരുപത്തിനാലുവൃത്തം.)

## ൨൭. രഞ്ജിതസിംഹൻ.

ഇൻഡ്യയിൽ പല കാലങ്ങളിലായി പല പ്രത്യേക വൎഗ്ഗക്കാർ രാജ്യങ്ങൾ സ്ഥാപിക്കുകയും പ്രബലന്മാരായിത്തീരുകയും ചെയ്തിട്ടുണ്ട്. ഇവരിൽ ഒരു പ്രധാനവൎഗ്ഗമാണു സിക്കുകാർ. ഇവൎക്ക് ഒരു പ്രത്യേകമതവും വസ്ത്രധാരണരീതിയും രാജ്യഭരണസമ്പ്രദായവുമുണ്ട്. അനവധി പ്രസിദ്ധന്മാരായ ഈശ്വരഭക്തന്മാർ സിക്കുകാരുടെ ഇടയിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതു് അഭിമാനകരമായ ഒരു വസ്തുത തന്നെയാണു്. അപൂൎവ്വം ചില രാജ്യതന്ത്രനിപുണന്മാരും അവരുടെ കൂട്ടത്തിൽ ഉണ്ടായിട്ടുണ്ട്. അവരിൽ പ്രധാനിയാണു് രഞ്ജിതസിംഹൻ.

ഒരു സിക്കുനേതാവിന്റെ പുത്രനായി അദ്ദേഹം പഞ്ചാബിലെ ഒരു നഗരത്തിൽ ഉദ്ദേശം 150 കൊല്ലങ്ങൾക്കമുമ്പു ഭൂജാതനായി. രഞ്ജിതന്റെ കുടുംബം പഞ്ചാബിലെ സിക്കുകാരുടെ പ്രസിദ്ധങ്ങളായ തറവാടുകളിൽ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ ബാല്യകാലത്തു മസൂരിയെന്ന സാംക്രമികരോഗം ബാധിച്ചതുകൊണ്ടു് രഞ്ജിതനു് ഒരു കണ്ണു നഷ്ടപ്പെട്ടു. ഒരു തരത്തിലുള്ള വിദ്യാഭ്യാസവും ഈ ധീരനു സിദ്ധിച്ചില്ല. എഴുതുവാനോ വായിക്കുവാനോ അദ്ദേഹത്തിനു് അറിഞ്ഞുകൂടാ

യിരുന്നു. പക്ഷേ നിർഭയം പോരാടുന്നതിനുള്ള ധൈര്യ്യവും പരിചയവും സമ്പാദിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ബാലനായിരിക്കുമ്പോൾതന്നെ രഞ്ജിതൻ യുദ്ധത്തിൽ പങ്കുകൊള്ളുകയും സമരക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടിക്കു പന്ത്രണ്ടു വയസ്സായപ്പോൾ പിതാവു ചരമഗതിയെ പ്രാപിച്ചു. പിതൃസ്വത്തു് അതിനുശേഷം മാതാവാണു സംരക്ഷിച്ചതു്. അമ്മയുടെ പ്രാപ്തിക്കുറവുകൊണ്ടു പല നഷ്ടങ്ങളും സാമ്പത്തികവിഷയത്തിൽ അവൎക്കു് അനുഭവിക്കേണ്ടിവന്നു. പക്ഷേ രഞ്ജിതനു പതിനാറു വയസ്സായപ്പോൾ അദ്ദേഹംതന്നെ ഭരണമെല്ലാം ഏറെറടുക്കുകയും നിപുണമായി കാര്യ്യങ്ങൾ നടത്തിപ്പോരുകയും ചെയ്തു.

രഞ്ജിതസിംഹൻ സിക്കുകാരുടെ പല രാജ്യവിഭാഗങ്ങളിൽ ഒന്നിന്റെ അധിപതിയായിത്തീൎന്നു. മറെറാരു വിഭാഗത്തിന്റെ ആധിപത്യംവഹിച്ചിരുന്ന ഒരു റാണിയുടെ പുത്രിയെ രഞ്ജിതസിംഹൻ പാണിഗ്രഹണം ചെയ്കയും അങ്ങനെ രണ്ടു വിഭാഗങ്ങളിൽ അദ്ദേഹത്തിനു തന്റെ ശക്തിയെ ചെലുത്തുവാൻ ഇടയാവുകയും ചെയ്തു. ഇതോടുകൂടി രഞ്ജിതന്റെ പ്രാബല്യ്യം വൎദ്ധിച്ചു. അക്കാലത്തു ലാഹോർനഗരം ഭരിച്ചിരുന്ന സിക്കുപ്രമാണികളുടെ ദുർഭരണം നിമിത്തം അവിടത്തെ ജനങ്ങൾ രഞ്ജിതസിംഹനെ അങ്ങോട്ടു ക്ഷണിച്ചു. ഒരു വലിയ സൈന്യത്തോടുകൂടി അദ്ദേഹം ലാഹോറിലെത്തി, മഹാരാജാവു് എന്ന സ്ഥാനപ്പേരോടുകൂടി ഭരണം തുടങ്ങി. ലാഹോറിൽനിന്നു ബഹിഷ്കരിക്കപ്പെട്ട സിക്കു നേതാക്കന്മാർ സംഘംചേൎന്നു രഞ്ജിതന്റെ ശക്തി കുറയ്ക്കുവാൻ

ശ്രമിച്ചു. ധീരനായ സിക്കനേതാവിന് അവരെയെല്ലാം തോല്പിച്ചു തന്റെ ആധിപത്യം കൂടുതൽ ഉറപ്പിക്കുന്നതിനു കഴിഞ്ഞു.

ഇക്കാലത്താണ് ബ്രിട്ടീഷു ഭരണം ഇൻഡ്യയിൽ പ്രബലമായതു്. ഇംഗ്ലീഷു സൈന്യത്തിന്റെ യുദ്ധസമ്പ്രദായവും ക്രമവും അദ്ദേഹത്തെ ആകർഷിച്ചു. സ്വന്തം സൈന്യങ്ങൾക്കു യൂറോപ്യന്മാരുടെ കീഴിൽ പരിശീലനം നല്കുന്നതിനായിരുന്നു അദ്ദേഹം പിന്നീട് ഉത്സാഹിച്ചതു്. ബ്രിട്ടീഷുകാരുമായി ചെയ്ത സന്ധിയോടുകൂടി ഈ സിക്കരാജാവിന്റെ ശക്തി മൂർദ്ധന്യത്തിലെത്തുകയും മററുള്ളവർ അദ്ദേഹത്തെ വല്ലാതെ ഭയപ്പെടുകയും ചെയ്തു.

ഇങ്ങനെ ഒരു നേതാവിന്റെ സ്ഥിതിയിൽനിന്നു മഹാരാജാവായി ഉയർന്ന രഞ്ജിതസിംഹൻ തന്റെ 59-ാമത്തെ വയസ്സിൽ നിര്യാതനായി. മരിക്കുന്നതിനുമുമ്പ് അദ്ദേഹം ഇരുപത്തഞ്ചുലക്ഷം രൂപ ദരിദ്രന്മാക്കു നൽകുന്നതിന് ആജ്ഞാപിച്ചിരുന്നു. സിക്കുകാർ ഇന്നും ഈ വീരനെ ബഹുമാനിക്കുകയും അദ്ദേഹത്തിന്റെ ജന്മദിനങ്ങൾ കൊണ്ടാടുകയും ചെയ്തുവരുന്നുണ്ട്.

---

## ൨൮. ഭീമന്റെ പൗരുഷം.

ദ്രുപദനന്ദിനി തന്റെ വചനമിങ്ങനെ കേട്ടു
നൃപതി മാരുതി ഭീമൻ, ചിരിച്ചുകൊണ്ടുരചെയ്തു;
"ചപലസ്ത്രീകളെപ്പോലെ കഥിക്കുന്നെന്തെടോ ബാലേ!
സഫലം നിന്നുടെ കാര്യം സപദി സംഭവിച്ചീടും,
ശുകവാണിമണേ! നിന്റെ ഹിതമെന്തെങ്കിലും ചെയ്വാ
സുകരം മാരുതിക്കിന്നു ധരിക്ക നീ മഹാഭാഗേ! (ൻ

ധരണീ സ്വർഗ്ഗപാതാളപ്രദേശങ്ങൾ മുഴവൻ ഞാൻ
തിരഞ്ഞു കാഞ്ചനപുഷ്പം വിരഞ്ഞുകൊണ്ടുപോരുമ്പോൾ
സുരന്മാർ ദാനവന്മാരും നരന്മാർ പന്നഗന്മാരും
ചരന്മാർ ചാരണന്മാരും പരന്മാർ പാർത്ഥിവന്മാരും
കടുക്കും കോപമോടെന്നെത്തടുക്കുംനേരമേ, പാഞ്ഞ്-
ങ്ങടുക്കുംഞാൻ ഗദ കയ്യിലെടുക്കും സംഗരേ നല്ല
മിടുക്കും വീര്യശൗര്യങ്ങൾ നടിക്കും കശ്മലന്മാക്കി-
ട്ടിടിക്കും കൈകളും കാലുമൊടിക്കും ദേഹമെപ്പേരും
പൊടിക്കും ഭൂമിയിലുള്ള പൊടിക്കും പാത്രമാക്കുംഞാൻ;
ഇടിക്കും മുഷ്ടികൾകൊണ്ടു പിടിക്കും മർദ്ദനം ചെയ്യും,
മദിക്കും താഡനം ചെയ്യും മുടിക്കും വൈരിവൃന്ദത്തെ;
കടിക്കും പാമ്പിനെപ്പോലെ കടക്കും മന്ദിരം തന്നിൽ
കിടക്കും വിത്തവും വാരിക്കൊടുക്കും വിത്തവുമെല്ലാം
അടക്കും സ്ഥാനമാനങ്ങളടക്കമെന്നിയേ വിശ്വ-
മടക്കും ഭീമസേനൻ! ഞാൻ നടക്കുമിങ്ങനെ ചൊറ-
മടക്കം മാരുതിക്കില്ല മടവാർ മൌലികേ ബാലേ,
വടക്കുദിക്കിനെ നോക്കി നടക്കും പർവ്വതമാശു
കടക്കും നമ്മുടെ മാർഗ്ഗം മുടക്കും വൈരികളെല്ലാം
കടക്കും കാലഗേഹത്തിൽ കിടക്കും കുംഭിപാകത്തിൽ
പൊടുക്കെന്നാശുനിൻകാര്യം ലഭിച്ചുപോരുവൻ ഭീമൻ”

(കല്യാണസൌഗന്ധികം തുള്ളൽ.)

## ൨൯. പരോപകാരം.

പക്ഷിമൃഗാദികൾക്കു് അന്യോന്യം സഹായിക്കാതെ ജീവിക്കുവാൻ കഴിയുമെങ്കിലും മനുഷ്യന് അതു സാദ്ധ്യമല്ല. മനുഷ്യർക്കു പരിഷ്കാരം സിദ്ധിക്കുംതോറും അ

ന്യോന്യസഹായത്തിന്റെ ആവശ്യകത അധികമായിട്ടാണു വരുന്നതു്. വാണിജ്യത്തിനും വ്യവസായത്തിനും മററം പരസഹായം കൂടാതെ കഴികയില്ല. എന്നാൽ ഇങ്ങനെയുള്ള പരസ്പരസഹായത്തെ പരോപകാരമെന്നു പറയുന്നില്ല. പ്രത്യുപകാരം ഇച്ഛിക്കാതെ ആവശ്യങ്ങൾ അനുസരിച്ചു ദയാപൂർവ്വം അന്യരെ സഹായിക്കുന്നതാണു പരോപകാരം.

മററുള്ളവരെ ഉപദ്രവിക്കാതെ അവരുടെ അഭിപ്രായങ്ങളേയും ജീവിതരീതികളേയും ബഹുമാനിച്ചു ജീവിക്കുമെന്ന വ്രതത്തോടുകൂടിയ ഒരാൾക്കു് ഈ ഗുണം പ്രയാസംകൂടാതെ സമ്പാദിക്കാവുന്നതാണു്. ഒരു പരോപകാരിക്കു് അനുകമ്പ, ഈശ്വരവിശ്വാസം എന്നിവ ഉണ്ടായിരിക്കണം. മനുഷ്യരോടു് ഈശ്വരനു് കാരുണ്യം ഉണ്ടെന്നുള്ള ബോധമുണ്ടെങ്കിൽ മാത്രമേ ഇതരന്മാൎക്കു് ഉപകാരംചെയ്യാൻ വേണ്ട സന്നദ്ധത ഉണ്ടാകയുള്ളു.

ഏതു നിസ്സാരനും അന്യരെ സഹായിക്കുവാൻ കഴിയും. നിർദ്ധനനായ ഒരു കൂലിക്കാരനു ശരീരംകൊണ്ടു് ഏതു ധനികനേയും സഹായിക്കാം. ധനികന്മാൎക്കു പണംകൊണ്ടും സ്വാധീനംകൊണ്ടും ദരിദ്രരെ സഹായിക്കുവാൻ കഴിയും. ഒരു വിദ്വാനു് അദ്ദേഹം സമ്പാദിച്ചിട്ടുള്ള ജ്ഞാനം അന്യൎക്കു് ഉപദേശിച്ചു് അവരെ വിജ്ഞന്മാരാക്കുന്നതിനും ഒരു രാജാവിനു മററു രാജാക്കന്മാരേയും സ്വന്തം പ്രജകളേയും സഹായിക്കുന്നതിനും സാദ്ധ്യമാണു്. ദാഹിച്ചുവരുന്ന ഒരാൾക്കു വെള്ളം കൊടുക്കുന്നതു പ്രതിഫലം ഇച്ഛിച്ചിട്ടല്ലെങ്കിൽ അതൊരു പരോപകാരകൃത്യമായിരിക്കും. ഒരു ധനികനു പല ഭൃത്യന്മാരേയും നിയമിച്ചു സ്വന്തം കാൎയ്യങ്ങൾ നടത്താവുന്നതു

പോലെ അവരുടെ കുടുംബങ്ങളെ സഹായിക്കുകയും ചെയ്യാമല്ലോ. ഇങ്ങനെ അവനവനു നഷ്ടം വരാതേയും അതേസമയത്തു് അന്യർക്കു ഗുണം വരുന്നതായുമുള്ള പ്രവൃത്തികൾ അനേകമുണ്ടു്.

സമുദായത്തിലുള്ള അനാചാരങ്ങളേയും നാട്ടിലെ ദാരിദ്ര്യത്തേയും മററും മാററുവാൻ പരിശ്രമിക്കുന്ന സമുദായസ്നേഹികൾ കുറവല്ല. അവർ ജീവിതസുഖങ്ങളെ ഉപേക്ഷിച്ചും സ്വന്തം പണം ചെലവുചെയ്തും ഈ പ്രവൃത്തികളിൽ ഏർപ്പെടുന്നു. ത്യാഗികളായ അവരെ പരോപകാരികളെന്നു പറയാവുന്നതാണു്. പക്ഷെ യശസ്സു്, മാനം എന്നിവ അവർ ആഗ്രഹിക്കുന്ന നിമിഷത്തിൽ അവരുടെ പരിശ്രമം പരോപകാരമാകയില്ലെന്നു തീർത്തു പറയാം. ഇതരന്മാരെ സഹായിക്കുന്നതിലുള്ള തൃപ്തി മാത്രമാണു പരോപകാരികളുടെ ശ്രമത്തിനുള്ള കൂലി.

ആത്മീയമായും ലൌകികമായും പരോപകാരം ചെയ്യാവുന്നതാണു്. ബുദ്ധൻ, ക്രിസ്തു, മഹമ്മദ്നബി എന്നീ മഹാപുരുഷന്മാർ ആത്മീയമായി ഉപകാരംചെയ്തു് മനുഷ്യവംശത്തെ രക്ഷിച്ചിട്ടുണ്ടു്. ലോകസംബന്ധമായ പരോപകാരം സാധാരണ ജനങ്ങൾക്കെല്ലാം ചെയ്യാവുന്നതാണെന്നും പറഞ്ഞുവല്ലൊ. എന്നാൽ വിരക്തിസമ്പാദിച്ചു യാതൊരു പ്രത്യുപകാരവും ആഗ്രഹിക്കാതെ മനുഷ്യരെ ഈശനിലേക്കുയർത്തുന്ന പരോപകാരമാണു് ഉത്തമമായിട്ടുള്ളതു്.

ആരേയെങ്കിലും സഹായിച്ചാൽ ആ സഹായത്തെ ആത്മപ്രശംസയോടുകൂടി പൊതുജനങ്ങളെ അറിയിക്കുന്നവൻ പരോപകാരികളുടെ ഗണത്തിൽ പെടു

ന്നില്ല. ഉപകാരമൊന്നും ചെയ്യാത്ത ഒരാളേക്കാൾ നി ന്ദ്യനാണ് അവൻ. അതുകൊണ്ട മററുള്ളവർ അറിയു വാൻ ആഗ്രഹിക്കാതേയും പകരം ഉപകാരം കാംക്ഷിക്കാ തേയും കഴിയുന്ന വിധത്തിൽ അന്യരെ സഹായിക്കുന്ന താണ യഥാൎത്ഥമായ പരോപകാരമെന്ന വിശദമായല്ലോ.

## ൩൦. ഗ്രന്ഥാലയങ്ങൾ.

ആധുനികകാലത്തു വളരെ പ്രചാരത്തിൽ വന്നിട്ടുള്ള ഒരു സ്ഥാപനമാണ ഗ്രന്ഥാലയം. നമ്മുടെ നാട്ടിൽ അച്ചടിവിദ്യ നടപ്പാകുന്നതിന മുമ്പുതന്നെ ഇത്തരം സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. നാട്ടിലെ രാജാക്കന്മാരും പ്രഭുക്കന്മാരും അനവധി ഗ്രന്ഥങ്ങൾ എഴുതിപ്പിച്ച് ഗ്രന്ഥപ്പുരകളിൽ സംഭരിച്ചു സൂക്ഷിക്കുവാൻ താൽപര്യം പ്രദൎശിപ്പിച്ചിരുന്നു. വിജ്ഞാനവിഷയത്തിൽ നമ്മുടെ പൂൎവ്വികന്മാൎക്കുണ്ടായിരുന്ന അഭിരുചിയാണ് ഇതിന കാരണം. പുരാതനഗ്രന്ഥപ്പുരകളുടെ അവശിഷ്ടങ്ങൾ ഇന്നും പല സ്ഥലത്തും കാണുന്നുണ്ട്. കോഴിക്കോട്ട്, കൊച്ചി, തിരുവിതാംകൂർ മുതലായ രാജാക്കന്മാർ ഇപ്പോഴും പണ്ടത്തെ ഗ്രന്ഥപ്പുരകളെ സശ്രദ്ധം സൂക്ഷിച്ചുവരുന്നു.

മധുരയിൽ കുറെക്കാലങ്ങൾക്കുമുമ്പ് അതിപ്രസിദ്ധമായ ഒരു ഗ്രന്ഥാലയം ഉണ്ടായിരുന്നതിന തെളിവുകളുണ്ട്. പാണ്ടിരാജാക്കന്മാരുടെ അധീനത്തിൽ അതു വളരെക്കാലം പ്രശസ്തമായി നടന്നുവന്നിരുന്നു. അതിൽ അനേകായിരം കയ്യെഴുത്തുഗ്രന്ഥങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നുണ്ട്. തെലുങ്ക്, തമിഴ്, കൎണ്ണാടകം,

സംസ്കൃതം എന്നീ ഭാഷകളിലെ പ്രസിദ്ധഗ്രന്ഥങ്ങളെല്ലാം ആ ഗ്രന്ഥാലയത്തിൽ സൂക്ഷിച്ചിരുന്നുവെന്നു പാശ്ചാത്യപണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുമുണ്ട്.

എന്നാൽ പരിഷ്കൃതരീതിയിൽ ഗ്രന്ഥാലയങ്ങൾ ആദ്യമായി സ്ഥാപിച്ചതു് അമേരിക്കക്കാരാണു്. ഏതാണ്ട് അര ശതാബ്ദകാലം മുമ്പ് ഗ്രന്ഥാലയപ്രസ്ഥാനം അമേരിക്കയിൽ നടപ്പായി. അവരെ അനുകരിച്ച ബ്രിട്ടീഷുകാരും മററു രാജ്യക്കാരും ഗ്രന്ഥമന്ദിരങ്ങൾ സ്ഥാപിച്ചിട്ടു മുപ്പതിലധികം കൊല്ലം കഴിഞ്ഞിരിക്കുന്നു. ഇക്കാലത്താകട്ടെ പരിഷ്കൃതരാജ്യങ്ങളിലെല്ലാംതന്നെ പുസ്തകങ്ങൾ ശേഖരിച്ചു ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യുന്ന സമ്പ്രദായം ധാരാളം നടപ്പിലായിട്ടുണ്ട്.

ബറോഡാമഹാരാജാവാണ് ഇന്ത്യയിൽ ആധുനികരീതിയിലുള്ള ഒരു ഗ്രന്ഥാലയം ആദ്യമായി സ്ഥാപിച്ചതു്. അമേരിക്കക്കാരനായ ഒരു വിദഗ്ദ്ധൻെറ മേൽനോട്ടത്തിൽ ഇരുപതുകൊല്ലങ്ങൾക്കുമുമ്പ് ഗവമ്മെണ്ടുവകയായി ബറോഡയിൽ സ്ഥാപിച്ച ആ ഗ്രന്ഥാലയം വലിയതോതിൽ ഇന്നും നടന്നുവരുന്നു. ഭാരതത്തിലെ ഇന്നത്തെ ഗ്രന്ഥാലയങ്ങളിൽവെച്ച് ഇന്ത്യാഗവമ്മെണ്ടിൻെറ 'ഇമ്പീരിയൽ ലൈബ്രറി'യാണ് അഗ്രിമസ്ഥാനം അർഹിക്കുന്നതു്. ഇതിനുപുറമേ മദ്രാസ്, ബോംബേ, കൽക്കട്ടെ, ലക്നോ മുതലായ സർവ്വകലാശാലകൾ ഗ്രന്ഥം ശേഖരിച്ചു സൂക്ഷിക്കുന്ന വിഷയത്തിൽ ഇക്കാലത്തു നല്ല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. നാട്ടുരാജ്യങ്ങളിലും ഇപ്പോൾ പുസ്തകങ്ങൾ ശേഖരിച്ചിട്ടുള്ള കേന്ദ്രങ്ങൾ കുറവല്ല.

ഇത്തരം സ്ഥാപനങ്ങൾ നാടിൻേറയും നാട്ടാരുടേയും അഭിവൃദ്ധിക്ക് അത്യാവശ്യമാണു്. നമ്മുടെ നാട്ടി

ലെ അധികം ജനങ്ങളും നാലുക്ലാസ്സു പഠിച്ചതിനുശേഷം ഉയൎന്ന വിദ്യാഭ്യാസത്തിനു തുനിയാതെ കുടുംബകാൎയ്യങ്ങളിൽ ഏൎപ്പെട്ടുവരുന്നു. അങ്ങനേയുള്ളവൎക്കു ജ്ഞാനം സിദ്ധിക്കുവാൻ പൊതുസ്ഥാപനമായ ഗ്രന്ഥാലയമല്ലാതെ മറെറാന്നില്ല. വലിയ തുക കൊടുത്തു പുസ്തകങ്ങൾ വാങ്ങി വായിക്കുവാൻ പണമോ അതിനു വേണ്ട താൽപൎയ്യമോ പൊതുജനങ്ങൾക്കു് ഉണ്ടായിരിക്കുകയില്ല. എന്നാൽ മാസംതോറും ഒന്നോ രണ്ടോ അണകൊടുത്തു ഗ്രന്ഥാലയങ്ങളിൽനിന്നു പുസ്തകമെടുത്തു വായിക്കുവാൻ സൌകൎയ്യമുണ്ടായാൽ ഗ്രാമവാസികളുടെ അറിവു വൎദ്ധിക്കുന്നതായിരിക്കും.

ഇക്കാലത്തു പട്ടണപ്രദേശങ്ങളിൽ വായനശാലകൾ സ്ഥാപിക്കുന്നതിനാണു ജനങ്ങളും ഗവൎമ്മെണ്ടും അധികം ഉത്സാഹം കാണിച്ചുവരുന്നതു്. എന്നാൽ ഗ്രാമംതോറും ഗ്രന്ഥമന്ദിരങ്ങൾ സ്ഥാപിച്ചാൽ മാത്രമേ ഗ്രാമവാസികൾക്കു് ഉപകാരപ്രദമാകുകയുള്ളു. അവൎക്കു പററിയ പുസ്തകങ്ങൾ തിരഞ്ഞെടുത്തു ശേഖരിക്കുവാനും ഈ വിഷയത്തിൽ അവൎക്കു വേണ്ട ഉപദേശം നല്കുവാനും വിദഗ്ദ്ധന്മാരെ നിയമിക്കേണ്ടതും ആവശ്യംതന്നെ. വിദ്യാഭ്യാസംകൊണ്ടു് സാമാന്യമായി ഗുണം സിദ്ധിക്കണമെങ്കിൽ ഗ്രാമങ്ങളിൽ വായനശാലകൾ സൌജന്യമായി നടത്തണം.

സ്വദേശാഭിമാനവും സദാചാരബോധവും ജനിപ്പിക്കുവാൻ പററിയ പുസ്തകങ്ങളാണു ഗ്രന്ഥാലയങ്ങളിൽ വേണ്ടതു്. അവയുടെ കെട്ടും മട്ടും ആകൎഷകമായിരിക്കണം. പുറമെ പ്രധാനപ്പെട്ട പത്രങ്ങളും ലൈബ്രറിയിൽ ഉണ്ടായിരിക്കുന്നതാണു്.

Samsuddin 0. K. 30. 0

Hamza 0-12-0.

# NEW SCHOOL BOOKS.

സാഹിത്യനേപത്ഥ്യം (Part II for Form V)

ടി (Part III for Form VI)

രാജസ്ഥാനസിംഹം — A. Group-Form IV

കൊച്ചി ഭൂമിശാസ്ത്രം (3-ാം ക്ലാസ്സിലേക്ക്)

ചരിത്രകഥാവലി—മൂന്നാംഭാഗം. (4-ാം ക്ലാസ്സിലേക്ക്)

നാലു സിദ്ധന്മാർ

(A Malayalam Non-detailed Text for Form I.)

Scout Vijayan (Non-detailed Text for Form II)

Bible Stories for Boys & Girls ,,

[illegible]മഞ്ജരി

(A Malayalam Non-detailed Text for Form II.)

Bharat Drawing Book No. 1. for Form I.

ഭാരതവിലാസം മലയാളം കോപ്പിപുസ്തകങ്ങൾ

4-ം 5-ം 6-ം നമ്പരുകൾ.

ഭാരത് ഇംഗ്ലീഷ് കോപ്പിപുസ്തകങ്ങൾ

1-ം 2-ം 3-ം നമ്പരുകൾ.

ഭാരത് സംസ്കൃതം കോപ്പിപുസ്തകങ്ങൾ

1-ം 2-ം 3-ം നമ്പരുകൾ.

മലയാളത്തിലെ എല്ലാ ലൈബ്രറിപുസ്തകങ്ങളും ആദായ വിലക്കു കൊടുക്കുന്നതാണ്.

---

ഭാരതവിലാസം പ്രസ്സ് ആൻറ് ബുക്ക്ഡെപ്പോ,

ഹൈറോഡ്, തൃശ്ശിവപേരൂർ.